**നം.എൽ.എഫ്.കെ.എം.എൽ/1000/2009** **തീയതി: 19.3.2010**

# കോട്ടയം ജില്ലയിലെ വൈക്കം നഗരസഭയുടെ 2007-08 സാമ്പത്തിക വർഷത്തെ ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് .

(1994 ലെ കേരളാ നഗരപാലിക നിയമം **298** (4)-ാം വകുപ്പ് 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ് , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും : ശ്രീ. എസ്.വിജയകുമാർ,
ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ലോക്കൽ ഫണ്ട് ഓഡിറ്റ്,
ജില്ലാ ഓഫീസ് ,കോട്ടയം

**ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

വൈക്കം നഗരസഭയുടെ 07-08 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചുകിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

മുനിസിപ്പാലിറ്റി 15.5.07 മുതൽ 16.8.09 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം (വരവ്/ ചെലവ്/വാർഷികം) | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം |
|---|---|---|
| 17.12.08 മുതൽ 31.12.08 വരെ<br>17.8.09 മുതൽ 29.8.09 വരെ | 07-08 ചെലവ് കണക്കുകൾ<br>07-08 വരവ് കണക്കുകൾ | ശ്രീ. എം.കുരുവിള ജോസഫ്<br>ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.പി.എ.റംലാബീവി<br>ശ്രീ.എം.എൻ.രാധകൃഷ്ണൻ<br>ശ്രീ.കെ.വി.സന്തോഷ്<br>ശ്രീമതി.എ.ഇന്ദുലേഖ<br>ശ്രീ.സി.ആർ.രതീഷ്<br>ശ്രീമതി.റസിയാ ബീവി<br>ശ്രീ.കെ.ശശീന്ദ്രൻ<br>ശ്രീമതി.സ്മിതാ ജി.നായർ<br>ശ്രീ.വി.കെ.പുഷ്പരാജ്<br>(ഓഡിറ്റർമാർ) |

**നിർവഹണാധികാരികൾ**

ചെയർമാൻ : അഡ്വ.പി.കെ.ഹരികുമാർ (1.4.07-31.3.08)

സെക്രട്ടറി : ശ്രീ.പി.എ.പയസ് 1.4.07 മുതൽ 31.3.08 വരെ

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ വിവരിക്കുന്ന ഭാഗങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

**ഭാഗം 1:- പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും

**ഭാഗം 2:- വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീത് പരിശോധനയിലും മുനിസിപ്പാലിറ്റിയുടെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3:- ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

മുനിസിപ്പാലിറ്റി ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം4:-ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

മുനിസിപ്പാലിറ്റിയുടെ വിവിധ ഇനങ്ങളിൽ ഉള്ളതും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയതുമായ വാർഷിക കണക്കുകളെ സംബന്ധിച്ച വിവരങ്ങൾ, സർട്ടിഫിക്കറ്റ് ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

## ഭാഗം 1 – പൊതു അവലോകനം

വൈക്കം നഗരസഭയുടെ **07-08** വർഷത്തെ ബജറ്റ് **19.3.07** (തീയതി)ൽ കൂടിയ കൗൺസിൽ യോഗം അംഗീകരിക്കുകയുണ്ടായി. ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് 109434192 രൂപയും ആകെ ചെലവ് 108257968 രൂപയും ആണ്.

ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം 07-08 വർഷത്തെ ആകെ വരവ് 41008104.66 രൂപയും ആകെ ചെലവ് 40871636.70 രൂപയും ആണ്.(പഞ്ചായത്തിന്റെ തനത് വിനിയോഗ ത്തിന് ലഭിച്ച യഥാർത്ഥ വരവ്(ഋണബാദ്ധ്യത കിഴിച്ചുള്ള വരവ്) 38144872.66 രൂപയാണ്)

മേൽ പറഞ്ഞ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ 52797 രൂപ മുനിസിപ്പാലിറ്റിക്ക് വരവ് ഇനങ്ങളിൽ നഷ്ടമുണ്ടായതായും 31450 രൂപ ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കാത്ത വിധത്തിൽ ചെലവ് ചെയ്തതായും കാണുന്നു. കൂടാതെ വിവിധ കാരണങ്ങളാൽ 163261 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.(വിശദവിവര ത്തിനായി ഈ റിപ്പോർട്ടിന്റെ 2,3 എന്നീ ഭാഗങ്ങളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു)

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതു വിവരങ്ങൾ താഴെകൊടുക്കുന്നു.

**വരവിനങ്ങൾ**

നിയമാനുസൃത നടപടികളുടെ അഭാവംമൂലം വരവിനങ്ങളിൽ ഗണ്യമായ കുറവ് ഉണ്ടായതായി കാണുന്നു. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ വിശദാംശങ്ങൾ രേഖപ്പെ ടുത്തുന്നില്ല. ഹാജരാക്കിയ അർദ്ധവാർഷിക വരുമാന പത്രികകളിൽ അർദ്ധവാർഷിക വരു മാനം രേഖപ്പെടുത്താതെ നികുതി മാത്രം രേഖപ്പെടുത്തിയാണ് പല സ്ഥാപനങ്ങളും ഹാജ രാക്കിയിട്ടുള്ളത്. നിരവധി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. അനേകം വ്യാപാരികൾ നഗരസഭാ ബിൽഡിംഗ് ലൈസൻസികൾ, കരാറു കാർ, അഡ്വക്കേറ്റുമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കടമുറികൾ ലേലം ചെയ്തു കൊടുത്തതിൽ അപാകതകൾ ഉണ്ടായിട്ടുണ്ട്.

**ചെലവിനങ്ങൾ**

ദളവാക്കുളം ബസ്സ് ടെർമിനൽ പണി തീർന്നിട്ട് വർഷങ്ങളായെങ്കിലും ടി സൗകര്യം ബസ് ഉടമകൾ വിനിയോഗിക്കാത്തതിനാൽ നഗരസഭയ്ക്ക് വലിയ നഷ്ടമാണ് ഉണ്ടായിട്ടു ള്ളത്. വൈദ്യുതി വിളക്കുകൾ സ്ഥാപിക്കൽ, ഉപഭോഗം നിയന്ത്രിക്കൽ, അറ്റകുറ്റപ്പണികൾ നിർവ്വഹിക്കൽ എന്നിവ സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ അധി കത്തുക വൈദ്യുതി ചാർജ്ജിനത്തിൽ ചെലവഴിക്കേണ്ടി വരുന്നു. വെള്ളക്കരം കുടിശ്ശികയി നത്തിൽ നഗരസഭ 4 കോടിയോളം രൂപ അടയ്ക്കേണ്ടതായിട്ടുണ്ട്. വാട്ടർ അതോറിറ്റിയു മായി ബന്ധപ്പെട്ട് നിയമപരമായ മാർഗ്ഗങ്ങൾ അവലംബിച്ച് യഥാർത്ഥത്തിൽ അടയ്ക്കാൻ ബാദ്ധ്യതയുള്ള തുക മാത്രം അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഖണ്ഡിക 3-5 പ്രകാരമുള്ള നിരീക്ഷണം കാണുക.

തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള പ്രവർത്തനങ്ങളിൽ അപാകത കൾ കണ്ടെത്തിയിട്ടുണ്ട്. വാർഷിക ഭരണ റിപ്പോർട്ട് സമയബന്ധിതമായി തയ്യാറാക്കി സമർപ്പിച്ചിട്ടില്ല എന്നും പൗരാവകാശരേഖ നിയമാനുസൃതം പ്രദർശിപ്പിച്ചിട്ടില്ല എന്നും കാണപ്പെട്ടു.

ജീവനക്കാരുടെ ആർജ്ജിതാവധി, അർദ്ധവേതനാവധി എന്നിവ കണക്കാക്കിയതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്. ശമ്പള പരിഷ്ക്കരണ കുടിശ്ശിക നൽകിയപ്പോൾ വീട്ടുവാടക ബത്ത നിരക്കു വർദ്ധനവിന് മുൻകാല പ്രാബല്യം നൽകിയതിനാൽ അധിക തുക കൊടുത്തിട്ടുണ്ട്. മുനിസിപ്പൽ പെൻഷൻ ഫണ്ടും ശരിയായ രീതിയിൽ പാലിച്ചു പോരുന്നില്ല.

ലൈബ്രറിസെസ്സിനത്തിൽ അടയ്ക്കേണ്ട തുക യഥാസമയം അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയതിനാൽ വൻ കുടിശ്ശിക ബാദ്ധ്യതയാണ് ഉണ്ടായിട്ടുള്ളത്. കുടുംബശ്രീയുടെ പ്രവർത്തനങ്ങളിൽ അപാകതകൾ ഉണ്ട്. മേലുദ്യോഗസ്ഥരുടെ നീരിക്ഷണം കുടുംബശ്രീയുടെ പ്രവർത്തനങ്ങളിൽ ഉണ്ടാകേണ്ടതാണ്.

**വികസന ഫണ്ട്.**

തൻവർഷം വികസന ഫണ്ടിനത്തിൽ 1,02,48,000/- രൂപ ലഭിച്ചു. 06-07-ലെ കാരിഓവർ തുകയായ 361998/- രൂപ ഉൾപ്പെടുത്തി ആകെ 1,06,09,998/- രൂപ ആണ് ആകെ വരവ്. 1,05,68,855/- രൂപ ചെലവുണ്ടായി. ആകെ ലഭ്യമായ തുകയുടെ 99.61% വിനിയോഗിച്ചതായി കാണുന്നു.

വാർഡു സഭകളുടെ നടത്തിപ്പിൽ ഒട്ടേറെ അപാകതകൾ കടന്നുകൂടിയിട്ടുണ്ട്. വിശദമായ പരാമർശങ്ങൾ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. റോഡ് പ്രവൃത്തികൾക്ക് ആവശ്യമായതിലും അധികം ടാർ നൽകിയതിന്റെ അധികച്ചെലവുണ്ടായി.

## ഭാഗം -2 വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**2-1) രസീതു പരിശോധന**

നഗരസഭയുടെ 15.5.07 മുതൽ 17.8.09 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നം | പരിശോധനാ വിവരം |
|---|---|
| എസ്.ബി.റ്റി -5397- | 17.8.09 |
| എസ്.ഐ.ബി | 17.8.09 |
| ധനലക്ഷ്മി ബാങ്ക് 8716 | 1.8.09 |
| ധനലക്ഷ്മി ബാങ്ക് 174 | 1.8.09 |
| വൈക്കം അർബൻ ബാങ്ക് | 17.8.09 |
| ജില്ലാ സഹകരണ ബാങ്ക് | 17.8.09 |
| എം.എഫ്.എ. 1 | 31.7.09 |
| എം.എഫ്.എ. 2 എ,ബി,സി | 17.8.09 |
| എം.എഫ്.എ. 3 | 31.5.09 |
| ഫെഡറൽ ബാങ്ക് | 31.5.09 |
| എസ്.ബി.ടി-8996 | 17.8.09 |

**2.2. രസീത് പ്രകാരം പിരിച്ച തുക അടവാക്കാത്തത് സംബന്ധിച്ച്**

നഗരസഭയിലെ എൽ.ഡി.ക്ലാർക്കായ ശ്രീ.ഷിനൂബ് 6.7.09 മുതൽ 3.8.09 വരെ രസീത് പ്രകാരം പിരിച്ച തുക അടവാക്കിയതായി കാണുന്നില്ല. വിശദാംങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നം/തീയതി | തുക |
|---|---|
| 13/1233/6.7.09 | 103/-രൂപ |
| 13/1234/3.8.09 | 180/- |
| 13/1235/3.8.09 | 120/- |
| 13/1236/3.8.09 | 750/- |
| 13/1237/3.8.09 | 180/- |
| 13/1238/3.8.09 | 1000/- |
| ആകെ | **2333/- രൂപ** |

പ്രസ്തുത തുക അടവാക്കാത്തതിനാലും 8.7.09 മുതൽ അനധികൃതമായി ഓഫീസിൽ ഹാജരാകാത്തതിനാലും 8.7.09 മുതൽ പ്രാബല്യത്തിൽ സെക്രട്ടറിയുടെ 27.7.09-ലെ ജി1-3490/09 നമ്പർ ഉത്തരവ് പ്രകാരം ടിയാനെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്തു. അടവാക്കാൻ അവശേഷിക്കുന്ന തുക ടിയാനിൽ നിന്നും ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2.3 ന്യൂന അടവ്**

**എ)** 30.11.07-ൽ 68/6761-ാം നമ്പർ രസീത് പ്രകാരം പിരിച്ച 8400/- രൂപയിൽ 8100/- രൂപ മാത്രമേ കളക്ഷൻ രജിസ്റ്ററിൽ ചേർത്ത് അടവാക്കിയിട്ടുള്ളൂ. കൂടാതെ 30.9.07-ൽ 46/4558-ാം നമ്പർ രസീത് പ്രകാരം പിരിച്ച 1100/- രൂപയിൽ 1000/- രൂപ മാത്രമേ കളക്ഷൻ രജിസ്റ്ററിൽ ചേർത്ത് അടവാക്കിയിട്ടുള്ളൂ. കുറവ് തുക 400/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്

ബി) 18.5.07-ൽ ചിട്ട രജിസ്റ്റർ പ്രകാരം 1345/- രൂപ പിരിവ് വന്നിരിക്കുന്നു. എന്നാൽ 1325/- രൂപയെ അക്കൗണ്ടിൽ അടവാക്കിയിട്ടുള്ളൂ. ടി തുക 28.6.07-ൽ 2254-ാം നമ്പർ രസീത് പ്രകാരം അടവാക്കിയതായി ചിട്ടയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഒരേ തുകയ്ക്ക് തന്നെ രണ്ടു തവണ രസീത് എഴുതിയതുമൂലം അക്കൗണ്ടിൽ ഇപ്പോഴും 20 രൂപയുടെ ന്യൂന അടവ് അവശേഷിക്കുന്നു. ടി തുക അടവാക്കേണ്ടതാണ്.

സി) രസീത് ബുക്കുകൾ പലതും എണ്ണൽ സാക്ഷ്യപത്രം രേഖപ്പെടുത്താതെയാണ് പിരിവിനായി അനുവദിച്ചു നൽകിയിരിക്കുന്നത്.

ഉദാ:- രസീത് ബുക്ക് നം:-75,90,150,197

ഡി) റദ്ദു ചെയ്യുന്ന രസീതുകളിലൊന്നും തന്നെ കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല.

ഉദാ:- രസീത് നം:-4408, 4426,4435,4441,6335,

**2.4 രസീത് നമ്പർ, രസീത് ബുക്ക് നമ്പർ എന്നിവ തിരുത്തി ഉപയോഗിച്ചത് സംബന്ധിച്ച്**

2006-07 സാമ്പത്തിക വർഷത്തെ ഉപയോഗ ശേഷം ബാക്കി വന്ന രസീത് ബുക്കുകൾ 2007-08 സാമ്പത്തിക വർഷം ഉപയോഗിച്ചപ്പോൾ രസീത് ബുക്കിന്റെ നമ്പരും രസീത് നമ്പരുകളും തിരിത്തിയതിനു ശേഷമാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| യഥാർത്ഥ രസീത് നം | തിരുത്തിയ രസീത് നം |
|---|---|
| 16901-18100 | 1-1200 |
| 18501-23500 | 1201-6200 |

അച്ചടിക്കപ്പെട്ട രസീത് ബുക്ക് നമ്പരും,രസീത് നമ്പരുകളും തിരുത്തിയതിനു ശേഷം രസീത് ഉപയോഗിച്ച് പണപ്പിരിവ് നടത്തുന്ന രീതി ശരിയല്ല. ആയത് തുടർന്ന് ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

കൂടാതെ രസീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ, അച്ചടിച്ചു വാങ്ങുന്ന രസീത് ബുക്കുകളുടെ നമ്പർ രേഖപ്പെടുത്തുന്നതായി കാണുന്നില്ല.

**2.5. ഇടപാടുകൾ നടക്കാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാത്തത്**

വൈക്കം നഗരസഭയിൽ നിലവിൽ ഇടപാടുകൾ നടക്കാത്ത പല അക്കൗണ്ടുകളും നില നിൽക്കുന്നതായി ഓഡിറ്റിൽ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ധനലക്ഷ്മി ബാങ്കിൽ ഇപ്പോഴും നിലനിൽക്കുന്ന കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നം:0048053000000174) നിന്നും വിവിധ ഇനങ്ങളിലായി ബാങ്ക് ചാർജുകൾ ഈടാക്കുന്നതുമൂലം പഞ്ചായത്ത് ഫണ്ടിൽ നഷ്ടം സംഭവിച്ചു വരുന്നുണ്ട്. 1.4.07 മുതലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.4.07-ലെ നീക്കിയിരിപ്പ് :- 1702.50/- രൂപ

30.4.2007 മുതൽ 30.9.2008-ന്റെ

വിവിധ കാരണങ്ങളാൽ കുറവ്:- 432.30

ചെയ്ത തുക

30.9.08-ലെ നീക്കിയിരിപ്പ് - 1270.20/- രൂപ

പ്രസ്തുത അക്കൗണ്ട് യഥാസമയം ക്ലോസ് ചെയ്ത് നീക്കിയിരിപ്പ് തുക മറ്റേതെങ്കിലും സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ ഇട്ടിരുന്നെങ്കിൽ മേൽ സൂചിപ്പിച്ച നഷ്ടം സംഭവിക്കില്ല എന്നുമാത്രമല്ല പലിശ ഇനത്തിൽ കുറച്ചു തുക നഗരസഭയ്ക്ക് ലഭിക്കുമായിരുന്നു.

ആയതിനാൽ കാര്യമായ ഇടപാടുകൾ നടക്കാത്ത അക്കൗണ്ടുകളെല്ലാം തന്നെ ക്ലോസ് ചെയ്ത് നീക്കിയിരിപ്പുകൾ ഇടപാടുകൾ നടക്കുന്ന അക്കൗണ്ടുകളിലേയ്ക്ക് മാറ്റുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**2.6 വസ്തു നികുതി**

**(1) നികുതി കണക്കാക്കിയതിൽ കുറവ്**

നഗരസഭയിലെ കെട്ടിടങ്ങളുടെ വസ്തു നികുതി വാർഷിക വാടകമൂല്യത്തിന്റെ അറ്റ തുകയുടെ 15% എന്ന നിരക്കിലാണ് ഈടാക്കുന്നത്. എന്നാൽ 2007-08 ഒന്നാം അർദ്ധ വർഷം താഴെപ്പറയുന്ന കെട്ടിടങ്ങളുടെ നികുതി കണക്കാക്കിയപ്പോൾ ടി നിരക്കിലും കുറവ് വന്നിട്ടുള്ളതായി കാണുന്നു. ആയത് ബന്ധപ്പെട്ടവരിൽ നിന്നും കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

| വാർഡ് നം/വീട് നം | ഉടമസ്ഥന്റെ പേര് | അറ്റ വാർഷിക വാടക മൂല്യം | നികുതി കണക്കാക്കേണ്ടത് | കണക്കാക്കിയത് | കുറവ് |
|---|---|---|---|---|---|
| 17/182 ഡി. | കൃഷ്ണകുമാരി ആർ. | 2680 | 402 | 398 | 4 |
| 15/55 എ | സന്തോഷ് ജോസ് | 58975 | 8846 | 5786 | 3060 |
| 16/63 സി | ആർ.ആനന്ദവല്ലി | 6050 | 908 | 758 | 150 |
| ആകെ | | | | | 3214/- |

**(2) അസ്സസ്സ് ചെയ്യാതെ നികുതി ഡിമാന്റ് ചെയ്തത്**

വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ചതിന് ശേഷം ആയിരിക്കണം ആയത് ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ 2007-08 മുതലുള്ള വസ്തു നികുതി നിർണ്ണയിച്ചതായി രേഖകൾ ഒന്നുമില്ല. അസസ്മെന്റ് രജിസ്റ്ററിൽ ഈ കെട്ടിടം അസസ് ചെയ്തതിന്റെ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

| വാർഡ് നം/കെട്ടിട നം | ഉടമസ്ഥന്റെ പേര് | നികുതി ഡിമാന്റ് ചെയ്തിട്ടുള്ളത് |
|---|---|---|
| 20/84 ഇ | ഇത്താഖ് ജോൺ | 136 |
| 20/61 ബി | എൻ.എം.രാജേന്ദ്രൻ | 624 |
| 20/129 സി | അനിൽ കുമാർ | 509 |
| 20/137 ബി | രാധാകൃഷ്ണൻ | 108 |
| 20/30 സി | അജിമോൻ | 98 |
| 20/148 എ | രത്നമ്മ | 152 |
| 18/292 ബി | സബിത ആർ.നായർ | 765 |
| 18/225 ഡി | ഭുവനേശ്വരിയമ്മ ആന്റ് സേതുനാഥ് | 578 |

നികുതി അസസ് ചെയ്യാതെ ഡിമാന്റ് ചെയ്യുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

**2.7 തൊഴിൽ നികുതി-ഡിമാന്റ് രജിസ്റ്റർ- ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.**

2007-08 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ നികുതി **ഈടാക്കേണ്ട** സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ആകെ വരുമാനം ഡിമാന്റ് ചെയ്ത നികുതി ഇവ രേഖപ്പെടുത്തിയിട്ടില്ല. അടച്ച നികുതി, രസീത് നം ഇവ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

**2.8 അർദ്ധവർഷ വരുമാന പത്രികകൾ-ആകെ വരുമാനം രേഖപ്പെടുത്തിയിട്ടില്ല.**

ചില സ്ഥാപനങ്ങൾ ജീവനക്കാരുടെ ആകെ അർദ്ധവർഷ വരുമാനം രേഖപ്പെടുത്താതെ നികുതി തുക മാത്രം രേഖപ്പെടുത്തിയാണ് അർദ്ധവർഷ വരുമാന പത്രികകൾ സമർപ്പിച്ചിരിക്കുന്നത്.ആയതിനാൽ ആകെ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ തൊഴിൽ നികുതി കണക്കാക്കിയിരിക്കുന്നത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഉദാ: കെ.എസ്. ആർ.റ്റി.സി വൈക്കം

ട്രാഫിക് ഓഫീസ് സ്റ്റാഫ് വൈക്കം

ലൈൻ സ്റ്റാഫ് വൈക്കം

**2.9 ആകെ വരുമാനത്തിൽ ബോണസ് ഉൾപ്പെടുത്തിയിട്ടില്ല.**

2007-08 വർഷത്തിൽ മിക്ക സ്ഥാപനങ്ങളും ജീവനക്കാരുടെ അർദ്ധവർഷ വരുമാന പത്രികകൾ സമർപ്പിച്ചിരിക്കുന്നത് ബോണസ്, ലീ സറണ്ടർ ഇവ ഉൾപ്പെടുത്താതെയാണ് (ഒന്നും രണ്ടും അർദ്ധവർഷം) .ആയതിനാൽ ആകെ വരുമാനത്തിൽ കുറവ് വരാനും അതനുസരിച്ച് തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വരാനും സാധ്യതയുണ്ട്. അർദ്ധവർഷ വരുമാനപത്രികകളിൽ ബോണസ്, മറ്റ് അലവൻസുകൾ (തൊഴിൽ നികുതി

കണക്കാക്കാക്കാവുന്നവ) ലീവ് സറണ്ടർ മുതലായവ ഉൾപ്പെടുത്തി ആകെ വരുമാനം കണക്കാക്കേണ്ടതും അതനുസരിച്ച് തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

**2.10. തൊഴിൽ നികുതി അടയ്ക്കാത്ത സ്ഥാപനങ്ങൾ**

2007-08-ലെ തൊഴിൽ നികുതിയുടെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|
| പ്രിൻസിപ്പൽ<br>വർമാസ് പബ്ലിക്ക് സ്കൂൾ വൈക്കം | I& II |
| കനാൽ ഓഫീസ് | I& II |
| ഹാൻടെക്സ് ഹൗസ്,വൈക്കം | I& II |
| സെൻട്രൽ എക്സൈസ് ഓഫീസ്,വൈക്കം | II |
| വൈക്കം കയർ മാറ്റ്സ് ആൻഡ് മാറ്റിക്ക്സ്<br>കോ-ഓപ്പറേറ്റീവ് സൊസൈറ്റി | II |
| വാർഡൻ-പ്രീമെട്രിക്ക് ഹോസ്റ്റർ | I |
| സെക്രട്ടറി,വൈക്കം,ടൗൺ സർവീസ്<br>സഹകരണ ബാങ്ക് ലിമിറ്റഡ് ആറാട്ടു<br>കുളങ്ങര | I & II |
| മാനേജർ-മുത്തൂറ്റ് ഫിനാൻസ്<br>കോർപ്പറേഷൻ | I & II |
| കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് വൈക്കം ശാഖ | I & II |
| മാനേജർ,യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ | I & II |

കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതിയിട്ടില്ലാത്തതിനാൽ കുടിശ്ശികയായി ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. തൊഴിൽ നികുതി അടച്ചിട്ടില്ലാത്ത സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2.11. തൊഴിൽ നികുതി -ട്രേഡേഴ്സ്**

2007-08 വർഷത്തെ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 132 പേരുടെ തൊഴിൽ നികുതി അടച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ട്രേഡേഴ്സ് | നികുതി | റിമാർക്ക്സ് |
|---|---|---|
| ദിലീപ് കുമാർ,<br>യൂഫണി ഇലക്ട്രോണിക്സ് | 180 | I & II |
| ബൈജു<br>അനുഗ്രഹാ സ്റ്റോഴ്സ് | 180 | I & II |
| കെ.മണി,<br>പാലച്ചുവട്ടിൽ,<br>ഓട്ടോറിക്ഷാ വർക്ക് ഷോപ്പ് | 450 | I & II |
| രാമചന്ദ്രൻ<br>മംഗലപ്പാടി സിൻസിയർ ഇലക്ട്രോണിക്സ് | 180 | I & II |
| മധുസൂദനൻ നായർ,<br>ഭാരത് പെട്രോളിയം | 1250 | II |
| ശ്രീകുമാരി<br>നെല്ലിപ്പറമ്പിൽ ബേക്കറി | 180 | II |
| അജി,<br>കളരിയ്ക്കൽ,<br>ടാക്സി ഹൗസ് | 300 | I & II |
| വി.മോഹനൻ,<br>മൂന്ന് വയലിൽ<br>വിജയ് ഓട്ടോമൊബൈൽസ് | 300 | II |
| പ്രൊപ്രൈറ്റർ,<br>കൈരളി ക്യാപ്പിറ്റൽ<br>ചിറ്റ്സ് | 300 | I & II |

| | | |
|---|---|---|
| അജീഷ് കെ.എം<br>മലയാളം കേബിൾ | 300 | I & II |
| എം.കെ.വേണുഗോപാൽ<br>മഠത്തിൽ പറമ്പിൽ<br>കരുൺ എഞ്ചിനിയറിംഗ് വർക്ക്സ് | 450 | I & II |
| വൈക്കം ടൗൺ ഉൾനാടൻ മൽസ്യതൊഴിലാളി സഹകരണ സംഘം | 450 | I & II |
| എം.പി.ഗീത<br>വലിയത്ത്,<br>അറ്റ്ലസ് സ്റ്റുഡിയോ | 180 | I & II |
| കുടുംബശ്രീ<br>കെ.എസ്.ആർ.റ്റി.സി ക്യാന്റീൻ | 180 | I & II |
| എം.തങ്കപ്പൻ<br>രാധാസ് ക്ലിനിക്ക് | 300 | I & II |

ടി വർഷത്തെ ട്രേഡേഴ്സ് തൊഴിൽ നികുതി ഈടാക്കാത്തവരിൽ നിന്നും പലിശ സഹിതം നികുതി ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കുടിശ്ശിക ഡിമാന്റ രജിസ്റ്റർ എഴുതിയിട്ടില്ലാത്തതിനാൽ കുടിശ്ശിക യായി ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**2.12. തൊഴിൽനികുതി-നഗരസഭാ ബിൽഡിംഗ് ലൈസൻസികൾ കോൺട്രാക്ടർമാർ**

2007-08-ലെ തൊഴിൽ നികുതി ഡിമാന്റ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന നഗരസഭാ ബിൽഡിംഗ് സൂപ്പർവൈസർമാർ കോൺട്രാക്ടർമാർ എന്നിവർ തൊഴിൽ നികുതി അടച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

| നഗരസഭാ ബിൽഡിംഗ് സൂപ്പർവൈസർന്മാരുടെ പേര് | ആകെ വരുമാനം | നികുതി | അർദ്ധ വർഷം |
|---|---|---|---|
| കെ.ശ്രീദേവി | 31000 | 300 | II |
| കെ.പുരുഷൻ | 32000 | 300 | I & II |
| പി.കെ.കനകൻ | 34000 | 300 | I & II |
| ഷീലാ കുമാരി,<br>ഫോംസ് കേരള | 32000 | 300 | I & II |
| ബിനു.കെ.വി | 34000 | 300 | I & II |
| അശോകൻ.കെ. | 17000 | 120 | I & II |
| കെ.രാജൻ | 24000 | 180 | I & II |
| ലക്ഷ്മണൻ ആചാരി | 32000 | 300 | I & II |
| രാജിമോൾ പി.ആർ | 24000 | 180 | I & II |

<u>കോൺട്രാക്ടർമാർ</u>

| | | | |
|---|---|---|---|
| എൻ.തങ്കപ്പൻ | 29000 | 180 | I & II |
| കെ.ജി.ഗിരീശൻ | 32000 | 300 | I & II |
| റ്റി.ജി.ഗിരീശൻ | 32000 | 300 | I & II |
| എം.പി.ഷൺമുഖൻ | 76000 | 750 | I & II |
| സി.അജി | 110000 | 1000 | I & II |
| ഓസ്റ്റിൻ & ബേബി | 130000 | 1250 | I & II |
| രാജമ്മ | 80000 | 750 | I & II |
| പോൾ ജേക്കബ് | 33000 | 300 | I & II |
| രാധാകൃഷ്ണൻ | 40000 | 300 | I & II |
| കെ.രവിവർമമ | 130000 | 1250 | I & II |
| മനോജ് | 110000 | 1000 | I & II |
| അനിൽ | 110000 | 1000 | I & II |

തൊഴിൽ നികുതി അടച്ചിട്ടില്ലാത്ത നഗരസഭാ ബിൽഡിംഗ് സൂപ്പർവൈസർമാർ, കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്.

**2.13 തൊഴിൽ നികുതി ഡി.സി.ബി തയ്യാറാക്കിയിട്ടില്ല.**

2007-08 വർഷത്തെ തൊഴിൽ നികുതിയുടെ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ തന്നിരിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ വാർഷിക കണക്കിലെ തുക താൽക്കാലികമായി ഓഡിറ്റിൽ അംഗീകരിക്കുന്നു. 07-08 ലെ തൊഴിൽ നികുതിയുടെ ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**2.14 തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിൽ കുറവ്-ഈടാക്കിയിട്ടില്ല.**

2005ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ 3-ാം വകുപ്പ് പ്രകാരം നഗരസഭാ പ്രദേശത്ത് പ്രാക്റ്റീസ് ചെയ്യുന്ന അഭിഭാഷകന് 1250/- രൂപ അർദ്ധവാർഷിക നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 07-08 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം ടി നിരക്ക് അഭിഭാഷകർക്ക് ഡിമാന്റ് ചെയ്തതായും ഈടാക്കിയതായും കാണുന്നില്ല. വിശദവിവരം താഴെ പറയുന്നു.

| അഭിഭാഷകരുടെ പേര് | രേഖപ്പെടുത്തിയിരിക്കുന്ന വരുമാനം | ഡിമാന്റ് ചെയ്തിരിക്കുന്നത് | ഡിമാന്റ് ചെയ്യേണ്ടത് | റിമാർക്സ് |
|---|---|---|---|---|
| തോമസ്ചാക്കോ അഡ്വക്കേറ്റ് | 36000 | 300(i& II) | 1250((i& II) | (i& II) |
| സി.വി.എബ്രഹാം അഡ്വക്കേറ്റ് | 36000 | 300(i& II) | 1250((i& II) | (i& II) |
| പി.ജെ.തോമസ് അഡ്വക്കേറ്റ് | 36000 | 300(i& II) | 1250((i& II) | (i& II) |
| അരവിന്ദാക്ഷൻ അഡ്വക്കേറ്റ് | 36000 | 300(i& II) | 1250((i& II) | (i& II) |
| ലളിത അഡ്വക്കേറ്റ് | 36000 | 300(i& II) | 1250((i& II) | (i& II) |
| ഗഗനൻ അഡ്വക്കേറ്റ് | 36000 | 300(i& II) | 1250((i& II) | (i& II) |
| കൃഷ്ണകുമാർ അഡ്വക്കേറ്റ് | 36000 | 300(i& II) | 1250((i& II) | (i& II) |
| ഹരി മോഹനൻ, അഡ്വക്കേറ്റ് | 36000 | 300(i& II) | 1250((i& II) | (i& II) |

അകെ ഡിമാന്റ് ചെയ്തത് - 600×8= 4800

ആകെ ഡിമാന്റ് ചെയ്യേണ്ടത്-2500×8=20000

കുറവ് = 15200

ടിയിനത്തിൽ ഡിമാന്റ് ചെയ്തയിനത്തിൽ തന്നെ 15200/- രൂപ നഷ്ടമുണ്ടായതായി കാണുന്നു.

**2.15 പരസ്യനികുതി-ലേലത്തുക പൂർണ്ണമായും മുനിസിപ്പൽ ഫണ്ടിലൊടുക്കിയിട്ടില്ല.**

2007-08 വർഷത്തിൽ പരസ്യനികുതി ലേലത്തിൽ കുത്തകക്കാരനായത് ശ്രീ.ലാലു പാക്കുകണ്ടത്തിൽ തലയാഴം വൈക്കം എന്ന ആളാണ്. ടിയാൻ 43200/- രൂപക്കാണ് ലേലം ഉറപ്പിച്ചത്.ആദ്യഗഡുവായി മൂന്നിലൊന്ന് തുകയായ 14400/- രൂപ അടച്ചിരുന്നു. എന്നാൽ, പിന്നീടുള്ള ഗഡുക്കൾ മുടങ്ങുകയും മുനിസിപ്പൽ അധികൃതർ നോട്ടീസയക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 4000/- രൂപ കൂടി ടിയാൻ അടച്ചു അടവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക | രസീത് നമ്പർ | തിയതി |
|---|---|---|
| 5000/- | 15068 | 28.2.07 |
| 9400/- | 16214 | 22.3.07 |
| 4000/- | 3430 | 14.8.07 |
| ആകെ | 18400/- | |

ഇപ്രകാരം 18400/- രൂപ അടച്ചിട്ടുണ്ട്. ബാക്കി തുക 24800/- രൂപ ഇനിയും അടയ്ക്കാൻ അവശേഷിക്കുന്നു. കുത്തകക്കാരനെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുള്ള തായി ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ടിയാൻ ഡെപ്പോസിറ്റ് വച്ചിട്ടുള്ളതായി കാണുന്നില്ല.

ടി സാഹചര്യത്തിൽ 24800/- രൂപ 24% പിഴയോടുകൂടി (ലേല എഗ്രിമെന്റ് പ്രകാരം) ടി കുത്തകക്കാരനിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കേണ്ടതായിട്ടുണ്ട്.

**2.16 ശ്രീമൂലം മാർക്കറ്റിലെ കടമുറി അനുവദിച്ചത് സംബന്ധിച്ച്**

ശ്രീമൂലം മാർക്കറ്റിൽ ആകെ 10 കടമുറികൾ നഗരസഭ പണികഴിപ്പിച്ചിരുന്നു. ഇതിൽ മൂന്നെണ്ണം ഇറച്ചിസ്റ്റാൾ നടത്തുന്നതിനുവേണ്ടി വിട്ടുകൊടുക്കുന്നതിനും 7 സ്റ്റാളുകൾ ലേലം ചെയ്യുന്നതിനും തീരുമാനിച്ചിരുന്നു. പ്രതിമാസവാടക 1000/- രൂപ ആയി നിജപ്പെ ടുത്തി 20.5.06 ലും 30.6.06 ലും, 25.7.06 ലും ലേല/ക്വട്ടേഷൻ നോട്ടീസുകൾ പ്രസിദ്ധീകരി ച്ചെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തില്ല. തുടർന്ന് 5.1.07-ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 4-ാം നമ്പർ തീരുമാന പ്രകാരം പ്രതിമാസവാടക 400/- രൂപ ആയി കുറവു ചെയ്യുകയുണ്ടായി. അതിൻ പ്രകാരം 14.2.07-ൽ പുനർലേല/ക്വട്ടേഷൻ നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല.

ഈ സന്ദർഭത്തിൽ ശ്രീ.സുമിത്ബാബു, ശ്രീ.സജിത്ബാബു എന്നിവരെ നെഗോസി യേഷന് ക്ഷണിക്കുകയും 5.6.07-ലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 1-ാം നമ്പർ തീരു മാന പ്രകാരം 250/- രൂപ പ്രതിമാസ നിരക്കിൽ ടിയാന്മാർക്ക് വാടകയ്ക്ക് നൽകുന്നതിന് തീരുമാനിച്ചു. ആയത് 14.6.07-ലെ മുനിസിപ്പൽ കൗൺസിൽ യോഗത്തിൽ 1)(എ) ആയി അംഗീകരിച്ചു.

1994-ലെ കേരളാ മുനിസിപ്പൽ ആക്റ്റ്, സെക്ഷൻ 215(സി) പ്രകാരം ലൈസൻസ് പുതുക്കി നൽകുന്നതോ ഒരു ലൈസൻസിനെ പുനരധിവസിപ്പിക്കുന്നതോ ഒഴികെയുള്ള എല്ലാ സംഗതികളിലും പരസ്യ ലേലമോ ടെണ്ടർ മുഖാന്തിരമോ മാത്രമേ ലൈസൻസ് അനുവദിക്കാൻ പാടുള്ളൂ.

ഈ സാഹചര്യത്തിൽ രണ്ട് ആവശ്യക്കാരെ നെഗോസിയേഷന് ക്ഷണിക്കുകയും കൗൺസിൽ തീരുമാനിച്ചതിൽ നിന്നും വ്യത്യസ്തമായി കുറഞ്ഞ തുകയ്ക്ക് വാടക നിജ പ്പെടുത്തുകയും ചെയ്ത നടപടി ശരിയല്ല.

**2.17 വൈക്കത്തഷ്ടമി തറവാടക-ഡിമാന്റ് ചെയ്ത തുക മുഴുവൻ ഈടാക്കിയിട്ടില്ല- നഗരസഭയ്ക്ക് നഷ്ടം**

2007 വർഷത്തെ വൈക്കത്തഷ്ടമിയോടനുബന്ധിച്ച് നഗരസഭയുടെ വിവിധ ഭാഗ ങ്ങൾ ഫീസ് നിശ്ചയിച്ചുകൊണ്ട് കച്ചവടാവശ്യത്തിനും മറ്റുമായി അനുവദിച്ചു നൽകിയ തായി കാണുന്നു. തൻവർഷം ടി ഇനത്തിൽ ഡിമാന്റ് ചെയ്ത തുകയിൽ 5850/- രൂപ ഇനിയും ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | ഡിമാന്റ് ചെയ്ത തുക | ഈടാക്കിയ തുക | ഈടാക്കാൻ അവ ശേഷിക്കുന്ന തുക |
|---|---|---|---|
| സുരേഷ് കരിപ്പാശ്ശേരിൽ | 17000/- | 14700/- | 2300/- |
| ടി.വി.പുരം ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 3000/- | 1000/- | 2000/- |
| ടി.ഡി.തോമസ് | 12800/- | 12500/- | 300/- |
| ഷാജി, അർത്തുങ്കൽ | 3750/- | 3500/- | 250/- |
| സാലി,ചെമ്പംകുന്നേൽ | 4000/- | 3000/- | 1000/- |
| ആകെ | | | 5850/- |

ഈടാക്കാനവശേഷിക്കുന്ന തുക പിരിവിനു നിയോഗിക്കപ്പെട്ട കളക്ഷൻ സ്റ്റാഫ്, ടി കാലയളവിലെ റവന്യൂ ഇൻസ്പെക്ടർ, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

**2.18 ഡി ആന്റ് ഓ.ലൈസൻസ് ഫീസ്-നിശ്ചിത നിരക്കിലും കുറവ് ഈടാക്കി**

2007-08 വർഷത്തെ ലൈസൻസ് അപേക്ഷകരിൽ, താഴെപറയുന്ന അപേക്ഷകരിൽ നിന്നും നിശ്ചിത നിരക്കിൽ നിന്നും കുറവായാണ് ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്തത് ഈടാക്കിയിരിക്കുന്നത് എന്ന് അപേക്ഷയിലെ അന്വേഷണ റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര്, മേൽവിലാസം | വ്യാപാരം വ്യവസായം മുതലായവയുടെ സ്വഭാവം | ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| എ.ജെ.നെൽസൺ കസ്തൂരിമഠത്തിൽ | മരക്കൊത്തു പണി യന്ത്രസഹായത്താൽ | 500 | 250 | 250 |
| വിജയനാഥ പൈ മുരിങ്ങോനത്ത്,വൈക്കം (എ.എൻ.എം വൈദ്യശാല) | ആയുർവ്വേദ മരുന്നുകൾ വിൽപ്പന | 250 | 100 | 150 |
| പ്രസന്നകുമാർ ഞാറ്റുവീട്ടിൽ, തെക്കേനട, വൈക്കം | ആയുർവ്വേദ മരുന്നുകൾ വിൽപ്പന | 250 | 100 | 150 |
| ഓമന മുരളീധരൻ പുല്ലംവേലിൽ കൊമ്പു കവല | ആയുർവ്വേദ മരുന്നുകൾ വിൽപ്പന | 250 | 150 | 100 |
| സജിമോൻ ഇലമ്പലക്കാട് എൻ.ഇ.ബ്ലോക്ക് | അപ്പോൾസ്റ്ററി വർക്ക്സ് | 150 | 100 | 50 |
| ഡേവിഡ് മഠത്തിൽ, പടിഞ്ഞാറേക്കര വല്ലകം | ആയുർയ്വേദ മരുന്നുകൾ വിൽപ്പന | 250 | 100 | 150 |
| സതി മംഗലപ്പടിൽ വൈക്കം | ആയുർയ്വേദ മരുന്നുകൾ വിൽപ്പന | 250 | 100 | 150 |
| | ആകെ കുറവ് തുക1000 | | | |

ലൈസൻസ് ഫീ നിശ്ചിത നിരക്കിലും കുറവ് ഈടാക്കാനിടയായ കാരണം 21.8.09 -ലെ ഓഡിറ്റ് എൻക്വയറി നം 5/2009 പ്രകാരം ആരാഞ്ഞെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ കുറവ് തുകയായ 1000/- രൂപ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കി മുൻസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്.

**2.19 മുൻകൂർ**

നഗരസഭയിലെ ജീവനക്കാരും ഗുണഭോക്തൃസമിതി കൺവീനർമാരും കൈപ്പറ്റിയ മുൻകൂർ തുകകൾ അഡ്ജസ്റ്റ് ചെയ്തതായി കാണുന്നില്ല. ഗുണഭോക്തൃസമിതി കൺവീനർമാർ ടി പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ജീവനക്കാരുടെ മുൻകൂർ തുകകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം1 ആർട്ടിക്കിൾ 88 അനുശാസിക്കുംവിധമുള്ള തുടർ നടപടികൾ സ്വീകരിച്ച് മുൻകൂർ തുകകൾ പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| മുൻകൂർ കൈപ്പറ്റിയ തീയതി | കൈപ്പറ്റിയ ആൾ | തുക | ഇനവിവരം |
|---|---|---|---|
| 14.11.1963 | സി.വി.നാരായണപിള്ള ഹെൽത്ത് ഇൻസ്പെക്ടർ | 7.00 | കോട്ടയത്തിന് പോയതിന് മുൻകൂർ |
| 23.3.1965 | | 20.00 | എറണാകുളം യാത്ര |
| 3.1.1966 | സി.വി.നാരായണപിള്ള ഹെൽത്ത് ഇൻസ്പെക്ടർ | 20.00 | സ്റ്റേഷനറി വാങ്ങുന്നതിന് |

| | | | |
|---|---|---|---|
| 21.3.1966 | സി.വി.നാരായണപിള്ള ഹെൽത്ത് ഇൻസ്പെക്ടർ | 4.70 | ഏറ്റുമാനൂർ യാത്ര |
| 22.6.1966 | സി.വി.നാരായണപിള്ള ഹെൽത്ത് ഇൻസ്പെക്ടർ | 20.00 | തിരുവനന്തപുരം യാത്ര |
| 16.11.1967 | ,, | 10 | എറണാകുളം യാത്ര |
| 1968-69-ൽ (തീയതി ഇല്ല) | ,, | 21.00 | സ്ഥിരം ജീവനക്കാർക്ക് ഓണം അഡ്വാൻസ് |
| 8.9.1969 | ജി.വി.കരുണാകര പണിക്കർ | 50.00 | യാത്രപ്പടി മുൻകൂർ |
| 30.3.1970 | ഭാസ്ക്കരൻ നായർ ഹെൽത്ത് ഇൻസ്പെക്ടർ | 25.00 | യാത്രപ്പടി മുൻകൂർ |
| 13.8.1969 | കെ.മാധവൻനായർ, മാനേജർ | 10.00 | യാത്രപ്പടി മുൻകൂർ |
| 9.9.1969 | കെ.മാധവൻനായർ, മാനേജർ | 15.00 | യാത്രപ്പടി മുൻകൂർ |
| 30.3.1972 | ഡി.പുരുഷോത്തമൻ | 20.00 | പുസ്തകം വാങ്ങുന്നതിന് മുൻകൂർ |
| 16.11.1972 | ചെയർമാൻ | 100.00 | യാത്രപ്പടി |
| 3.4.1973 | ജി.പുരുഷോത്തമൻ | 10.00 | ലൈബ്രറി |
| 5.9.1973 | ജീവനക്കാരുടെ ഓണം അഡ്വാൻസ് | 45.00 | |
| 26.7.1973 | ചെയർമാൻ | 100.00 | യാത്രപ്പടി |
| 8.7.1974 | ചെയർമാൻ | 150.00 | യാത്രപ്പടി |
| 5.3.1975 | ചെയർമാൻ | 150.00 | യാത്രപ്പടി |
| 11.6.1975 | റ്റി.കെ.ജോൺ ഹെൽത്ത് ഇൻസ്പെക്ടർ | 10.00 | യാത്രപ്പടി |
| 12.9.1975 | റ്റി.കെ.ജോൺ ഹെൽത്ത് ഇൻസ്പെക്ടർ | 10.00 | യാത്രപ്പടി |
| 10.1975 | സോമശേഖരൻനായർ ഹെൽത്ത് ഇൻസ്പെക്ടർ | 7.25 | യാത്രപ്പടി |
| 23.7.1976 | എം.കെ.ശ്രീധരൻനായർ<br>റ്റി.കെ.ജോൺ ഹെൽത്ത് ഇൻസ്പെക്ടർ | 10.00<br>9.00 | യാത്രപ്പടി<br>യാത്രപ്പടി |
| 4.10.1978 | ചെയർമാൻ | 150.00 | യാത്രപ്പടി |
| 1.4.1978 | വി.കെ.ശങ്കരൻനായർ | 150.00 | യാത്രപ്പടി |
| 4.5.1978 | വി.എസ്.നായർ | 280.00 | യാത്രപ്പടി |
| 14.6.1978 | കെ.ഗോപാലൻ നായർ | 8.00 | യാത്രപ്പടി |
| 25.8.1978 | എൻ.ശശിധരൻനായർ | 50.00 | യാത്രപ്പടി |
| 28.9.1978 | ചെയർമാൻ | 150.00 | യാത്രപ്പടി |
| 8.11.1978 | ചെയർമാൻ | 150.00 | യാത്രപ്പടി |
| 8.12.1978 | വി.എസ്.നായർ | 477.90 | യാത്രപ്പടി |
| 8.12.1978 | വി.എസ്.നായർ | 214.29 | യാത്രപ്പടി |
| 8.9.1978 | പി.കെ.എബ്രഹാം | 25.00 | ഓണം അഡ്വാൻസ് |
| 20.2.1980 | കെ.എം.രാധാകൃഷ്ണൻ | 50.00 | യാത്രപ്പടി |
| 23.10.1980 | ശമ്പളം മുൻകൂർ | 10.00 | |
| 23.10.1980 | ശമ്പളം മുൻകൂർ | 100.00 | |
| തീയതി ഇല്ല | ഹെൽത്ത് ഇൻസ്പെക്ടർ | 40.00 | തെങ്ങുവെട്ടിമാറ്റിയതിന് |
| 19.6.1980 | ഹെൽത്ത് ഇൻസ്പെക്ടർ | 21.00 | ബങ്ക് മാറ്റി വെച്ചതിന് |
| 30.8.1982 | വി.എസ്.സുന്ദര രാജൻ ഹെൽത്ത് ഇൻസ്പെക്ടർ | 18.00 | സൈക്കിൾ അഡ്വാൻസ് |
| 30.8.1982 | മുരളീധരൻ | 75.00 | തെങ്ങിന് മരുന്ന് തളിക്കുന്നതിന് |
| 30.8.1982 | മാധവൻകുട്ടി ,യുഡി.സി | 35.00 | ഓണം അഡ്വാൻസ് |
| 5.9.1982 | സോമൻ ഹെൽത്ത് ഇൻസ്പെക്ടർ | 250.00 | ട്രാൻസ്ഫർ ടി.എ. |
| 29.11.1982 | കെ.വാസന്തി യു.ഡി.സി | 165.00 | ട്രാൻസ്ഫർ ടി.എ. |

| | | | |
|---|---|---|---|
| 30.8.1982 | ശ്രീനിവാസൻ | 75.00 | ട്രാൻസ്ഫർ ടി.എ. |
| 30..8.1982 | സോമൻ | 75.00 | ട്രാൻസ്ഫർ ടി.എ. |
| 30.8.1982 | വേണുഗോപാലൻ | 75.00 | ട്രാൻസ്ഫർ ടി.എ. |
| 16.9.1983 | എം.എം.ജോസഫ്<br>എൽ.ഡി.സി | 10.00 | യാത്രപ്പടി |
| 16.9.1983 | കെ.പി.മാത്യു<br>മുനിസിപ്പൽ എഞ്ചനീയർ | 70.00 | യാത്രപ്പടി |
| 16.9.1983 | വി.എസ്.സുന്ദരരാജൻ | 10.00 | യാത്രപ്പടി |
| 16.6.1984 | വി.എസ്.സുന്ദരരാജൻ<br>എച്ച്.ഐ. | 378.00 | യാത്രപ്പടി |
| 1980-87<br>തീയതി ഇല്ല | എ.ജോസഫ് | 10.00 | യാത്രപ്പടി |
| 1980-87<br>തീയതി ഇല്ല | ആർ.വി.ഹരികൃഷ്ണൻ നായർ<br>ഹെൽത്ത് ഇൻസ്പെക്ടർ | 40.00 | യാത്രപ്പടി |
| 1980 -87<br>തീയതി ഇല്ല. | എ.ജോസഫ് | 10.00 | യാത്രപ്പടി |
| 1980-87<br>തീയതി ഇല്ല | പ്രകാശ്<br>മുനിസിപ്പൽ കമ്മീഷണർ | 300.00 | യാത്രപ്പടി |
| 5.4.90 | ജി.ശ്രീകുമാർ | 44.00 | യാത്രപ്പടി |
| 14.6.90 | കെ.കെ.പുരുഷോത്തമൻ | 300.00 | യാത്രപ്പടി |
| 18.6.90 | ഹെൽത്ത് ഇൻസ്പെക്ടർ | 200.00 | കമ്പ്യൂട്ടർ വാങ്ങുന്നതിന് |
| 24.8.1990 | എസ്.ജയകുമാർ | 35.00 | ഓണം അഡ്വാനസ് |
| 17.1.1990 | പവിത്രൻ<br>കൗൺസിലർ | 150.00 | യാത്രപ്പടി |
| 17.1.1990 | സെൽഫ് | 195.00 | യാത്രപ്പടി |
| 21.8.1990 | എം.ഡി.പ്രകാശൻ<br>ഹെൽത്ത് ഇൻസ്പെക്ടർ | 35.00 | ഓണം അഡ്വാൻസ് |
| 5.1.1993 | പി.മുഹമ്മദ് | 100.00 | യാത്രപ്പടി |
| 6.11.1994 | കെ.ഡി.ദലീപ്കുമാർ<br>ഫിഷറീസ് പ്രോജക്റ്റിന് തറക്കല്ലിടുന്നതിന് | 9500.00 | |
| 21.1.1995 | ഹെൽത്ത് ഇൻസ്പെക്ടർ | 500.00 | റിപ്പബ്ലിക്ക് ദിനാഘോഷം |
| 21.11.1995 | കെ.ഡി.ദിലീപ് കുമാർ | 1500.00 | - |
| 21.11.1995 | കെ.വാസന്തി | 783. | - |
| 27.8.1995 | ആർ.രവീന്ദ്രപിള്ള<br>പി.ഡബ്ള്യു.ഓ 2 | 5000.00 | ചാത്തൻകുട്ടി റോഡ് നിർമ്മാണം |
| 13.9.1995 | ആർ.രവീന്ദ്രപിള്ള<br>പി.ഡബ്ള്യു.ഓ-2 | 4000.00 | എൻ.ആർ.ഐ.പ്രവൃത്തി |
| 14.3.1996 | ഡി.ദേവദാസൻ/ഡബ്ള്യു.എസ് | 4983.00 | |
| 24.4.1996 | കെ.ഡി.ദിലീപ് കുമാർ | 150.00 | മുനിസിപ്പൽ ബസ്സ്റ്റാൻഡിൽ മോഡേൺ കംഫർട്ട് സ്റ്റേഷൻ |
| 24.4.1996 | ഡി.ദേവദാസ് ഡബ്ള്യു.എസ് | 2500.00 | |
| 16.1.1997 | ഡി.ദേവദാസ് ഡബ്ള്യു.എസ് | 2750.00 | |
| 30.1.1997 | കെ.സി.മധുസൂദനൻ<br>ജെ.എച്ച്.ഐ.<br>കെ.സി.മധുസൂദനൻ<br>ജെ.എച്ച്.ഐ. | 1600.00<br><br><br>3933.00 | |
| 15.12.1997 | എം.ഡി.സോമൻ<br>ജെ.എച്ച്.ഐ. | 5000.00 | |
| 97-98 തീയതി ഇല്ല | കെ.മാധവൻ | 88.00 | |

| | | | |
|---|---|---|---|
| | കെ.കെ.പുരുഷൻ | 88.00 | സൈക്കിൾ അഡ്വാൻസ് |
| | ഒ.കെ.മോഹനൻ | 88.00 | സൈക്കിൾ അഡ്വാൻസ് |
| | എസ്.മോഹനൻ | 88.00 | സൈക്കിൾ അഡ്വാൻസ് |
| 24.10.1997 | കെ.സി.മധുസൂദനൻ എച്ച്.ഐ | 5000.00 | കേരളോൽസവം |
| 24.10.1997 | കെ.സി.മധുസൂദനൻ എച്ച്.ഐ | 3000.00 | |
| 14.4.1997 | ഡി. കൃഷ്ണൻ നായർ | 7676.00 | |
| 17.11.1997 | കെ.സി.മധുസൂദനൻ | 1840.00 | കേരളോൽസവം |
| 20.11.1997 | എം.ഡി.സോമൻ എച്ച്.ഐ | 500.00 | |
| 3.12.1997 | കെ.എ.ജയകുമാർ എച്ച്.ഐ. | 970.00 | |
| 3.12.1997 | എം.ഡി.സോമൻ എച്ച്.ഐ. | 750.00 | |
| 12.6.1998 | -ടി- | 9200.00 | സ്കൂട്ടർ അഡ്വാൻസ് |
| 27.5.1998 | കായിപ്പുറത്ത് കോളനി കമ്മിറ്റി കൺവീനർ | 25000.00 | കായിപ്പുറത്ത് റേഡ് |
| 18.6.1998 | കായിപ്പുറത്ത് കോളനി കമ്മിറ്റി കൺവീനർ | 100.00 | കായിപ്പുറത്ത് റോഡ് |
| 8.7.1998 | തട്ടുങ്കൽ കോളനി ഗുണഭോക്ത ൃസമിതി,കൺവീനർ | 2000.00 | |
| 22.7.1998 | കെ.പരമേശ്വരൻ | 998700 | മുനിസിപ്പൽ ജീപ്പിന് അഡ്വാൻസ് |
| 14.1.1999 | പി.തിലകകുമാരി | 750.00 | കെ.ആർ.ഒ.2826 നമ്പർ ജീപ്പിന് ഉപകരണങ്ങൾ |
| 18.12.1999 | ആർ.രമ പി.ഡബ്ള്യു.ഒ.-ii | 400.00 | ഫർണീച്ചർ ഇറക്കുന്ന തിന് |
| 28.5.1999 | കായിപ്പുറത്ത് കോളനി ഗുണഭോക്ത്യസമിതി കമ്മിറ്റി കൺവീനർ | 1000.00 | |
| 28.5.1999 | കായിപ്പുറത്ത് കോളനി ഗുണഭോക്ത്യസമിതി കമ്മിറ്റി കൺവീനർ | 6705.00 | |
| 19.6.1999 | കെ.ഡി.ദിലീപ് കുമാർ | 6233.00 | സ്കൂട്ടർ അഡ്വാൻസ് |
| 20.11.1999 | എസ്.രമ പി.ഡബ്ള്യു.ഒ ii | 1000.00 | വാഹനം രജിസ്റ്റർ ചെയ്യുന്നതിന് |
| 3.1.2000 | -ടി- | 300.00 | പുതിയ വാഹനത്തിന് പെർമിറ്റ് എടുക്കുന്ന തിന് |
| 18.9.1999 | ജോർജ്ജ് ജോസഫ് എച്ച്.ഐ | 13700<br>6233 | സ്കൂട്ടരർ അഡ്വാൻസ് |
| 9.2.2000 | നീലകണ്ഠൻ പോറ്റി | 150.00 | യാത്രപ്പടി |
| ഇല്ല | എ.വി.മോഹനൻ | 500.00 | ഒ.പി.920/98 നമ്പർ കേസിന് കൺസ്യൂമർ കോടതിയിൽ അടയ്ക്കുന്നതിന് |
| 7.9.2000 | ജോർജ്ജ് ജോസഫ് ജെ.എച്ച്.ഐ | 250.00 | മരംവെട്ടിമാറ്റുന്നതിന് |
| 24.10.2000 | എ.വി.മോഹനൻ | 1500.00 | പൈപ്പ് നന്നാക്കുന്നതിന് |
| ഇല്ല | എസ്.രമ പി.ഡബ്ള്യു.ഒ. ii | 540.00 | സ്ട്രീറ്റ് ലൈറ്റ് നന്നാക്കു ന്നതിന് |
| 1.3.2000 | കെ.എൽ.ബേബി | 100.00 | ജീപ്പിന്റെ ഹോൺ നന്നാ |

| | | | |
|---|---|---|---|
| | ഡ്രൈവർ | | ക്കുന്നതിന് |
| 20.3.2001 | പി.കമലസേനൻ എച്ച്.ഐ. | 12000 | ഫോട്ടോ കോപ്പിയർ നന്നാക്കുന്നതിന് |
| ഇല്ല | പി.കമലസേനൻ എച്ച്.ഐ. | 2000.00 | സെപ്റ്റി ടാങ്ക് നന്നാക്കുന്നതിന് |
| 11.7.2001 | കെ.പി.ബാലചന്ദ്രൻ | 150.00 | യാത്രപ്പടി |
| ഇല്ല | എൻ.സി.ഐസക്ക്,യു.ഡി.സി | 8360.00 | ബി.പി.എൽ. സർവ്വേ |
| 3.11.2001 | വി.വി.ശശികുമാർ എച്ച്.ഐ. | 500.00 | ഫുഡ് സാമ്പിൾ എടുക്കുന്നതിന് |
| 17.12.2001 | അഡ്വ.ജോർജ്ജ് വർഗ്ഗീസ് | 3250.00 | ഒ.പി.നമ്പർ 2870/2000 കേസിന് |
| 19.1.2002 | ഗുണഭോക്തൃസമിതി കൺവീനർ | 23000.00 | ദളവാക്കുളം ബണ്ട് ടെർമിനർ |
| 30.1.2002 | എൻ.സി.ഐസക്ക് യു.ഡി.സി | 1697.00 | ശമ്പളം |
| 13.8.2002 | പി.സുലഭ എൽ.ഡി.സി | 1000.00 | മസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഫോട്ടോ ചാർജ്ജ് |
| ഇല്ല | കെ.കെ.സാബു, ജെ.എച്ച്.ഐ | 1000.00 | സ്വാതന്ത്ര്യദിനാഘോഷം |
| 25.9.2002 | എൻ.സി.ഐസക്ക് യു.ഡി.സി | 240.00 | ഓണം അഡ്വാൻസ് |
| 27.9.2002 | റ്റി.അജിത് കുമാർ പി.ഡബ്ള്യൂ.ഒ. ii | 5000.00 | കൈതവേലി റോഡ് നിർമ്മാണം |
| 2.4.2002 | ആർ.രാജഗോപാൽ | 1750.00 | വക്കീൽ ഫീസ് |
| 2.4.2002 | കെ.ജെ.മാത്യു | 1000.00 | വക്കീൽ ഫീസ് |
| 23.1.02 | ജോ.ഐ. ജെ.എച്ച്.ഐ. | 1500 | റിപ്പബ്ലിക്ക് ദിനാഘോഷം |
| 23.1.02 | പി.കമലസേനൻ എച്ച്.ഐ. | 500 | യാത്രപ്പടി |
| 28.4.2003 | ജോ.ഐ , ജെ.എച്ച്.ഐ | 150 | യാത്രപ്പടി |
| 29.5.2003 | ഇ.കെ.ശിവൻ, ജെ.എച്ച്.ഐ. | 1500 | വാട്ടർ ബ്ലോക്ക് നീക്കുന്നതിന് |
| 24.8.2003 | എസ്.രമ | 80 | ഓണം അഡ്വാൻസ് |
| 29.10.2003 | ജോ.ഐ, ജെ.എച്ച്.ഐ | 350 | മുനിസിപ്പൽ ലോറിക്ക് ടെസ്റ്റിങ് ഫീസ് |
| 14.11.2003 | പി.കമലാസനൻ, എച്ച്.ഐ. | 1750 | ഫോഗിങ് മെഷീൻ നന്നാക്കുന്നതിന് |
| 14.11.03 | -ടി- | 10555 | ശിശുദിനാഘോഷം |
| 11.3.04 | -ടി- | 5000 | പുല്ലുകുളം വൃത്തിയാക്കൽ |
| 15.9.04 | എം.വി.സത്യൻ,പി.ഡബ്ല്യു. എസ്. | 1000 | വാഹനത്തിന്റെ ഓയിൽ പരിശോധന |
| 3.12.04 | വി. അജിത് കുമാർ, പി.ഡബ്ല്യു. ഒ. | 3000 | ജീപ്പ് നന്നാക്കുന്നതിന് |
| 11.3.05 | പി.വി. കുഞ്ഞൻ, ആർ.ഐ. | 2500 | നികുതി പിരിവ് |
| 18.3.05 | വി.എം. ലാലച്ചൻ, യു.ഡി.സി | 3000 | ആക്ട് വാങ്ങുന്നതിന് |
| 18.3.05 | എം.ടി. സത്യൻ, പി.ഡബ്ല്യു. എസ്. | 1500 | ലോറി നന്നാക്കുന്നതിന് |
| 25.5.05 | പി.ടി.ലീല, ലൈബ്രേറിയൻ | 200 | പാഴ്സൽ ഫീസ് അടയ്ക്കുന്നതിന് |
| 3.12.05 | കെ.ബാബു. ജെ.എച്ച്.ഐ | 7500 | കേരളോൽസവം |
| 6.1.06 | ഇ.കെ.ശിവൻ., ജെ.എച്ച്.ഐ. | 2500 | |
| 3.12.05 | കെ. മാധവൻ, സാനിട്ടേഷൻ | 19812 | വിവാഹ സഹായം |

| | | | |
|---|---|---|---|
| | വർക്കർ | | |
| 13.1.06 | പി.വി.കുഞ്ഞൻ, ആർ.ഐ. | 2000 | |
| 20.1.06 | സി.ഡി.പി.ഒ | 1000 | |
| 7.2.06 | പി.വി. കുഞ്ഞൻ, ആർ.ഐ. | 3000 | |
| 24.4.2006 | പി.വി.കുഞ്ഞച്ചൻ ആർ.ഐ | 2000 | |
| 19.7.2006 | സെക്രട്ടറി കാസർഗോഡ് സോഷ്യൽ സർവീസ് സൊസൈറ്റി | 450000 | |
| 25.9.2006 | പി.എച്ച്.റുഡോൾഫ് ബി.ഐ. | 25000 | |
| 7.10.06 | കെ.സി.മധുസൂദനൻ എച്ച്.ഐ. | 8500 | |
| 16.10.06 | ഇ.കെ.ശിവൻ, ജെ.എച്ച്.ഐ. | 6000 | |
| 27.10.06 | ഇ.കെ.ശിവൻ, ജെ.എച്ച്.ഐ. | 7000 | |
| 9.11.06 | എം.റ്റി.സത്യൻ, ഡബ്ള്യു.എസ്. | 6500 | |
| 25.11.06 | എം.റ്റി.സത്യൻ, ഡബ്ള്യു.എസ്. | 2500 | ടിപ്പർ സർവീസ് ചെയ്യുന്നതിന് |
| 12.12.06 | ഇ.കെ.ശിവൻ, ജെ.എച്.ഐ | 7500 | |
| 29.12.06 | ഇ.കെ.ശിവൻ, ജെ.എച്.ഐ | 15000 | മൊബൈൽ ലൈബ്രറി ഉത്ഘാടനം |
| 2.1.07 | ഡി.എച്ച്.റുഡോൾഫ് ബിൽ കളക്ടർ | 5000 | വൈദ്യുതി കണക്ഷൻ |

## ഭാഗം-3
## ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**3.1. ദളവാക്കുളം ബസ് ടെർമിനൽ പ്രവർത്തനം തുടങ്ങാത്തത് വൈദ്യുതി ചാർജ്ജിനത്തിലെ അധിക ചെലവ് ഒഴിവാക്കാത്തത്.**

ഫയൽ നം.ആർ.3-5944/01

ഓഡിറ്റ് വർഷം- 2007-08

വൈക്കം നഗരസഭ പണി തീർത്ത ദളവാക്കുളം ബസ് ടെർമിനൽ നാളിതുവരെ പ്രവർത്തനം തുടങ്ങാത്തതതുമൂലം നിർജീവ ആസ്തിയായി തീർന്നിരിക്കുന്നു. മുറികളിൽ നിന്നുള്ള വാടകയിനത്തിലെ വരുമാന നഷ്ടത്തിന് പുറമേ, വൈദ്യുത ചാർജിനത്തിൽ അമിതമായ അധിക ചിലവും നഗരസഭയ്ക്കുണ്ടാകുന്നു. ടെർമിനൽസിന്റെ വൈദ്യുത ചാർജ്ജിനത്തിൽ 2001 മുതൽ 2007-08 വരെ നഗരസഭ ഹാജരാക്കിയ രേഖകൾ അനുസരിച്ച് ആകെ 1,74,141 രൂപ ഇതിനോടകം ചിലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് കാര്യമായ യാതൊരു വരുമാനവും നഗരസഭയ്ക്ക് ലഭിക്കുന്നില്ല.

ബസ് ടെർമിനൽസിലെ യാർഡ് ലൈറ്റ് (സോഡിയം വേപ്പർ) ബസ് ടെർമിനൽസിലെ കണക്ഷനിൽ ഉൾപ്പെടുത്തിയാണ് വൈദ്യുതി ചാർജ് ഈടാക്കി വരുന്നത് ബസ് ടെർമിനൽസിലെ സോഡിയം വേപ്പർ വിളക്കിന്റെ കണക്ഷൻ തെരുവ് വിളക്കുകളുടെ ഗണത്തിൽപ്പെടുത്തിയാൽ ചാർജ് കുറയുന്നതാണ്. ഈ ആവശ്യത്തിലേയ്ക്ക് മുനിസിപ്പൽ സെക്രട്ടറി വൈദ്യുതി വകുപ്പ് അധികാരികൾക്ക് നിരവധി കത്തുകളയച്ചെങ്കിലും നാളിതു വരെ ഇത് സംബന്ധിച്ച് തുടർ നടപടികൾ ഒന്നും ഉണ്ടായതായി കാണുന്നില്ല. ഇതുമൂലം നഗരസഭ അധിക തുക അടയ്ക്കുന്നത് തുടർന്നുവരികയും ചെയ്യുന്നു. നഗരസഭാധികൃതർ ബന്ധപ്പെട്ട വൈദ്യുതി വകുപ്പ് അധികാരികളുമായി ചർച്ച ചെയ്തത് ഈ ചെലവിന് ഉടൻ പരിഹാരം ഉണ്ടാക്കുവാനുള്ള ശ്രമങ്ങൾ നടത്തുവാനും നഗരസഭയുടെ തനത് വരുമാന നഷ്ടത്തിന് കാരണമായി കൊണ്ടിരിക്കുന്ന ദളവാക്കുളം ബസ് ടെർമിനൽസ് പ്രവർത്തനം തുടങ്ങാനുമുള്ള നടപടികൾ സ്വീകരിക്കുവാനും താൽപ്പര്യപ്പെടുന്നു.

**3.2 വൈദ്യുതി വിളക്കുകൾ സ്ഥാപിക്കൽ, ഉപഭോഗം നിയന്ത്രിക്കൽ, അറ്റകുറ്റപ്പണി നിർവ്വഹിക്കൽ എന്നിവയ്ക്ക് സർക്കാർ നിർദ്ദേശങ്ങൾ ഉത്തരവുകൾ പാലിക്കാത്തത് സംബന്ധിച്ച്**

ഫയൽ എ2-1752/82

ഫയൽ-പി3-6661/04

ഓഡിറ്റ് വർഷം-2007-08

സ.ഉ(എം.എസ്) നമ്പർ 13/97 പവ്വർ ഡിപ്പാർട്ട്മെന്റ്, തീയതി 23.03.1997 പ്രകാരം നഗരസഭ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനാവശ്യമായ ലൈൻ സാമഗ്രികൾ, ഫിറ്റിംഗുകൾ ബ്രാക്കറ്റുകൾ, പി.വി.സി വയർ എന്നിവ വാങ്ങി നൽകൽ, തൊഴിൽകൂലി നൽകൽ, സാങ്കേതിക സഹായം ലഭ്യമാക്കൽ എന്നിവ സംസ്ഥാന വൈദ്യുതി വകുപ്പിന്റെ നിയമപരമായ ചുമതലയാണ് എന്ന് വ്യക്തമാക്കുന്നു. തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾക്ക് നഗരസഭയും, ബന്ധപ്പെട്ട വൈദ്യുതി ബോർഡ് അസിസ്റ്റന്റ് എഞ്ചിനിയർമാരും തമ്മിൽ ചർച്ച ചെയ്ത് ആഴ്ചയിൽ ഒരു ദിവസം നിശ്ചയിച്ച് പ്രവൃത്തി നടത്തേണ്ടതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് നഗരസഭ നടത്തുന്ന തെരുവ് വിളക്ക് അറ്റകുറ്റപ്പണികളിൽ ഒരു സന്ദർഭത്തിലും വൈദ്യുതി വകുപ്പിന്റെ പങ്കാളിത്തം കാണുന്നില്ല. ഇതുമൂലം സാമ്പത്തികവും സാങ്കേതികവുമായ നഷ്ടം നഗരസഭയ്ക്കുണ്ടാകുന്നു.

വൈക്കം നഗരസഭ 2007-08 വർഷം തെരുവ് വിളക്കുകളുടെ എനർജി ചാർജ്ജിനത്തിൽ ആകെ 1037157 രൂപ ചിലവഴിച്ചിട്ടുണ്ട്. എന്നാൽ വൈദ്യുതി ഉപഭോഗം സംബന്ധിച്ച് യാതൊരു പരിശോധനയും നടത്തുന്നതായി കാണുന്നില്ല. സ.ഉ. എം.എസ്.നം.34/2003 പി.ഡി. തീയതി 2.12.2003 അനുസരിച്ച് എല്ലാ തെരുവ് വിളക്കുകൾക്കും മീറ്റർ സ്ഥാപിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവർത്തനങ്ങൾ പൂർണ്ണമായി നടപ്പാക്കിയിട്ടില്ല. നഗരസഭാധികൃതർ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, സ്ഥാപിച്ച സ്ഥലങ്ങൾ, പോസ്റ്റ് നമ്പർ എന്നിവ കാണിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കണമെന്നും, സമയസമയങ്ങളിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ രേഖപ്പെടുത്തണമെന്നും, വൈദ്യുതി വകുപ്പ് ഹാജരാക്കുന്ന ബിൽ ഇൻവോയിസ് ഈ രജിസ്റ്ററുമായി ഒത്തുനോക്കി ഉറപ്പ് വരുത്തിവേണം തുക ഒടുക്കുവാനും എന്നും നിർദ്ദേശിക്കുന്നു. എന്നാൽ ഇത്തരത്തിൽ യാതൊരു പ്രവർത്തനവും നടത്തുന്നില്ല. നഗരസഭയുടെ തെരുവ് വിളക്ക് പരിപാലനത്തിന്റെ എല്ലാ നടപടിക്രമങ്ങളും കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുക എന്നതിനാണ് സർക്കാർ നം.13/97 പവ്വർ തീയതി 23.3.1997 ഉത്തരവിൽ ഒരു ജനകീയ മോണിറ്ററിംഗ് കമ്മിറ്റി ഇത് സംബന്ധിച്ച് രൂപീകരിക്കുവാൻ നിർദ്ദേശിച്ചത്. എന്നാൽ വൈക്കം നഗരസഭയിൽ ഇത്തരമൊരു ജനകീയ കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

**3.3. തെരുവ് വിളക്ക് അറ്റകുറ്റപ്പണി, സാധനസാമഗ്രികൾ വാങ്ങൽ**

നിയമപ്രകാരം വൈദ്യുതി ബോർഡ് അധികാരികൾ നിർവഹിക്കേണ്ടതാണെങ്കിലും തെരുവ് വിളക്കുകളുടെ ഇലക്ട്രിക്കൽ ജോലികൾ സർക്കാർ അംഗീകാരമുള്ള കരാറുകാരനെ വെച്ച് നഗരസഭാധികൃതർ നടത്തിച്ചുവരുകയാണ് നിലവിൽ ചെയ്തുവരുന്നത്. ഇങ്ങനെ പ്രവൃത്തി നടത്തി വരുമ്പോൾ കരാറുകാരന് തുക അനുവദിക്കുന്നതിന് മുമ്പ് വിളക്കുകൾ റിപ്പയർ ചെയ്തതു സംബന്ധിച്ച് വിളക്കുകൾ സ്ഥിതിചെയ്യുന്ന പോസ്റ്റ് നമ്പർ, സ്ഥലം എന്നിവ കൗൺസിലർ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ നിലവിൽ ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നതായി കാണുന്നില്ല.

പുതുതായി സ്ഥാപിക്കുവാനോ, അറ്റകുറ്റപ്പണികൾക്കുവേണ്ടി വൈദ്യുതി സാമഗ്രികൾ വാങ്ങിക്കുമ്പോൾ സ.ഉ.നം.6384/ബി3/07 തീയതി 16.3.07-ൽ നിർദ്ദേശിച്ച വ്യവസ്ഥകൾ കർശനമായി പാലിക്കുവാൻ സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. ഈ ഉത്തരവിലെ പ്രധാന വ്യവസ്ഥ പ്രകാരം നഗരസഭകൾ വൈദ്യുതി സാമഗ്രികൾ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നീ സ്ഥാപനങ്ങളുടെ സ്പെസിഫിക്കേഷൻ വാങ്ങി ഐ.എസ്.ഐ മുദ്രയുള്ള സാധനങ്ങളാണ് അതെന്ന് ഉറപ്പുവരുത്തണം എന്നും ഇങ്ങനെ വാങ്ങിക്കുന്ന സാധനങ്ങളുടെ 1% സാമ്പിളുകൾ സർക്കാർ അംഗീകൃത ലാബിൽ കരാറുകാരന്റെ സ്വന്തം ചിലവിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നടപടി ക്രമങ്ങൾ അനുവർത്തിക്കാതെ ടെണ്ടർ വിളിച്ച്

സാധനങ്ങൾ വാങ്ങിക്കുകയാണ് ചെയ്യുന്നത്. ഗുണമേന്മ ഉറപ്പുവരുത്താതെ വിലയെ മാത്രം ആധാരമാക്കി വാങ്ങുന്ന ഇത്തരം സാമഗ്രികൾ സ്ഥാപിക്കുന്നതുമൂലം വിളക്കുകൾ പെട്ടെന്ന്തന്നെ കേടാകുവാനും നഗരസഭയ്ക്ക് അതുമൂലം ആവർത്തന നഷ്ടം ഉണ്ടാവുകയും ചെയ്തുവരുന്നു.

മേൽ സാഹചര്യത്തിൽ നഗരസഭയുടെ പരിമിതമായ ഫണ്ട് വർഷാവർഷം വൈദ്യുതചാർജ്ജിനത്തിലും, അറ്റകുറ്റപ്പണികൾക്കുമായി അനിയന്ത്രിതമായി നഷ്ടപ്പെടുന്നത് ഒഴിവാക്കുവാൻ സഹായകരമായ ചില നിർദ്ദേശങ്ങൾ പരിഗണനയ്ക്കായി പരാമർശിക്കുന്നു.

1.നഗരസഭാ പരിധിയിലുള്ള മുഴുവൻ തെരുവ് വിളക്കുകളുടെയും കൃത്യമായ സ്ഥിതിവിവരം, വൈദ്യുതി വകുപ്പ്, ജീവനക്കാരും, നഗരസഭാധികൃതരും സംയുക്തമായി പരിശോധന നടത്തി തിട്ടപ്പെടുത്തുക.

2.നിയമപരമായി വൈദ്യുതി ബോർഡ് നിർവ്വഹിക്കേണ്ട പ്രവർത്തികൾ അവരെക്കൊണ്ട് തന്നെ നടത്തിക്കുവാൻ, ബന്ധപ്പെട്ട അധികാരികളുമായി ചർച്ച ചെയ്തക്ക സംവിധാനങ്ങൾ ഉണ്ടാക്കുക.

3.എല്ലാ തെരുവ് വിളക്കുകൾക്കും, മീറ്റർ സ്ഥാപിക്കുക

4.അറ്റകുറ്റപ്പണികൾക്കും, പുതുതായി സ്ഥാപിക്കുന്നതിനും വൈദ്യുതി സാമഗ്രികൾ സർക്കാർ നിർദ്ദേശങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി മാത്രം വാങ്ങിക്കുക.

5.നിയമത്തിൽ അനുശാസിക്കുന്ന വിധത്തിൽ, നഗരസഭാധികൃതരും, പൊതുജനങ്ങളും ഉൾപ്പെടുന്ന ജനകീയ മോണിറ്ററിംഗ് സമിതി രൂപീകരിക്കുക ഇത് സംബന്ധിച്ച മുഴുവൻ പ്രവർത്തനങ്ങളും സുതാര്യവും കൃത്യവുമാണന്ന് ഉറപ്പുവരുത്തുകയും ചെയ്യുക

**3.4 ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് പ്രവർത്തനം തുടങ്ങാൻ കാലവിളംബം പ്രോജക്റ്റ് ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിൽ വീഴ്ച**

ഫയൽ എച്ച് 1-16618/06

ഓഡിറ്റ് വർഷം-2007-08

വൈക്കം നഗരസഭയിൽ ഖരമാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ക്കരണ പ്ലാന്റ് നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. 26.5.06-ലെ ക്ലീൻ കേരള മിഷന്റെ നം.120/സി.കെ.എം/05 എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഖലമാലിന്യ സംസ്ക്കരണത്തിനായി, വെർമികമ്പോസ്റ്റ് പ്ലാന്റും അനുബന്ധ സംവിധാനങ്ങളും സ്ഥാപിക്കുന്നതിനായി 39.035 ലക്ഷം രൂപയുടെ പ്രോജക്റ്റ് അംഗീകരിക്കുകയുണ്ടായി. വൈക്കം നഗരസഭ' നടുവില' വില്ലേജിൽ മലിനീകരണ സംസ്ക്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനായി 5.33 ഏക്കർ ഭൂമി 2003-04-ൽ തന്നെ വാങ്ങിക്കുകയുണ്ടായി. മേൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി ഗവൺമെന്റ് അംഗീകാരം ലഭിച്ച കാസർഗോഡ് സോഷ്യൽ സർവീസ് സൊസൈറ്റി എന്ന സ്ഥാപനത്തിനെ നിശ്ചയിക്കുകയും 31.7.06-നകം പ്ലാന്റിന്റെ പണി പൂർത്തിയാക്കണമെന്ന കരാറിന്മേൽ ടി സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയുണ്ടായി. എന്നാൽ കരാർ പ്രകാരം പൂർത്തിയാക്കേണ്ട പ്ലാന്റ് 26.3.08 ആയിട്ടും പൂർണ്ണമായും പൂർത്തിയായിട്ടില്ല. ഗ്രിൽ ബൽറ്റ്, സാനിറ്ററി ലാന്റ് ഫില്ലിംഗ്,കോമ്പൗണ്ട്, ബയോ ഗ്യാസ് പ്ലാന്റ് എന്നീ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ ശേഷിക്കുന്നു. പ്ലാന്റിന്റെ പ്രവർത്തനം 30.6.07 ൽ ഉത്ഘാടനം ചെയ്യുകയുണ്ടായി. കരാർ കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാത്തതിനാൽ നിയമാനുസൃതമുള്ള പിഴ ഈടാക്കിയിട്ടില്ല. ഫൈനൽ ബില്ലിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്.

നഗരസഭയിൽ നടപ്പിലാക്കിയ വെർമികമ്പോസ്റ്റ് എന്ന സംസ്ക്കരണ രീതിക്കൊപ്പം തന്നെ പ്രോജക്റ്റിൽ വിഭാവനം ചെയ്ത തരത്തിൽ 'വളം' നിർമ്മാണം ഇതുവരെയും ആരംഭിച്ചിട്ടില്ല. ഇതോടൊപ്പം പൂർത്തിയാക്കുവാൻ ശേഷിക്കുന്ന മറ്റു പണികളും താമസം വിനാ പൂർത്തിയാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ കരാർ ഏജൻസിക്ക് നൽകുവാൻ താൽപ്പര്യപ്പെടുന്നു.

**3.5 ലക്ഷങ്ങൾ കുടിശ്ശികയായ വെള്ളക്കരം ഒടുക്കാത്തത്-ഉപയോഗ ശൂന്യമായ വാട്ടർ ടാപ്പുകളുടെ തുക ഒടുക്കുന്നത്.**

ഫയൽ ഇ1- 9385/03

ഓഡിറ്റ് വർഷം-2007-08

കേരളാ വാട്ടർ അതോറിറ്റി ഹാജരാക്കിയ കണക്ക് അനുസരിച്ച് 31.3.08 വരെ 3,95,61,417 രൂപ വെള്ളക്കരം ഇനത്തിൽ നഗരസഭ ഒടുക്കുവാനുണ്ട്. വാട്ടർ അതോറിറ്റി ഹാജരാക്കുന്ന ഇൻവോയിസ് പ്രകാരം 447 വാട്ടർ ടാപ്പിന്റെ, ടാപ്പ് ഒന്നിന് പ്രതിവർഷം 2628 രൂപ നിരക്കിലാണ് തുക ഡിമാന്റ് ചെയ്യുന്നത്. സ.ഉ.നം(ആർ.റ്റി) 1501/2006 ത.സ്വ.ഭ.വ തീയതി 23.6.06 -ൽ പൊതു ടാപ്പുകളുടെ വാട്ടർ ചാർജിലെ വ്യത്യാസം, ടാപ്പുകളുടെ എണ്ണത്തിലെ വ്യത്യാസം എന്നിവയിൽ ഉണ്ടാക്കുന്ന പൊരുത്തക്കേടുകൾ ജല അതോറിറ്റി, നഗരസഭ ഉദ്യോഗസ്ഥന്മാർ എന്നിവർ സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തണം എന്നും നിർദ്ദേശിക്കുകയുണ്ടായി. 27.9.07-ൽ നടത്തിയ സംയുക്ത പരിശോധനയിൽ ആകെ 459 ടാപ്പുകൾ ഉണ്ടെന്നും അതിൽ 73 എണ്ണം പ്രവർത്തനരഹിതമാണെന്നും കാണുകയുണ്ടായി. മേൽ പ്രസ്താവിച്ച സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ വാട്ടർ ചാർജ്ജ് പുനക്രമീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഇ1-9385/03 തീയതി 16.3.07 നമ്പരായി നഗരസഭാ സെക്രട്ടറി എക്സിക്യൂട്ടീവ് എഞ്ചിനിയർ, പി.എച്ച്.ഡിവിഷിൻ, വൈക്കം എന്നവർക്ക് കത്തയച്ചെങ്കിലും ഇതുവരെ നിരക്ക് കുറയ്ക്കുകയോ, ഉപയോഗ ശൂന്യമായ വാട്ടർ ടാപ്പുകളുടെ കണക്ഷൻ വിഛേദിച്ച്, ശരിയായ വിധത്തിൽ വാട്ടർ ചാർജ്ജ് ഈടാക്കാനോ തുടങ്ങിയിട്ടില്ല.നഗരസഭയുടെ സാമ്പത്തിക അവസ്ഥയിൽ അടച്ചുതീർക്കുവാൻ സാധിക്കാത്ത വിധത്തിൽ വെള്ളക്കര കുടിശ്ശിക വളർന്നിരിക്കുന്നു. പ്രശ്ന പരിഹാരത്തിനായി നഗരസഭാധികൃതർ വിവിധ തലത്തിൽ ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. ഇതിൽ പ്രധാനമായി കുടിശ്ശിക തുക സത്യസന്ധമായി തിട്ടപ്പെടുത്തേണ്ടിയിരിക്കുന്നു. ടാപ്പുകളുടെ ചാർജ് നാളിതുവരെ അടച്ചുവന്നത് തിട്ടപ്പെടുത്തി കുടിശ്ശികയിൽ നിന്നും കുറവുവരുത്തുവാനും, കുടിശ്ശിക തുക ഇനത്തിൽ സർക്കാർ നഗരസഭകൾക്ക് അവകാശപ്പെട്ട സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ വസൂൽ ചെയ്തതും, മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ഈടാക്കിയതുമായ തുകകൾ കൃത്യമായി തിട്ടപ്പെടുത്തി കുടിശ്ശിക വെള്ളക്കരത്തിൽ നിന്നും കുറവു ചെയ്തതു ലഭിക്കുന്നതിനുമുള്ള ശക്തമായ നടപടി സ്വീകരിക്കേണ്ടതാണ്. ഇതോടൊപ്പം കുടിശ്ശിക തുക പൊതു അവശ്യ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്നും ഘട്ടംഘട്ടമായി അടയ്ക്കേണ്ടതുമാണ്.

**3.6 തുടർ സാക്ഷരത പ്രവർത്തനങ്ങൾ ഫലപ്രദമല്ല മോണിറ്ററിംഗ് നടക്കുന്നില്ല.**

ഫയൽ വി.എം.4--3067/02

ഓഡിറ്റ് വർഷം-2007-08

വൈക്കം നഗരസഭയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന തുടർ സാക്ഷരതാ കേന്ദ്രങ്ങളുടെ പ്രവർത്തനം ടി പദ്ധതി നടത്തിപ്പ് ലക്ഷ്യങ്ങൾ നേടാൻ പൂർണ്ണമായും പര്യാപ്തമായ നിലയിലല്ല എന്ന് പരിശോധനയിൽ വ്യക്തമാകുന്നു.

വൈക്കം നഗരസഭ പരിധിയിൽ, നഗരസഭാധികൃതർ ഹാജരാക്കിയ രേഖകൾ പ്രകാരം 2 വികസന വിദ്യാഭ്യാസ കേന്ദ്രങ്ങളും, 5 തുടർ വിദ്യാ കേന്ദ്രങ്ങളും നിലവിലുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ 4 തുടർ വിദ്യാകേന്ദ്രങ്ങൾ മാത്രമാണ് പ്രവർത്തിക്കുന്നത്.

ടി കേന്ദ്രങ്ങളിൽ പ്രേരക്/അസിസ്റ്റന്റ് പ്രേരക്മാരെ നിയമിക്കുകയും അവർക്ക് ഓണറേറിയം യഥാസമയം നൽകുകയും ചെയ്യുന്നുണ്ടെങ്കിലും തുടർ വിദ്യാകേന്ദ്രങ്ങളുടെ ഭൗതീകവും ധൈഷണീകവുമായ മേന്മ പരിശോധിച്ചുറപ്പിക്കുന്നതായി കാണുന്നില്ല. തുടർ സാക്ഷരതാ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങളിലെ പോരായ്മകൾ സംബന്ധിച്ച് ധാരാളം പരാതികൾ സാക്ഷരതാമിഷൻ അധികാരികൾക്ക് ലഭിച്ചതായും അതനുസരിച്ച് നടത്തിയ പരിശോധനയിൽ 'തുടർ സാക്ഷരതാ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല എന്നും രേഖപ്പെടുത്തിയതായും കാണുകയുണ്ടായി.

**(1) പ്രേരക്/അസിസ്റ്റന്റ് പ്രേരക് നിയമനം സംബന്ധിച്ച്**

നഗരസഭാ നിയന്ത്രണത്തിലുള്ള തുടർ സാക്ഷരതാ കേന്ദ്രങ്ങളിൽ പുതിയ പ്രേരക്മാരെ തിരഞ്ഞെടുക്കുവാനായി 29.2.08-ന് ഇന്റർവ്യൂ നടത്തുകയുണ്ടായി. ആകെ 5 പേർ

ഇന്റർവ്യൂവിൽ പങ്കെടുത്തതായും, ഈ നിയമനം സംബന്ധിച്ച ഇന്റർവ്യൂ അസസ്മെന്റ് മാർക്ക് ലിസ്റ്റ് പ്രകാരം ഉദ്യോഗാർത്ഥികൾക്ക് യഥാക്രമം 275,248,254,307,167 എന്നീ മാർക്കുകൾ ലഭിച്ചതായും കാണുന്നു. ഇവരിൽ 275,248,254 എന്നീ മാർക്കുകൾ നേടിയവരെയാണ് നിയമിച്ചതായി കാണുന്നത്. ഇതിൽ ഏറ്റവും ഉയർന്ന മാർക്ക് നേടി (307) വ്യക്തിക്ക് നിയമനം നൽകി കാണുന്നില്ല. ടി വ്യക്തിയെ ഒഴിവാക്കിയതു സംബന്ധിച്ച് ഫയലിൽ യതൊരു വിവരവും രേഖപ്പെടുത്തി കാണുന്നില്ല. ഇത് ക്രമപ്രകാരമുള്ള നടപടിയല്ല ആയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുവാൻ താൽപ്പര്യപ്പെടുന്നു.

**പ്രേരക്, അസിസ്റ്റന്റ് പ്രേരക് എന്നിവരുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച്**

സാക്ഷരതാമിഷന്റെ നിയമാവലി അനുസരിച്ച് തുടർ സാക്ഷരതാ കേന്ദ്രങ്ങളുടെ പ്രവർത്തന സമയം രാവിലെ 11 മണി മുതൽ 5 മണിവരെയാണ്. ഈ പ്രവർത്തന സമയങ്ങളിൽ പ്രേരക് നിർബന്ധമായും 3 മണിക്കൂർ ഈ കേന്ദ്രങ്ങളിൽ ഉണ്ടാവണം. പഠിതാക്കളെ കേന്ദ്രങ്ങളിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തണം സമൂഹത്തിലെ നിരക്ഷരെ കണ്ടുപിടിച്ച് അവർക്ക് ആവശ്യമായ തുടർ പഠനം ഉറപ്പുവരുത്തണം.വിവിധങ്ങളായ അറിവുകൾ കേന്ദ്രങ്ങളിൽ എത്തുന്നവർക്ക് പ്രദാനം ചെയ്യണം. ചില പ്രത്യേക വിഷയങ്ങളെക്കുറിച്ച് അറിവു നൽകാൻ പ്രാപ്തരമായ വ്യക്തികളെ കേന്ദ്രങ്ങളിൽ എത്തിച്ച് പഠന ക്ലാസുകൾ നടത്തണം. തുടർ സാക്ഷരതാ കേന്ദ്രങ്ങളിലെ പഠിതാക്കൾക്ക് അവരുടെ ആർജിച്ച അറിവുകൾ പരിശോധിക്കുന്നതിനുള്ള അവസരങ്ങൾ ഉണ്ടാക്കണം, ഇവാലുവേഷൻ നടത്തി അതു സംബന്ധിച്ച വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കണം. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ വളരെ പരിമിതമായ വിധത്തിൽ മാത്രമേ നടക്കുന്നുള്ളൂ എന്നും,പ്രേരക്മാർ ഹാജരാക്കുന്ന പ്രവർത്തന ഡയറി പരിശോധിച്ചതിൽ വളരെ കുറഞ്ഞ ജനപങ്കാളിത്തമേ കേന്ദ്രങ്ങളിൽ ഉണ്ടാവുന്നുള്ളൂ എന്നും ബോദ്ധ്യപ്പെടുകയുണ്ടായി. സാക്ഷരതാ മിഷൻ ഡയറക്ടറുടെ കെ.എസ്.എൽ.എം.എ, അക്കൗണ്ട്സ്/4026/04 തീയതി /2/7/04-ലെ കത്ത് പ്രകാരം തുടർ സാക്ഷരതാ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ തൃപ്തികരമല്ലന്നും അവ കൂടുതൽ മെച്ചപ്പെടുത്തണമെന്നും ആവശ്യപ്പെട്ടതായും കാണുന്നു.

**(ii) തുടർ സാക്ഷരതാ കേന്ദ്രങ്ങൾക്ക് ഉചിതമായ സ്ഥല സൗകര്യം ലഭ്യമാക്കാത്തത്.**

അനുയോജ്യമായ സ്ഥലത്തും, സൗകര്യപ്രദമായ വിധത്തിലും തുടർ സാക്ഷരതാ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കേണ്ടതാണ്. എങ്കിൽ മാത്രമേ പൊതുജനങ്ങൾക്ക് അവിടെ കൂട്ടമായി എത്തിച്ചേരാനും, പ്രവർത്തനങ്ങളിൽ പങ്കാളികളാകാനും സാധിക്കും. ചിലരുടെ വസതിയിലും മറ്റുമാണ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നത്. ഇതിന് പരിഹാരമായി നിഷ്പക്ഷമായ വേദികളിൽ സൗകര്യപ്രദമായ കെട്ടിടത്തിൽ വിദ്യുകേന്ദ്രങ്ങളും പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ താൽപ്പര്യപ്പെടുന്നു.

**(iii) തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ: രേഖകളും, രജിസ്റ്ററുകളും കൃത്യമായി തയ്യാറാക്കാത്തത്.**

2006-07, 2007-08 വർഷങ്ങളിലായി 59100 രൂപ തുടർ സാക്ഷരത പ്രവർത്തനങ്ങൾക്കായി സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കുകയുണ്ടായി. ഈ തുകകളുടെ വിനിയോഗം സംബന്ധിച്ച് ഹാജരാക്കിയ രേഖകൾ പൂർണ്ണമോ ആധികാരികമോ ആയിരുന്നില്ല. സ്റ്റാമ്പ് അക്കൗണ്ട് മിനിറ്റ്സ്,രജിസ്ട്രേഷൻ ബുക്ക് സന്ദർശക ഡയറി പ്രേരക്, അസിസ്റ്റന്റ് പ്രേരക് എന്നിവർ കൈപ്പറ്റിയ ഹോണറേറിയം, ഉൽസവബത്ത, ടി.എ. എന്നിവ സംബന്ധിച്ച രേഖകളും, അക്വിറ്റൻസ് എന്നിവയും ശരിയാംവിധത്തിൽ തയ്യാറാക്കിയിട്ടില്ല.

**(iv) മോണിറ്ററിംഗ് നടക്കുന്നില്ല.**

തുടർ സാക്ഷരതാ കേന്ദ്രങ്ങൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ട് എന്നോ പ്രേരക് അസിസ്റ്റന്റ് പ്രേരക് എന്നിവർ കൃത്യമായി നിശ്ചിത സമയം കേന്ദ്രങ്ങളിൽ ഹാജരാവുന്നുണ്ട് എന്നോ, സർക്കാർ വിഭാവനം ചെയ്ത വിധത്തിലും ക്രമത്തിലും അവിടെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് എന്നോ നഗരസഭാധികൃതർ പരിശോധിക്കുകയോ, ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യുന്നില്ല.

മേൽ വസ്തുതകളുടെയെല്ലാം പശ്ചാത്തലത്തിൽ തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, രാജ്യത്തിനാകെ

മാതൃകയായ വിധത്തിൽ സാക്ഷരത പ്രവർത്തനങ്ങൾ വളർത്തിയെടുക്കേണ്ടതുമാണ്. ഈ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് നഗരസഭാധികൃതർ വഹിക്കുവാൻ താൽപ്പര്യപ്പെടുന്നു.

**3.7 വാർഷിക ഭരണ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാത്തത് –ചട്ട വിരുദ്ധം**

1994–ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 63(1) ൽ ഓരോ മുനിസിപ്പാലിറ്റിയും ഓരോ വർഷവും, സർക്കാർ നിർദ്ദേശിക്കുന്ന ഫാറത്തിൽ, വിശദാംശങ്ങൾ സഹിതം, അതിന്റെ ഭരണ റിപ്പോർട്ട് തയ്യാറാക്കി സെപ്തംബർ 30–ാം തീയതിക്കകം പ്രസിദ്ധീകരിക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. പ്രസ്തുത സമയപരിധിക്കകം റിപ്പോർട്ട് പ്രസിദ്ധീകരിക്കാത്ത പക്ഷം മുനിസിപ്പാലിറ്റിക്ക് നൽകേണ്ട ഗ്രാന്റ് തുക സർക്കാരിന് തടഞ്ഞുവയ്ക്കാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.(ചട്ടം 63(2)) മുനിസിപ്പാലിറ്റിയുടെ ഭരണ നിയന്ത്രണത്തിലുള്ള സ്ഥാപന മേധാവികളും തങ്ങളുടെ സ്ഥാപനത്തെ സംബന്ധിച്ച ഭരണ റിപ്പോർട്ട് നഗരസഭയ്ക്ക് നൽകേണ്ടതുണ്ട്. മേൽ ചട്ടം 63(3) അനുസരിച്ച് കൗൺസിൽ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയ മുനിസിപ്പാലിറ്റി ഭരണ റിപ്പോർട്ട് സർക്കാർ ഇതിനായി അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന് അയച്ചുകൊടുക്കേണ്ടതാണ്. ആ ഉദ്യോഗസ്ഥൻ ഇങ്ങനെ ലഭിച്ച മുനിസിപ്പൽ ഭരണ റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ അടങ്ങുന്ന സമാഹൃത റിപ്പോർട്ട് എല്ലാ വർഷവും ഡിസംബർ 31 ന് മുമ്പ് സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

മുനിസിപ്പാലിറ്റികളുടെ പ്രവർത്തനങ്ങളെപ്പറ്റി സർക്കാരിന് മനസ്സിലാക്കാനും, ആവശ്യമായ തിരുത്തൽ, നടപടികളും, മാർഗ്ഗനിർദ്ദേശങ്ങളും നൽകുവാനും, ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കാനും സർക്കാരിനെ ഏറെ സഹായിക്കുന്ന ഈ ഭരണ റിപ്പോർട്ട് കുറ്റമറ്റ രീതിയിലും, സമയബന്ധിതമായും സത്യസന്ധമായും തയ്യാറാക്കി സമർപ്പിക്കേണ്ടതത് അനിവാര്യമായിരിക്കെ, വൈക്കം നഗരസഭ വാർഷിക ഭരണ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല എന്നു കാണുന്നു. ഇത് ചട്ടവിരുദ്ധമാണ്. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും യാതൊരു വിവരവും ലഭ്യമാക്കിട്ടില്ല. ആയതിനാൽ ചട്ടപ്രകാരം വാർഷിക ഭരണ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കേണ്ടതും, നിയമപരമായ ഉത്തരവാദിത്വം നിറവേറ്റുന്നതിലെ വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും താൽപ്പര്യപ്പെടുന്നു

**3.8. മൂല്യ വർദ്ധിത നികുതി ഈടാക്കുന്നതിൽ വ്യക്തതയില്ലാത്തത്**

1.4.05 മുതൽ പ്രാബല്യത്തിൽ വന്ന മൂല്യവർദ്ധിത നികുതി (വാറ്റ്) കരാർ അടിസ്ഥാനത്തിൽ പ്രതിഫലം വാങ്ങിയുള്ള എല്ലാ നിർമ്മാണ പ്രവർത്തിക്കും ബാധകമാണ്. ഇത് സംബന്ധിച്ച് കമേഴ്സൽ ടാക്സ് ഓഫീസറുടെ (വർക്ക് കോൺട്രാക്റ്റ്) 13.6.05–ലെ 19705/05/ഡബ്ള്യൂ.എൽ. നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിൽ കരാറുകാർക്ക് ബാധകമായ നികുതി നിരക്കുകൾ സ്പഷ്ടമാക്കിയിട്ടുണ്ട്.

പൊതുവായി കരാറുപണിയിൽ ഉപയോഗിക്കേണ്ടിവരുന്ന സാധനസാമഗ്രികളുടെ വിലയുടെ 12.5% നിരക്ക് ഈടാക്കണം കോമ്പൗണ്ട് ചെയ്യുന്ന കരാറുകാരനാണെങ്കിൽ 2 ശതമാനം 4 ശതമാനം നിരക്കുകൾ അതാതു സംഗതികൾ പോലെ ബാധകമാണ്. കോംമ്പൗണ്ട് ചെയ്യാത്ത കരാറുകാരനാണെങ്കിൽ 20–ാം നമ്പർ ഫോറത്തിൽ നിർദ്ദേശിക്കുന്ന പ്രകാരവും, കോമ്പൗണ്ട് ചെയ്യുന്ന കരാറുകാരനാണെങ്കിൽ അസസ്സിംഗ് അതോറിറ്റി 4 ഡി ഫോറത്തിൽ നൽകുന്ന അനുമതി പത്രത്തിൽ രേഖപ്പെടുത്തിയ പ്രകാരവുമാണ് നികുതി ഈടാക്കേണ്ടത്. കരാറുകാരൻ കോമ്പൗണ്ട് ചെയ്താലും, ഇല്ലെങ്കിലും അസസ്സിംഗ് ഓഫീസർ ഫോറം 20 (ബി)യിൽ നൽകുന്ന ബാദ്ധ്യത സർട്ടിഫിറ്റ് ഹാജരാക്കിയാൽ മാത്രമേ കരാർ തുകയുടെ അവസാന ഗഡു നൽകാവൂ എന്നാൽ ഈ വ്യവസ്ഥകൾ എന്നും പാലിക്കാതെ, ചട്ടപ്രകാരം ലഭ്യമാക്കേണ്ട രേഖകളൊന്നും ലഭ്യമാക്കാതെ എല്ലാതരം കരാറുകാരിൻ ലിന്നും 2.3% നിരക്കിൽ നികുതി ഈടാക്കുന്നതായാണ് കാണുന്നത്. ഈ നടപടിമൂലം ഗവൺമെന്റിന് ലഭിക്കേണ്ട നികുതിയിൽ കുറവ് വന്നിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ, കരാറുകാരൻ ഹാജരാക്കേണ്ട നികുതി ഈടാക്കൽ സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതും, മൂല്യവർദ്ധിത നികുതി ചട്ടങ്ങൾ യഥാവിധി പാലിച്ച് നികുതി ഈടാക്കുവാൻ ഭരണവകുപ്പ് കർശന നിർദ്ദേശം നൽകുവാനും, താൽപര്യപ്പെടുന്നു.

**3.9. പൗരവാകാശ രേഖ ചട്ടപ്രകാരം പൊതുജന സമക്ഷം പ്രദർശിപ്പിക്കാത്തത് കാലാനുസൃതം പുതുക്കാത്തത്.**

2000–ലെ കേരള മുനിസിപ്പാലിറ്റി (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങൾ പ്രകാരം പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തതാൻ നഗരസഭ ബാദ്ധ്യസ്ഥമാണ്. 2000 ഒക്ടോബൽ 1–ാം തീയതി നിലവിൽ വന്ന പൗരാവകാശ രേഖ ചട്ടങ്ങൾ എങ്കിലും 18.5.2004–ൽ മാത്രമാണ് പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചതായി കാണുന്നത്. പൗരാവകാശ രേഖ ചട്ടങ്ങളിലെ സെക്ഷൻ 4 (4) അനുസരിച്ച് പ്രസിദ്ധകരിച്ച പൗരാവകാശ രേഖയുഷെ രത്ന ചുരുക്കം ഒരു ബോർഡിൽ പെയ്ന്റ് കൊണ്ടെഴുതി മുനിസിപ്പൽ ഓഫീസിൽ പൊതുജനങ്ങൾ കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭാധികൃതർ നാളിതുവരെ പൗരാവകാശ രേഖ പൊതുജനസമക്ഷം പ്രദർശിപ്പിച്ചിട്ടില്ല.

പൗരാവകാശ രേഖ ചട്ടങ്ങളിലെ സെക്ഷൻ 9 (1) മുതൽ (4) വരെയുള്ള ഉപചട്ടങ്ങളിൽ പൗരാവകാശരേഖ വർഷത്തിൽ ഒരു തവണ പുതുക്കുകയും കാലാനുസൃതമാക്കുകയും വേണം എന്ന് നിർദ്ദേശിക്കുന്നു. എന്നാൽ 18.5.2004–ൽ വൈക്കം നഗരസഭ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും 15.10.08–ന് മാത്രമാണ് പൗരാവകാശ രേഖ പുതുക്കുന്നതും സംബന്ധിച്ച് നടപടി തുടങ്ങിയിട്ടുള്ളത്.

പൗരാവകാശരേഖ തയ്യാറാക്കുന്നതിലൂടെ സർക്കാർ വിഭാവനം ചെയ്ത വിധത്തിലുള്ള നടപടിയല്ല നഗരസഭാധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായത്. അതിനാൽ എത്രയും പെട്ടെന്ന് പൗരാവകാശ രേഖ പൊതുജനങ്ങൾ കാണത്തക്കവിധത്തിൽ പ്രദർശിപ്പിക്കേണ്ടതും, കാലാനുസൃതമാക്കേണ്ടതും, പൗരാവകാശ രേഖയിൽ പരാമർശിക്കുന്ന സമയപരിധിക്കകം പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാവുന്നുണ്ട് എന്നും ഉറപ്പുവരുത്തുകയും ചെയ്യുവാൻ താൽപ്പര്യപ്പെടുന്നു.

**3.10.സേവന പുസ്തക പരിശോധന**

ജീനവക്കാരുടെ സേവനപുസത്കം കൈകാര്യം ചെയ്തതിൽ ചില അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

(1) പി.സുലഭ, യു.ഡി.സി

(എ) ടിയാൾ 3.7.07 മുതൽ 135 ദിവസം പ്രസവാവധിയിലാണെന്ന് സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആർജ്ജിതാവധി കണക്കാക്കിയപ്പോൾ ഈ ദിനങ്ങൾ കുറവ് ചെയ്തു കാണുന്നില്ല.

(ബി) ടിയാൾ 23.12.05–ൽ പരിവർത്താവധിയിലാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലീവ് അക്കൗണ്ടിൽ ചേർത്ത് ആനുപാതികമായ അർദ്ധവേതനാവധി കുറവ് ചെയ്തിട്ടില്ല.

(2) കെ.എസ്.അബ്ദുൾ റഹിമാൻ സാഹിബ്, പ്യൂൺ ടിയാൻ 9.3.06 ലാണ് സേവനത്തിൽ പ്രവേശിച്ചത്. 9.3.06 മുതൽ 8.3.08 വരെ 2 വർഷത്തെ അർദ്ധ വേതനാവധി 40 കണക്കാക്കി 24.3.08 മുതൽ 9.4.08 വരെ 17 ദിവസം പരിവർത്തിതാവധി അനുവദിച്ചു. ഇത് ക്രമപ്രകാരമല്ല. കെ.എസ്.ആർ.പാർട്ട്1, റൂൾ പ്രകാരം സേവനത്തിൽ പ്രവേശിച്ച് 3 വർഷത്തിനുശേഷം മാത്രമാണ് പരിവർത്തിതാവധി അനുവദിക്കാവുന്നത്. ആയതിനാൽ 24.3.08 മുതൽ 9.4.08 വരെയുള്ള കാലയളവ് ക്രമീകരിക്കേണ്ടതാണ്.

(3) ഇ.കെ.ശിവൻ, ജെ.എച്ച്.ഐ. ഗ്രേഡ് –2

ടിയാൻ 3.4.06 മുതൽ 7.4.06 വരെ അഞ്ചുദിവസം പരിവർത്തിതാവധിയിലായിരുന്നു. എന്നാൽ ആർജ്ജിതാവധി കണക്കാക്കിയപ്പോൾ പ്രസ്തുത ദിനങ്ങൾ ആകെ ദിനങ്ങളിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

(4) കെ.റ്റി.കുമാരി, പ്യൂൺ

ടിയാൻ 11.6.07 മുതൽ 15.6.07 വരെ 5 ദിവസം പരിവർത്തിതാവധിയിലായിരുന്നു. എന്നാൽ ആർജ്ജിതാവധി കണക്കാക്കിയപ്പോൾ ഈ ദിനങ്ങൾ കുറവ് ചെയ്തിട്ടില്ല.

(5) ബീന.എ.സി. ബി.സി

17.1.0.07 മുതൽ 135 ദിവസം ടിയാൾ പ്രസവാവധിയിലായിരുന്നു. എന്നാൽ 1.4.07 മുതൽ 31.3.08 വരെയുള്ള കാലഘട്ടത്തിലെ ആർജ്ജിതാവധി കണക്കാക്കിയപ്പോൾ ഈ

ദിനങ്ങൾ കുറവ് ചെയ്തിട്ടില്ല. ടിയാൾ ആർജ്ജിതാവധി സറണ്ടർ വേതനം അധികം വാങ്ങിയിട്ടുള്ളത് തിരികെ ഈടാക്കേണ്ടതാണ്.

(6) റിഡോൾഫ് പി.എച്ച്, പി.ഡബ്ള്യു.ഒ.1/ബി.ഐ.

(എ) ടിയാൾ 15.9.04-ൽ സേവനത്തിൽ പ്രവേശിച്ചു. ആദ്യ ഇംക്രിമെന്റ് 1.9.05-ൽ നൽകിയിട്ടുണ്ട്. രണ്ടാമത്തെ ഇംക്രിമെന്റ് പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ 1.9.2006 മുതൽ നൽകിയിരിക്കുന്നു. പ്രൊബേഷൻ ഡിക്ലറേഷൻ ചെയ്ത തീയതി മുതൽ മാത്രമേ രണ്ടാമത്തെ ഇംക്രിമെന്റിന് അർഹതയുള്ളൂ. എന്നതിനാൽ അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

(ബി) ടിയാൻ 15.9.04 മുതൽ 31.3.05 വരെ 198 ദിവസം കണക്കാക്കി 31.3.05-ൽ 9 ദിവസത്തെ ആർജ്ജിതതാവധി സറണ്ടർ ചെയ്തിരിക്കുന്നു.31.3.05-ൽ 9 ആർജ്ജിതാവധി ക്രെഡിറ്റിൽ ഇല്ലാതെ ആർജ്ജിതാവധി സറണ്ടർ അനുവദിച്ച സെക്രട്ടറിയുടെ നടപടിക്ക് വിശദീകരണം നൽകേണ്ടതാണ്.

(6)സന്തോഷ്കുമാർ വി.ജി,എൽ.ഡി.സി

ടിയാൻ 9.7.2007-ൽ എൽ.ഡി.ക്ലാർക്കായി സർവീസിൽ പ്രവേശിച്ചു. ആർജ്ജിതാവധി അക്കൗണ്ടിൽ 9.7.07 മുതൽ 31.7.08 വരെ 388 ദിനങ്ങൾ കണക്കാക്കി 1/11 സ്വീകരിച്ച് 35 3/11 ആർജ്ജിതാവധി എടുത്ത് 1.8.08-ൽ 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു. എന്നാൽ സർവീസിൽ പ്രവേശിച്ച ആദ്യവർഷം 1/22 പ്രകാരം മാത്രമേമ ആർജ്ജിതാവധി കണക്കാക്കാവൂ. ഇത് പ്രകാരം 9.7.07 മുതൽ 8.7.07 വരെ 17 ആർജ്ജിതാവധിയും 9.7.07 മുതൽ 31.7.07 വരെ 23 ദിവസത്തേയ്ക്ക് 2 1/11 ഉം കണക്കാക്കി ആകെ 19 ദിവസത്തെ ആർജ്ജിതാവധി മാത്രമേ 1.8.08-ൽ ക്രെഡിറ്റിലുള്ളൂ. ആയതിനാൽ അധികം നൽകിയ 11 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ശമ്പളം തിരികെ ഈടാക്കേണ്ടതാണ്.

**3.11 ശമ്പള പരിഷ്ക്കരണ കുടിശ്ശിക-വീട്ടുവാടക ബത്ത നിരക്ക് വർദ്ധനവിന് മുൻകാല പ്രാബല്യം നൽകിയത്- അധിക തുക തിരികെ ഈടാക്കേണ്ടതാണ്.**

സർക്കാർ ഉത്തരവ് ജി.ഒ (പി) നം.145/2006/ഫിൻ തീയതി 25.03.2006 പ്രകാരമുള്ള ശമ്പള പരിഷക്കരണ ഉത്തരവിൽ പുതുക്കിയ നിരക്കിലുള്ള വീട്ടുവാടക ബത്തയ്ക്ക് 01.03.2006 മുതൽ മാത്രമാണ് അർഹത എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, വൈക്കം നഗരസഭയിലെ ജീവനക്കാരുടെ സേവനപുസ്തകവും തുടർന്ന് ശമ്പള പരിഷ്ക്കരണ കുടിശ്ശിക ബില്ല് എന്നിവ പരിശോധിച്ചതിൽ നിന്നും ഓപ്ഷൻ തീയതി മുതൽ (പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കാവുന്ന കാലയളവ്)തന്നെ വീട്ടുവാടക ബത്ത ഉയർന്ന നിരക്കിൽ വാങ്ങിയിട്ടുണ്ട്. ആയതിനാൽ അധികമായി നൽകിയ തുക (പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചതും,പെൻഷനായവർക്ക് കാഷ് ആയി നൽകിയതും) തിരികെ ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. അധികം കൈപ്പറ്റിയ തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പേര്, തസ്തിക | കാലയളവ് | അർഹമായ എച്ച്. ആർ. എ നിരക്ക് | നൽകിയ എച്ച്.ആർ.എ നിരക്ക് | എച്ച്.ആർ.എ ഇനത്തിൽ അധികമായി കൈപ്പറ്റിയ തുക |
|---|---|---|---|---|---|
| 1 | ശ്രീമതി.എസ്.ഇന്ദിരാദേവി | 8/05-2/06 | 260 | 340 | 560 |
| 2 | ശ്രീ.കെ.ജെ.വർഗ്ഗീസ് | 4/05-2/06 | 260 | 340 | 877 |
| 3 | ശ്രീ.പി.ഡി.ചക്രൻ | 4/05-2/06 | 260 | 340 | 877 |
| 4 | ശ്രീമതി.പി.സി.ചെല്ലമ്മ | 5/05-2-2/06 | 260 | 340 | 758 |
| 5 | ശ്രീ.കെ.കെ. ശശികുമാർ | 4/05 -2/06 | 260 | 340 | 877 |
| 6 | ശ്രീമതി.എം.ശ്യാമളാമ്മ | 4/05-2/06 | 180<br>260 (7/05) | 280<br>340 | 937 |
| 7 | ശ്രീമതി.പി. സുലഭ | 18.5.05-02/06 | 180 | 280 | 942 |
| 8 | ശ്രീ.കെ.സി.ഷാജി | 4/05- 2/06 | 180 | 280 | 1097 |

| | | | | | |
|---|---|---|---|---|---|
| 9 | ശ്രീമതി.വി.മായ | 4/05-2/06 | 180 | 280 | 1097 |
| 10 | ശ്രീ.കെആർ.തമ്പി | 4/05-2/06 | 120 | 280 | 1760 |
| 11 | ശ്രീ.പി.വി .കുഞ്ഞൻ | 4/05-2/06 | 260 | 340 | 877 |
| 12 | ശ്രീ.വി.എം. ലാലച്ചൻ | 4/05-2/06 | 180 | 280 | 1097 |
| 13 | ശ്രീ.ആർ.രാജപ്പൻ | 4/05-2/06 | 180 | 280 | 1097 |
| 14 | ശ്രീമതി.കെ.സിന്ധുലേഖ | 4/05-2/06 | 180 | 280 | 1097 |
| 15 | എ.എൻ.നാരായണൻ നമ്പൂതിരി | 09/05-02/0 6 | 260 | 340 | 480 |
| 16 | വൈ.അജിത് കുമാർ | 04/05-02/0 6 | 180 | 280 | 1097 |
| 17 | പി.എച്ച്.റിഡോൾഫ് | 4/05-2/06 | 260 | 340 | 880 |
| 18 | എം.റ്റി.സത്യൻ | 4/05-2/06 | 180 | 280 | 1097 |
| 19 | ആർ.അനിൽകുമാർ | 17.5.05-02/ 06 | 180 | 280 | 948 |
| 20 | കെ.വി..വേണു | 4/05-02/06 | 180 | 340 | 1759 |
| 21 | ബി.ബിനു | 4/05-02/06 | 180 | 280 | 1097 |
| 22 | എ.സി.മണിയപ്പൻ | 4/05-03/06 | 180 | 280 | 1097 |
| 23 | പി.കമലാസനൻ | 04/05 -02/06 | 260 | 340 | 880 |
| 24 | കെ.കെ.ബാബു | 04 -05/02/06 | 260 | 340 | 877 |
| 25 | കെ.പി.ബാലചന്ദ്രൻ | 04-05 -02/06 | 180 | 280 | 1097 |
| 26 | ഷീലാബായ് | 04-05 -02/06 | 260 | 340 | 880 |
| 27 | കെ.റ്റി. കുമാരി | 04-05 -02/06 | 180 | 280 | 1097 |
| 28 | പി.ആനന്ദവല്ലിയമ്മ | 08/05 -02/06 | 260 | 340 | 560 |
| 29 | റ്റി.വി.കൊച്ചു ത്രേ്യസ്യാ | 05/05 -02/06 | 260 | 340 | 814 |
| 30 | റ്റി.സി.ജോർജജ് | 01-06 -02/06 | 260 | 340 | 108 |
| 31 | ഇ.കെ.ശിവൻ | 04-05 -02/06 | 180 | 280 | 1157 |
| 32 | കെ.റ്റി.സന്തോഷ് | 04/05 -02/06 | 180 | 280,340 | 1575 |
| | ആകെ | | | | 31450/- |

**3.12. മുനിസിപ്പൽ പെൻഷൻ ഫണ്ട്**

1996-ലെ കേരളാ മുനിസിപ്പാലിറ്റ് (ജീവനക്കാരുടെ ഡെത്ത്-കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം ജീവനക്കാരുടെ പ്രതിമാസ മൊത്ത ശമ്പളത്തിന്റ 15% നിരക്കിൽ അതാതു മാസത്തെ ശമ്പളബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതാതുമാസം 15-ാം തീയതിക്കു മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവു വെയ്ക്കുന്നതിന് ഡയറക്ടറുടെ പേരിലുള്ള ഡി.ഡി ആയി അയച്ചുകൊടുക്കേണ്ടതാണ്. എന്നാൽ വൈക്കം നഗരസഭയിൽ പ്രസ്തുത നിബന്ധന പാലിക്കുന്നില്ല. ഇപ്രകാരം സമയബന്ധിതമായി അയച്ചുകൊടുക്കുന്നതിൽ വീഴ്ചവരുത്തിയാൽ ടി കാലയളവിലേയ്ക്ക് സേവിംങ്സ് ബാങ്ക് നിക്ഷേപത്തിന് തൽസമയം പ്രാബല്യത്തിലുള്ള നിരക്കിൽ പലിശ നൽകുവാൻ ബാദ്ധ്യതയുള്ളതായി ചട്ടം 8 (4)ൽ നിഷ്ക്കർഷിക്കുന്നുണ്ടെങ്കിലും അപ്രകാരം ചെയ്യുന്നില്ല.

ഫയൽ പരിശോധിച്ചതിൽ പെൻഷൻ കോൺട്രിബ്യൂഷൻ യഥാസമയം അടവുവരുത്തുന്നതിൽ നഗരസഭ വീഴ്ച വരുത്തിയിട്ടുള്ളതായും നിയമാനുസൃതം ആയതിന് പലിശ അടച്ചിട്ടില്ലാത്തതായും കാണുന്നു. നഗരകാര്യ ഡയറക്ടറുടെ 17.2.05-ലെ പി.9-26159/2 നമ്പർ കത്തിൽ 9/04 മുതൽ 2/05 കാലയളവുവരെ പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കുന്നതിൽ നഗരസഭ വീഴ്ചവരുത്തിയതായും ആയതിന് പലിശ അടയ്ക്കാൻ ആവശ്യപ്പെട്ടതായും കാണുന്നു. ചട്ടം 6 പ്രകാരം സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവുവരുന്ന തുകകൾ മുനിസിപ്പൽ പെൻഷൻ ഫണ്ടിലേയ്ക്ക് നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ടി വ്യവസ്ഥ കൃത്യമായി പാലിക്കുന്നില്ല. എല്ലാ മാസവും പെൻഷൻ കൊടുക്കുന്നതിനുള്ള തുക മുനിസിപ്പൽ ഫണ്ടിൽ നിന്നുമാണ് കണ്ടെത്തുന്നത്.(റ്റി.പി.എ.140 -റ്റി.പി.എ.124)

**3.13 മുനിസിപ്പൽ ലൈബ്രറി-കാലാവധികഴിഞ്ഞിട്ടും തിരികെ ലഭിക്കാത്ത പുസ്തകങ്ങൾ -സംബന്ധിച്ച്.**

ലൈബ്രറിയിൽ നിന്നും വരിക്കാർ എടുക്കുന്ന പുസ്തകങ്ങൾ രണ്ടാഴ്ചക്കകം തിരികെ ഏൽപ്പിക്കണമെന്ന നിഷ്ക്കർഷ ലംഘിക്കപ്പെടുന്നതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതായി കാണുന്നില്ല. ഓഡിറ്റിന് ലഭ്യമാക്കിയ 3/06 മുതൽ 7/07 വരെയുള്ള കാലയളവിലെ തിരികെ ലഭിക്കുവാനുള്ള പുസ്തകങ്ങളുടെ ലിസ്റ്റിൽ 137 വരിക്കാരുടെ പേര് വിവരം ചേർത്തിട്ടുണ്ട്. 3/06ന് മുമ്പ് എത്ര പുസ്തകങ്ങൾ തിരികെ ലഭിക്കുവാനുണ്ട് എന്നതിന്റെ വിവരങ്ങൾ ലഭ്യമല്ല. ഈ സാഹചര്യത്തിൽ നഗരസഭ ഇക്കാര്യത്തിൽ ഇടപെട്ട് പുസ്തകം തിരികെ ലഭ്യമാക്കുക/പുതിയ പുസ്തകം വരിക്കാരിൽ നിന്നും ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

**3.14 വൈക്കം നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ- താലൂക്ക് ആശുപത്രിയുടെ കെട്ടിട നികുതി-മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വകയിരുത്തിയത്- സർക്കാർ സാധൂകരണം വാങ്ങുന്നത്- സംബന്ധിച്ച**

18.9.95-ലെ സ.ഉ (പി) 189/95 തഭവ, അനുബന്ധം-5 പ്രകാരം താലൂക്ക് ആശുപത്രികൾ മുനിസിപ്പൽ കൗൺസിലിന് കൈമാറ്റം ചെയ്തു നൽകിയിട്ടുള്ളതാണ്. കേരളാ മുനിസിപ്പൽ ആക്റ്റ് 235-ാം വകുപ്പ് പ്രകാരം നഗരസഭവക കെട്ടിടം, ദൂമി എന്നിവയെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. (സർക്കാർ ഉത്തരവ് (ആർ.ടി) 3025/2007/ത.സ്വ.ഭവ/തീയതി 7.11.2007 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ് വൈക്കം നഗരസഭാ സെക്രട്ടറിയുടെ 29.03.08-ലെ ആർ.1-1617/93-ാം നമ്പർ ഉത്തരവ് പ്രകാരം വൈക്കം താലൂക്ക് ആശുപത്രിയുടെ കെട്ടിടനികുതി (2005-06 വർഷത്തെ ബാലൻസ് തുകയും, 2007-08 വർഷത്തെ കെട്ടിട നികുതി എന്നിവ ഉൾപ്പെടെ) 125783/- രൂപ, നഗരസഭയ്ക്ക് മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഇനത്തിൽ അനുവദിച്ച് കിട്ടിയതുകയിൽ നിന്നും നഗരസഭയുടെ തനത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലപ്പെട്ട ചെലവുകൾ നടത്തുന്നതിന് പൊതു ആവശ്യ ഗ്രാന്റ് തികയാതെ വന്നാൽ മെയിന്റനൻസ് ഗ്രാന്റിന്റെ 10% വരെ ആവശ്യമാണെങ്കിൽ ഉപയോഗിക്കാമെന്ന് സർക്കാർ നിർദ്ദേശം ഉണ്ടെങ്കിലും, നഗരസഭയുടെ തന്നെ അധീനതയിലുള്ള താലൂക്ക് ആശുപത്രിയുടെ കെട്ടിട നികുതി ഇപ്രകാരം ഈടാക്കിയ നടപടി ശരിയല്ല. ടി തുക മെയിന്റനൻസ് ഗ്രാന്റിൽ തിരികെ അടക്കേണ്ടതാണ്.

**കേരള വികസനപദ്ധതി**

**3.15 വാർഡുസഭകളുടെ നടത്തിപ്പ് ക്രമപ്രകാരമല്ല.**

സജീവ ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണ രീതിയാണ് ജനകീയാസൂത്രണത്തിന്റെ പ്രത്യേകത. ആസൂത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന നാനാവിഭാഗം ജനങ്ങളുടെ വ്യക്തിഗതവും സാമൂഹ്യവികസനപരവും ആയ ആവശ്യങ്ങളുടെ മുൻഗണനാടിസ്ഥാനത്തിലുള്ള നടപ്പാക്കലാണ് ജനകീയാസൂത്രണത്തിന്റെ കാതൽ ഇതിന് വാർഡുസഭകളുടെ ക്രമമായ നടത്തിപ്പും അതിലെ ജന പങ്കാളിത്തവും അവശ്യ ഘടകങ്ങളാണ്. സജീവമായ ജനപങ്കാളിത്തത്തോടെ വാർഡുസഭകൾ കൃത്യമായ ഇടവേളകളിൽ വിളിച്ചുകൂട്ടുന്നതിനും അവിടെ ഉയർന്നുവരുന്ന ആവശ്യങ്ങളെ നീതി പൂർവ്വകമായി പരിഗണിച്ച്

പ്രായോഗിക പഥത്തിൽ കൊണ്ടുവരുന്നതിന് സർക്കാർ പല വിധത്തിലുള്ള മാർഗ്ഗ നിർദ്ദേശ ങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 1994-ലെ കേരളാ മുനിസിപ്പൽ ആക്റ്റ് സെക്ഷൻ 42 എ,44 എന്നിവ പ്രകാരം വാർഡുസഭകൾ മൂന്നു മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്. 2.10.1997-ലെ 220/97/തഭവ നമ്പർ ഗവ.ഉത്തരവിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കു ന്നതിനുള്ള മാർഗ്ഗ രേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ ഖണ്ഡിക 5 പ്രകാരം ഗ്രാമസഭയുടെ തുടക്കത്തിൽ വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള അപേക്ഷാ ഫോറങ്ങൾ വിതരണം ചെയ്യേണ്ടതും അപേക്ഷകരുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്. യോഗ്യതാ മാനദ ണ്ഡങ്ങളും മുൻഗണനാ മാനദണ്ഡങ്ങളും ഗ്രാമസഭയ്ക്കു വിശദീകരിച്ചുകൊടുക്കേ ണ്ടതും അഭിപ്രായ സമന്വയത്തോടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

19.3.03-ലെ13077/ഡി.പി1/03/തസ്വഭവ നമ്പർ ഗവ.സർക്കുലറിലും ഗുണഭോക്തൃ തെര ഞ്ഞെടുപ്പിനെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റി തലത്തിലും കോർപ്റേഷൻ തല ത്തിലും ഉള്ള ഗുണഭോക്തക്കളുടെ തെരഞ്ഞെടുപ്പ് അവർക്കു ലഭിച്ച മാർക്കുകളുടെ അടി സ്ഥാനത്തിൽ ആയിരിക്കണമെന്നും, തെരഞ്ഞെടുക്കപ്പെട്ടവരുടെ കരടുലിസ്റ്റ്, പൊതു ജന ങ്ങളുടെ അഭിപ്രായങ്ങൾ മാനിച്ചുകൊണ്ട് പ്രസിദ്ധീകരിക്കേണ്ടതാണെന്നും പദ്ധതി നിർവ്വ ഹണ സഹായി 98-99 എന്ന കൈപ്പുസ്തകത്തിലെ പേജ് 29-ൽ പ്രസ്താവിച്ചിട്ടുണ്ട്.

എന്നാൽ വൈക്കം നരെസഭയുടെ വാർഡുസകളുടെ നടത്തിപ്പും ഗുണഭോക്താക്ക ളുടെ തെരഞ്ഞെടുപ്പും ഗവ.അംഗീകൃത മാനദണ്ഡങ്ങൾക്കനുസരിച്ചല്ല എന്നു കാണുന്നു. മിനിറ്റ്സ് പരിശോധനയിൽ കാണപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1)വാർഡുസഭകൾ കൃത്യമായ ഇടവേളകളിൽ വിളിച്ചു കൂട്ടുന്നതായി കാണുന്നില്ല.

1994-ലെ കേരളാ മുനിസിപ്പൽ ആക്റ്റ്, സെക്ഷനുകൾ 42എ (3) 44 (1) എന്നിവ അനുസരിച്ച് വാർഡുസഭകൾ മൂന്നു മാസത്തിൽ ഒരിക്കെലെങ്കിലും വിളിച്ചുകൂട്ടേണ്ടതാണ്. എന്നാൽ വൈക്കം നഗരസഭയിലെ 23 വാർഡുകളിലും വാർഡുസഭകൾ പ്രസ്തുത മൂന്നുമാ സത്തിലൊരിക്കൽ വിളിച്ചുകൂട്ടണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

മിക്ക വാർഡുകളിലും വാർഡുസഭകൾ ഒരു വർഷത്തിൽ പരമാവധി മൂന്നു പ്രാവ ശ്യം അല്ലെങ്കിൽ രണ്ടുപ്രാവശ്യം എന്ന ക്രമത്തിലാണ് വിളിച്ചു ചേർത്തു കാണുന്നത്. രണ്ടു വാർഡുകളിലെ വാർഡുസഭകൾ മൂന്നുമാസത്തിലൊരിക്കൽ വിളിച്ചു ചേർക്കുന്നതിൽ രണ്ടു പ്രാവശ്യം വീഴ്ചവന്നതായി കാണുന്നു. വാർഡു നമ്പർ 2 (പെരുഞ്ചില വാർഡ്) 10.6.2007 നു ശേഷം 20.4.2008-ൽ മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്. 9 മാസത്തെ ഇടവേളയ്ക്ക് ശേഷമാണ് ടി വാർഡുസഭ വിളിച്ചു ചേർത്തത്. വാർഡു നമ്പർ XX (കോവിലകത്തും കടവ് വാർഡ്) 15.3.07 നു ശേഷവും വിളിച്ചു ചേർത്തത്. 9.12.07-ൽ ആണ്. 8 മാസത്തെ ഇടവേ ളയ്ക്കു ശേഷമാണ് വാർഡുസഭ വിളിച്ചു ചേർത്തത്. 2-ാം വാർഡു കൗൺസിലർ ശ്രീ.ബി. ചന്ദ്രശേഖരൻ നായരും, XX-ാം വാർഡു കൗൺസിലർ ശ്രീമതി. സലീന രതീശനും ആണ്. 1999-ലെ കേരളാ മുനിസിപ്പൽ ആക്റ്റ് സെക്ഷൻ 91 (ഓ) പ്രകാരം വാർഡുസഭ മൂന്നുമാസ ത്തിലൊരിക്കൽ വളിച്ചു ചേർക്കുന്നതിൽ രണ്ടു പ്രാവശ്യം വീഴ്ച വരുത്തുന്ന കൗൺസി ലറെ അയോഗ്യനാക്കേണ്ടതാണ്

വാർഡുസഭകൾ ചേർത്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജില്ല | കോട്ടയം |
| നഗരസഭയുടെ പേര് | വൈക്കം |

| വാർഡു നമ്പരും, വാർഡിന്റെ പേരും | വോട്ടർ പട്ടികയിലെ വോട്ടർമാർ | ചേർത്ത വാർഡു സഭകളും തീയതിയും | ഹാജർ നില | പങ്കെടുത്ത സ്ത്രീകൾ | വാർഡു സഭ ചേർത്ത തിനുള്ള ചെലവ് | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1, ഉദയനാപുരം വാർഡ് | 847 | 1.)8.6.07<br>2) 9.12.07 | 74<br>79 | 58<br>60 | 500<br>500 | |
| 2പെരുഞ്ചില വാർഡ് | 856 | 1)10.6.07 | 59 | 17 | 500 | |

| | | | | | | |
|---|---|---|---|---|---|---|
| 3,പരിയ്ക്കാ പ്പള്ളി വാർഡ് | 938 | 1)9.6.07<br>2)9.12.07 | 59<br>43 | 33<br>27 | 500<br>500 | |
| 4,വി.കെ.വേല പ്പൻ വാർഡ് | 929 | 1)10.6.07<br>2) 7.12.07 | 86<br>54 | 55<br>24 | 500<br>500 | |
| 5,ഇൻഡസ്ട്രി യൽ വാർഡ് | 1031 | 1)9.6.07<br>2)7.12.07 | 53<br>72 | 43<br>43 | 500<br>500 | |
| 6ചുള്ളിത്തറ വാർഡ് | 805 | 1)10.6.07<br>2)10.12.07 | 101<br>73 | 69<br>40 | 500<br>500 | |
| 7,അമലഗിരി വാർഡ് | 911 | 1)7.6.07<br>2)7.12.07 | 70<br>60 | 62<br>52 | 500<br>500 | |
| 8,അമലപുരി വാർഡ് | 766 | 1)8.6.07<br>2)18.12.07 | 73<br>64 | 62<br>44 | 500<br>500 | |
| 9,ആറാട്ടുകുള ങ്ങര വാർഡ് | 922 | 1)6.6.07<br>2)9.12.07 | 46<br>51 | 40<br>49 | 500<br>500 | |
| 10,കാളിയമ്മ നട വാർഡ് | 856 | 1)7.6.07<br>2)7.12.07 | 120<br>111 | 78<br>90 | 500<br>500 | |
| 11,പെരുമ്പള്ളി യാഴം വാർഡ് | 904 | 1)10.6.07<br>2) 8.12.07 | 132<br>113 | 72<br>84 | 500<br>500 | |
| 12,വിജയാ തീയേറ്റർ വാർഡ് | 950 | 1)7.6.07<br>2)7.12.07 | 84<br>87 | 72<br>77 | 500<br>500 | |
| 13,തുരുത്തി ക്കര വാർഡ് | 973 | 1)66.07<br>2)14.12.07 | 137<br>151 | 118<br>127 | 500<br>500 | |
| 14,കോൺവെന്റ് വാർഡ് | 1003 | 1)10.6.07<br>2)8.12.07 | 64<br>50 | 48<br>31 | 500<br>500 | |

**2) ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ക്രമപ്രകാരമല്ല.**

നഗരസഭയിലെ ജനകീയാസൂത്രണ പ്രക്രിയയുടെ ഭാഗമായി നടക്കുന്ന ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് നിയമാനുസൃതമല്ല എന്നു കരുതേണ്ട സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രാമസഭ അംഗീകരിച്ച വ്യക്തിഗത ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് അപ്പോൾതന്നെ മിനിറ്റ്സിൽ രേഖപ്പെടുത്തി പരമാവധി ആളുകളെക്കൊണ്ട് ഒപ്പിടവിക്കണമെന്നും വാർഡു സഭയുടെ അദ്ധ്യക്ഷൻ, കൺവീനർ, സെക്രട്ടറി, കോ-ഓർഡിനേറ്റർ, പരിശോധനാ കമ്മിറ്റി അംഗങ്ങൾ സബ്ഗ്രൂപ്പ് ലീഡർമ്മാർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ നിർബന്ധമായും അവിടെ വെച്ചു തന്നെ ഗുണഭോക്തൃ ലിസ്റ്റിൽ ഒപ്പുവെച്ചിരിക്കണമെന്നും കില പ്രസിദ്ധീകരിച്ച പരിശീലന കൈപ്പുസ്തകത്തിലെ പ്രാദേശികാസൂത്രണവും പദ്ധതി രൂപീകരണ മാർഗ്ഗരേഖയും എന്ന അദ്ധ്യായത്തിലെ ഖണ്ഡിക 10-7-ൽ നിർദ്ദേശിച്ചിട്ടുണ്ട്. വൈക്കം നഗരസഭയിലെ 23 വാർഡുകളുടെ മിനിറ്റ്സിലും പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് വെട്ടിത്തിരുത്തിയും, വൈറ്റ്നർ കൊണ്ട് മായിച്ചും, കോ-ഓർഡിനേറ്ററും വാർഡു കൗൺസിലറും ഒപ്പിട്ട് മിനിറ്റ്സ് ക്ലോസ് ചെയ്തതിനു ശേഷം വീണ്ടും ഗുണഭോക്താക്കളുടെ പേര് എഴുതിച്ചേർത്തും ആണ് പല വാർഡുകളിലെയും മിനിറ്റ്സ് ബുക്കുകൾ കാണപ്പെടുന്നത്.

മിനിറ്റ്സ് പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**എ) വാർഡ് 11 പെരുമ്പള്ളിയാഴം വാർഡ്**

14.9.06-ൽ ചേർന്ന വാർഡു സഭയുടെ യോഗ മിനിറ്റിസിനുശേഷം വ്യക്തിഗത ഗുണഭോക്താക്കളുടെ മുൻഗണനാ ലിറ്റ് ചേർത്തിട്ടുണ്ട്. ഇതിൽ വീട് മെയിന്റനൻസിൽ 29 പേരുടെ ലിസ്റ്റ് എഴുതി കോ-ഓർഡിനേറ്ററും വാർഡു കൗൺസിലറും ഒപ്പുവെച്ച ശേഷം വീട് മെയിന്റനൻസ് മുൻഗണനാ ലിസ്റ്റ് എന്ന പേരിൽ 25 പേരുടെ പേരുകൾ എഴുതി ചേർത്തിരിക്കുന്നു. ഇതിൽ ആദ്യ ലിസ്റ്റിൽ ഉള്ള കെ.കെ.രാജപ്പൻ കിഴക്കുംതറ, കാർത്ത്യായനി കുന്നപ്പള്ളിൽ, രാജമ്മ മനയ്ക്കലത്തുചിറ, മിനി രാമചന്ദ്രൻ വലാഞ്ചിത്തറ, ചന്ദ്രിക ജി. ആറുപള്ളിൽ, ഭാസ്ക്കരൻ എം.കെ.കളത്തിപ്പറമ്പിൽ, കരുണാകാരൻനായർ എളമംഗലം, കുമാരി രഘുവരൻ പടിഞ്ഞാറേ ഒടിയത്തറ, മുരളീധരൻ നായർ പറൂപ്പറമ്പ്,ശോഭന എസ്.

പുത്തൻപുര, രാജമ്മ മോഹനൻ ശ്രീജഭവൻ എന്നിവർ രണ്ടാമത്തെ ലിസ്റ്റിൽ ഇല്ല. രണ്ടാമത്തെ ലിസ്റ്റിൽ ഉള്ള ഉത്തമൻ കുന്നപ്പള്ളിൽ, ലക്ഷ്മി ലക്ഷ്മി നിവാസ് തെക്കേനട, അജയ്ഘോഷ് കളത്തിപ്പറമ്പിൽ, ചന്ദ്രിക പടിഞ്ഞാറെ ഒടിയത്തറ,ബാബു കടവിത്തറ, രാജൻ കിഴക്കുംതറ, ശ്രീധരൻ മടുംപറമ്പിൽ എന്നിവർ ആദ്യ ലിസ്റ്റിൽ ഇല്ല.

**ബി) വാർഡ് xiii തുരുത്തിക്കര വാർഡ്**

14.1.07 ൽ വാർഡുസഭ ചേർന്നതായി ഹാജർ രേഖപ്പെടുത്തിയിട്ടുണ്ട്. –ആകെ 73 പേർ പങ്കെടുത്ത ഈ സഭയുടെ മിനിറ്റ്സ് എഴുതി ചേർക്കുകയോ ക്ലോസ് ചെയ്ത് വാർഡ് കൗൺസിലർ കോ.ഓർഡിനേറ്റർ എന്നിവർ ഒപ്പു വയ്ക്കുകയോ ചെയ്തിട്ടില്ല.

**സി) വാർഡ് xv- കായിപ്പുറം വാർഡ്**

21.5.06–ൽ ചേർന്ന വാർഡ്സഭയുടെ മിനിറ്റ്സ് ക്ലോസ് ചെലവ് ഒപ്പുവച്ചിട്ടില്ല.

**ഡി) വാർഡ് xviii- മുനിസിപ്പൽ ഓഫീസ് വാർഡ്**

9.12.07–ൽ ചേർന്ന വാർഡുസഭയിൽ അംഗീകരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തിഗത ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റിൽ വീട്ടുമുറ്റം മണ്ണിട്ടുയർത്തൽ എന്ന സ്കീമിൽ 2 പേർ, ഡ്രൈവിങ് പരിശീലനം 1, സൈനിക പരിശീലനം 1, വാഴകൃഷി, 1, ജനറൽ വിഭാഗം വീടുമെയിന്റനൻസ് 11 എന്നിങ്ങനെ പേരുകളുണ്ട്. ഇതിൽ വീടുമുറ്റം മണ്ണിട്ടുയർത്തൽ, വാഴകൃഷി എന്നീ സ്കീമുകളിൽ ഗുണഭോക്താക്കളുടെ പേരുകൾ പിന്നീട് എഴുതി ചേർത്തതാണ്. ലിസ്റ്റിനു താഴെ വാർഡു കൗൺസിലർ ഒപ്പുവച്ചിട്ടില്ല.

**ഇ) വാർഡ് xix എൽ.എഫ്.ചർച്ച് വാർഡ്**

16.9.06–ൽ ചേർന്ന വാർഡുസഭയിൽ വ്യക്തിഗത ഗുണഭോക്താക്കളുടെ പേരുകൾ അംഗീകരിച്ചതായി കാണുന്നു. എന്നാൽ ഗുണഭോക്താക്കളുടെ പേരുകൾ എഴുതിച്ചേർത്ത ശേഷം ആരും ഒപ്പുവെച്ചിട്ടില്ല.

**എഫ്. വാർഡ് xx**

26.5.06–ൽ ചേർന്ന വാർഡുസഭയിൽ നടന്ന ചർച്ചകളുടെ വിവരങ്ങളൊന്നും മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. '' സഭയിലെ അംഗങ്ങളുടെ ചർച്ചയിൽ നിന്ന് വാർഡിന്റെ വികസനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു'' എന്ന ഒരേ ഒരു വാചകം മാത്രമാണ് ചർച്ചയെ സംബന്ധിച്ചുള്ളത്. മുനിസിപ്പൽ ഉദ്യോഗസ്ഥർ കൃതജ്ഞത പറഞ്ഞു എന്നു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഉദ്യോഗസ്ഥന്റെ പേരോ ഒപ്പോ രേഖപ്പെടുത്തിയിട്ടില്ല.

**ജി. XXI പോളശ്ശേരി വാർഡ്**

26.5.06–ൽ ചേർന്നതായി രേഖപ്പെടുത്തിക്കാണുന്നുണ്ടെങ്കിലും പങ്കെടുത്തവരുടെ പേരും മേൽ വിലാസവും മറ്റും എഴുതാനുള്ള സ്ഥലം ശൂന്യമാണ്. 26–ാം പേജിൽ 14 പേർ പേരെഴുതി ഒപ്പിട്ടിട്ടുണ്ട്. ഇതിനു താഴെ വീണ്ടും പേരുകൾ എഴുതി ചേർക്കാൻ സ്ഥലം വിട്ടിരിക്കുകയാണ്. അതിനുശേഷം വാർഡ് കൗൺസിലർ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. 18.9.06 ലെ മിനിറ്റ്സിൽ വ്യക്തിഗത ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് എഴുതി ചേർത്തിട്ടുണ്ട്. പൂഴിവിരിക്കൽ എന്ന പദ്ധതിക്ക് 6 വരെ ക്രമനമ്പർ എഴുതിയിട്ടുണ്ട്. 4.5 നമ്പരുകൾക്കു നേരെ പേരുകൾ എഴുതിയിട്ടില്ല. എസ്.സി വിഭാഗത്തിൽപെട്ടവർക്കുള്ള വീടു മെയിന്റനൻസ് എന്ന സ്കീമിൽ 6 വരെ ക്രമനമ്പർ എഴുതിയിട്ടുണ്ടെങ്കിലും ഒരാളിന്റെ പേരു മാത്രമേ എഴുതിയിട്ടുള്ളൂ.

7.12.07–ൽ ചേർന്ന വാർഡുസഭയിൽ അംഗീകരിച്ചതായി പറയുന്ന ലിസ്റ്റിൽ ജനറൽ വിഭാഗം തെങ്ങുകൃഷി വികസനം, വാഴകൃഷി എന്നീ വിഭാഗങ്ങളിൽ ആരുടെയും പേരെഴുതിയിട്ടില്ല. പേരെഴുതുന്നതിനുള്ള സ്ഥലം ശൂന്യമാക്കി ഇട്ടിരിക്കുകയാണ്. വീടുമെയിന്റനൻസ്(സ്ത്രീ ഗൃഹനാഥ) എന്ന സ്കീമിൽ ആരുടെയും പേര് എഴുതിയിട്ടില്ല. എഴുതുന്നതിനുള്ള സ്ഥലം അവശേഷിച്ചിട്ടുണ്ട്. പട്ടികജാതിക്കാർക്കുള്ള പ്രോജക്റ്റുകളിൽ സ്വയംതൊഴിൽ പദ്ധതി, ഡ്രൈവിങ് പരിശീലനം, സൈനിക പരിശീലനം, ഭൂരഹിതർക്കുഭൂമി, ഭവന നിർമ്മാണം, വീടു വയറിങ്, വിവാഹ ധനസഹായം എന്നീ ഇനങ്ങളിൽ ആരുടേയും പേരുകൾ എഴുതിയിട്ടില്ലെങ്കിലും പേരുകൾ പിന്നീട് എഴുതി ചേർക്കുന്നതിന് സ്ഥലമുണ്ട്. മിനിറ്റ്സ് ക്ലോസ് ചെയ്തിട്ടില്ല.

### എച്ച്. XXIII ഇ.വി.വാർഡ്

8.12.07-ൽ ചേർന്ന വാർഡുസഭയിൽ ജനറൽ വിഭാഗത്തിൽ തെങ്ങുകൃഷി വികസനം, വാഴകൃഷി വികസനം, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്, പട്ടികജാതി വിഭാഗം സ്വയം തൊഴിൽ പദ്ധതി, ഡ്രൈവിങ് പരിശീലനം, ടി ഹെവി, സൈനിക പരിശീലനം, ഭൂരഹിതർക്കുഭൂമി, ഭവന നിർമ്മാണം, വീടു വയറിങ്, വിവാഹ ധനസഹായം, പുഴിയിടൽ എന്നീ ഇനങ്ങളിൽ മുൻഗണനാ ലിസ്റ്റ് എഴുതിയിട്ടില്ല. പിന്നീട് എഴുതിച്ചേർക്കാത്ത വിധത്തിൽ ആയതിനുള്ള സ്ഥലം ശൂന്യമാക്കി ഇട്ടിരിക്കുകയാണ്.

### ഐ. VII അമലാപുരി വാർഡ്

16.9.06-ൽ ചേർന്ന വാർഡുസഭയിൽ വീടുമെയിന്റനൻസ് ജനറൽ വിഭാഗത്തിൽ 38 പേരുടെ പേരെഴുതിയശേഷം വീണ്ടും പേരുകൾ എഴുതി ചേർക്കത്തക്കവിധം സ്ഥലം വിട്ടിട്ടുണ്ട്. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം എന്ന സ്കീമിൽ 3 പേർ, ഭവനനിർമ്മാണം 1,ഭൂരഹിതർക്കു ഭൂമി1, എന്നിങ്ങനെ പേരുകൾ രേഖപ്പെടുത്തിയ ശേഷം വീണ്ടും പേരുകൾ രേഖപ്പെടുത്താൻ സ്ഥലം വിട്ടിരിക്കുകയാണ്. 7.12.07-ൽ ചേർന്ന വാർഡുസഭയിൽ ഭവനനിർമ്മാണം വ്യക്തിഗത ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് എഴുതിയ ശേഷം വൈറ്റ്നർ ഉപയോഗിച്ച് വീണ്ടും എഴുതി ചേർത്തിരിക്കുകയാണ്.

### ജെ. വാർഡ് II പെരുഞ്ചില വാർഡ്

17.9.06-ലെ വാർഡുസഭാ മിനിറ്റ്സ് രേഖപ്പെടുത്തിയ ശേഷം വ്യക്തിഗത ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ വീടു മെയിന്റനൻസ് പദ്ധതിയിൽ 4 പേർ, വിവാഹ ധനസഹായം 2 പേർ, സ്വയം തൊഴിൽ പദ്ധതി 1, വീട് വയറിങ് 1, കക്കൂസ് നിർമ്മാണം 3 എന്ന ലിസ്റ്റാണ് ആദ്യം എഴുതിയത്. പ്രസ്തുത ലിസ്റ്റ് എഴുതി ചേർത്ത ശേഷം മിനിറ്റ്സ് ക്ലോസ് ചെയ്ത് കോ-ഓർഡിനേറ്ററും കൺവീനറും ഒപ്പിട്ടു ശേഷം വീണ്ടും താഴെപ്പറയും പ്രകാരം ലിസ്റ്റ് എഴുതി ചേർത്തു കാണുന്നു.

| | |
|---|---|
| വീടു മെയിന്റനൻസ് | 15 പേർ |
| വീടു മെയിന്റനൻസ് (എസ്സ്.സി) | 5 പേർ |
| കക്കൂസ് നിർമ്മാണം (എസ്സ്.സി) | 11 പേർ |
| വിവാഹ ധനസഹായം(എസ്സ്.സി) | 2 പേർ |
| വയറിങ് 2 പേർ | |
| വീട്ടുമുറ്റും ഗ്രാവൽ ഇട്ട് ഉയർത്തൽ | 9 പേർ |
| പ്രത്യേക കന്നുക്കുട്ടി പരിപാലനം | 2 പേർ |

എന്നിവരുടെ പേരുകൾ എഴുതിച്ചേർത്തു. ഭവനനിർമ്മാണം(എസ്.സി) വിഭാഗത്തിൽ രണ്ട് പേരുടെ പേരുകൾ ഇതിനോടൊപ്പം എഴുതിച്ചേർത്തശേഷം 6 പേരുടെ പേരുകൾ സ്ഥലം ഇല്ലെങ്കിലും കൂട്ടിച്ചേർത്ത് എഴുതിയിരിക്കുകയാണ്.

മേൽ വിവരിച്ചതു പ്രകാരം നഗരസഭയിലെ ഒട്ടുമിക്ക വാർഡുകളുടെയും മിനിറ്റ്സ് ബുക്കുകളിൽ കാണുന്ന വ്യക്തിഗത ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് യഥാർത്ഥത്തിൽ വാർഡുസഭകളിൽ നിയമാനുസൃതം വായിച്ച് അംഗീകരിക്കപ്പെട്ടവയാണെന്ന് കരുതാൻ കഴിയാത്ത വിധത്തിലാണ് രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്. മുൻഗണനാ ലിസ്റ്റുകൾ വാർഡുസഭകളിൽ വെച്ച് രേഖപ്പെടുത്താതെ പിന്നീട് എഴുതിച്ചേർക്കുന്നതും, വെട്ടിത്തിരുത്തുന്നതും, വൈറ്റ്നർ ഉപയോഗിച്ച് മായിച്ചുകളഞ്ഞശേഷം മറ്റു പേരുകൾ എഴുതിച്ചേർക്കുന്നതും, പിന്നീട് എഴുതിച്ചേർക്കത്തക്കവിധം ക്രമനമ്പർ രേഖപ്പെടുത്തുന്നതുമായ വിഷയങ്ങൾ സമഗ്രമായ അന്വേഷണത്തിനു വിധേയമാക്കി ഉത്തരവാദികൾക്കെതിരെ നടപടി എടുക്കേണ്ടതാണ്.

**2007-08 പദ്ധതി വിഹിതം ലഭിച്ചതും ചെലവഴിച്ചതും**

2007-08 വർഷം പദ്ധതി വിഹിതം ലഭിച്ചതും വിനിയോഗിച്ചതുമായ തുകൾ സംബന്ധിച്ച വിവരം താഴെ പ്രതിപാദിപ്പിക്കുന്നു.

| ഇനം | 06-07-ലെ കാരി ഓവർ തുക | 07-08-ൽ ലഭിച്ചത് | ആകെ | 07-08ൽ ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 158992 | 7642000 | 7800992 | 7776762 | 24230 | 99.69 |

| | | | | | | |
|---|---|---|---|---|---|---|
| പ്രത്യേക ഘടകപദ്ധതി | 203006 | 2606000 | 2809006 | 2792093 | 16913 | 99.40 |
| പട്ടികവർഗ്ഗ ഉപ പദ്ധതി | - | - | - | - | - | - |
| ആകെ | 361998 | 10248000 | 10609998 | 10568855 | 41143 | 99.61% |

പദ്ധതി വിഹിതം ഏതാണ്ട് പൂർണ്ണമായും ചെലവഴിക്കാൻ ശ്രദ്ധ പുലർത്തിയ ഭരണ സമിതിയുടെ നടപടികൾ ശ്ളാഘനീയമാണ്.

**3.16 കാരയിൽ കണിയൻ തോട് റോഡ് നിർമ്മാണം പ്രോജക്റ്റ് തയ്യാറാക്കൽ മുതൽ അപാകതകൾ, ചെലവു തടസ്സപ്പെടുത്തുന്നു.**

പ്രോജക്റ്റിന്റെ പേര്: കരയിൽ കണിയൻ തോട് നിർമ്മാണം

പ്രോജക്റ്റ് നമ്പർ: എസ്.0.85/07

സാങ്കേതികാനുമതി നമ്പർ: ഇല്ല

പി.എ.സി തുക; 1,99,349/-

അളവു പുസ്തകം നമ്പർ: 8/05

കോൺട്രാക്റ്റർ : ശ്രീ.എൻ.തങ്കപ്പൻ

കാരയിൽ കണിയൻതോട് റോഡിൽ കലുങ്കു നിർമ്മിച്ചും മണ്ണുനിരത്തിയും റോഡ് നിർമ്മിക്കുന്നതിനുവേണ്ടിയാണ് പ്രോജക്റ്റ് തയ്യാറാക്കിയത്. പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1.പ്രോജക്റ്റ് പ്രൊഫോർമയിലെ കോളങ്ങൾ പൂരിപ്പിച്ചിട്ടില്ല.**

പ്രോജക്റ്റ് പ്രൊഫോർമയിലെ ഖണ്ഡിക 5-4-ൽ റോഡിന്റെ പേര് അല്ലാതെ മറ്റ് യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല റോഡിന്റെ ചെയിനേജ്, പുനരുദ്ധാരണമാണോ പുതിയ നിർമ്മിതിയാണോ, സ്പെസിഫിക്കേഷൻ (റോഡിന്റെ വർഗ്ഗീകരണം, വീതി, കാരിയേജ്വേയുടെ വീതി, നീളം) തുടങ്ങിയ വിശദാംശങ്ങൾ ഇല്ല. കലുങ്കു നിർമ്മാണത്തിന് തുക വകയിരുത്തിയിട്ടുള്ള പ്രോജക്റ്റിന്റെ കലുങ്കു നിർമ്മാണത്തിന് ഉപയോഗിക്കുന്ന നിർമ്മാണ സാമഗ്രികളെപ്പറ്റിയുള്ള വിവരണം, ഉയരം, നീളം, ആഴം, സിമന്റ് കോൺക്രീറ്റ്, റബ്ബിൾ മേസനറി, പൈപ്പ്, ആർച്ച് തുടങ്ങിയ വിവരങ്ങളില്ല. സമയപട്ടിക ധനവിനിയോഗപട്ടിക, മോണിട്ടറിങ് സമിതിയുടെ ഘടന, മോണിട്ടറിങ് നടത്തേണ്ട പ്രോജക്റ്റ് നിർവ്വഹണ ഘടകങ്ങൾ എന്നിവ വിശദമാക്കിയിട്ടില്ല. ടെക്നിക്കൽ കമ്മിറ്റി/സബ്ബ് ഗ്രൂപ്പിന്റെ സാങ്കേതിക പരിശോധന റിപ്പോർട്ടും ശുപാർശയും രേഖപ്പെടുത്തിയിട്ടില്ല. ഏറ്റവും ശോചനീയമായ സംഗതി സാങ്കേതികാനുമതിയെ സംബന്ധിച്ചുള്ളതാണ്. ടെക്നിക്കൽ കമ്മിറ്റിയുടെ/സബ് ഗ്രൂപ്പിന്റെ പേര്, ഫയൽ നമ്പർ, തീയതി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നുണ്ടോ ഇല്ലയോ, ഉണ്ടെങ്കിൽ തുക എത്ര, ടെക്നിക്കൽ കമ്മറ്റി/സബ്ഗ്രൂപ്പിനുവേണ്ടി ചെയർപേഴ്സൻ/കോ.ഓർഡിനേറ്റർ/മെമ്പർ/ കൺവീനർ എന്നിവരുടെ പേര്,ഔദ്യോഗിക പദവി, മേൽ വിലാസവും, ഒപ്പ് തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല. ഓഫിസ് മുദ്ര പതിപ്പിച്ചിട്ടില്ല. ഇത് 1997-ലെ കേരളാ മുനിസിപ്പാലിറ്റി പൊതുമരാമത്ത് പ്രവൃത്തി നടപ്പാക്കലും, സാധനങ്ങൾ വാങ്ങലും നിയമങ്ങളിലെ 7-ാം നിയമത്തിന്റെ ലംഘനമാണ്.

**2. ടെൻഡർ വിശദാംശങ്ങൾ ലഭിച്ചില്ല**

ടെൻഡർ നോട്ടീസിന്റെ കോപ്പി ഫയലിൽ കാണുന്നു. എന്നാൽ എത്ര ടെണ്ടറുകൾ ലഭിച്ചു, ഓരോ കോൺട്രാക്ടർമാരും ക്വോട്ടു ചെയ്ത നിരക്കെത്ര തുടങ്ങിയ വിവരങ്ങൾ ലഭ്യമായില്ല. പൂർണ്ണമായ വിശദാംശങ്ങൾ ഫയലിൽ ഇല്ല.

**3.എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരമുള്ള പ്രവൃത്തി ചെയ്തിട്ടില്ല.**

കലുങ്കു നിർമ്മിച്ച ശേഷം ഗ്രാവൽ വിരിച്ച് റോഡ് ഉയർത്തുന്ന പ്രവ്യത്തി എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 1% കുറവു നിരക്കിൽ ചെയ്തുകൊള്ളാമെന്ന് സമ്മതിച്ചാണ് കരാറുകാരൻ എഗ്രിമെന്റ് വെച്ചത്. എഗ്രിമെന്റ് വ്യവസ്ഥകൾ കരാറുകാരൻ പാലിച്ചില്ല എന്നു മാത്രമല്ല വ്യവസ്ഥകൾ കരാറുകാരൻ എഗ്രിമെന്റ് വെച്ചത്. എഗ്രിമെന്റ് വ്യവസ്ഥകൾ പാലിക്കാത്തതിന് ടിയാന്റെ മേൽ നിയമപരമായ നടപടികൾ കൈക്കൊണ്ടതായും രേഖയില്ല.

''അതിശക്തമായ വെള്ളപൊക്കവും കായലിൽ നിന്നുള്ള വേലിയേറ്റവും നിമിത്തം കലുങ്കു നിർമ്മിക്കുവാൻ കഴിയുകയില്ലെന്നും ആയതിനാൽ കലുങ്കുപണി വേണ്ടെന്നുവെച്ച് പൂഴി ഇട്ട വേല ഫൈനൽ ബിൽ ആക്കിത്തരണമെന്ന്'' കരാറുകാരൻ അപേക്ഷിച്ചതിന്റെ അടി

സ്ഥനത്തിൽ മണ്ണു നിരത്തിയ പ്രവൃത്തിയുടെ വാല്യേഷൻ എടുത്ത് ആയതിന്റെ പണം കൊടുത്ത് ഇടപാട് അവസാനിപ്പിക്കുകയാണ് ഉണ്ടായത്.

എം3ന് 215.75 രൂപ നിരക്കിൽ 625 എം3 മണ്ണ് നിരത്തലാണ് എസ്റ്റിമേറ്റിലെ അവ സാന ഇനം. 536.59 എം3 മണ്ണ് നിരത്തിയതായും ആയതിന് 1,15,769.29 രൂപ വേലമൂല്യം കണക്കാക്കിയതായും കാണുന്നു. ഇതിൽ നിന്നും കരാറുകാരൻ ക്വോട്ടു ചെയ്ത 1% കുറവ് ചെയ്ത് 1,14,611/- രൂപ കൊടുത്തു. ഇത് കരാറുകാരൻ മുനിസിപ്പൽ സെക്രട്ടറിയുമായി ചമച്ച കരാറിന്റെ ലംഘനമാണ്. ആയതിനാൽ കേരളാ സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ ഖണ്ഡിക 1-37 അനുശാസിക്കും പ്രകാരം മുനിസിപ്പാലിറ്റി വർക്ക് സൈറ്റ് ഏറ്റെടുത്ത് അവ ശേഷിക്കുന്ന പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പൂർത്തീകരിക്കുന്നതി നുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രോജക്റ്റ് തയ്യാറാക്കിയതു മുതൽ ഫൈനൽ ബിൽ കൊടുക്കുന്നതുവരെയുള്ള പ്രാഥമികവും അന്തിമവുമായ ഘട്ടങ്ങളിൽ നിയമലംഘനങ്ങൾ കാണപ്പെട്ടതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു

**പേമെന്റ് വിവരങ്ങൾ**

| തുക | ബിൽ നമ്പർ |
|---|---|
| 41881 | ഇ3/1213/07/30.3.07 |
| 50000 | ഇ3/1213/07/30.11.07 |
| 22730 | ഇ3/1213/07/22.3.08 |
| 114611.00 | |

**3.17 ടാർ : ഡിപ്പാർട്ട്മെന്റൽ സപ്ലൈ : ആവശ്യത്തിലധികം വിതരണം നടത്തി.**

വൈക്കം നഗരസഭയിൽ നടപ്പാക്കിയ റോഡ് നന്നാക്കൽ പ്രവൃത്തികൾക്ക് ടാർ സപ്ലൈ ചെയ്തതായി കാണുന്നു. ടാറിങ്ങിനും റീടാറിങ്ങിനുമാണ് ടാർ വിതരണം നടത്തി യത്. പ്രസ്തുത പ്രവൃത്തികൾക്ക് ആവശ്യമായതിലും അധികം ടാർ കൊടുത്തതായും ബാക്കി വന്ന ടാർ തിരികെ വാങ്ങാത്തതായും കാണുന്നു.

**1.പതിനൊന്നാം വാർഡിൽ എ.കെ.ജി. കപ്പോളച്ചിറ റോഡ് റീടാറിങ്**

561 ച.മീ. റീടാറിങ് നടത്തുന്നതിന് 26.6 കി.ഗ്രാം/ ചി.മീ. നിരക്കിൽ 1492.26 കി.ഗ്രാം. ടാറാണ് ആവശ്യമുള്ളത്. എന്നാൽ 1767.26 കി.ഗ്രാം. ടാറാണ് ബിറ്റുമിൻ സ്റ്റോക്ക് രജി സ്റ്റർ പേജ് ആറിലെ രേഖപ്പെടുത്തലുകൾ പ്രകാരം കൊടുത്തിട്ടുള്ളത്. ഉപയോഗിച്ച ശേഷം ബാക്കി വന്ന 104.74 കി.ഗ്രാം. ടാർ കരാറുകാരൻ തിരികെ ഏല്പിച്ചുവെന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ ആയത് തിരികെ സ്റ്റോക്കിൽ എടുത്തിട്ടില്ല.

1. **എസ്.എൻ.ഡി.പി. ശ്മശാനം റോഡ് ടാറിങ്**

   660 ച.മീ. ടാറിങ്ങിന് 1920.60 കി.ഗ്രാം. ടാർ ആവശ്യമാണ്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം അത്രയും ടാർ കരാറുകാരന് കൊടുത്തതായി കാണുന്നു. എന്നാൽ അളവു പുസ്തകം നമ്പർ 28/07 പേജ് 14 ൽ 2028 കി.ഗ്രാം. (136 ബാരൽ) ടാർ ലഭിച്ചതായും 1920.60 കി.ഗ്രാം. ഉപയോഗിച്ച ശേഷം ബാക്കി വന്ന 107.40 കി.ഗ്രാം. തിരികെ ലഭിച്ച തായും രേഖപ്പെടുത്തിക്കാണുന്നു. എന്നാൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തിക്കാ ണുന്നു. എന്നാൽ ഇതു സംബന്ധമായ രേഖപ്പെടുത്തലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ഇല്ല.

3. **പുളിഞ്ചുവട് പരുത്തിമൂട് റോഡ് റീടാറിങ്**

   975 ച.മീ. റീടാറിങ് നടത്തിയതായി അളവു പുസ്തകത്തിൽ കാണുന്നു. ഇതിന് 2593.50 കി.ഗ്രാം. ടാറാണ് ആവശ്യമായത്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പേജ് 6 പ്രകാരം 18.2.08 ൽ 3276 കി.ഗ്രാം. (21 ബാരൽ) ടാർ കൊടുത്തതായി കാണുന്നു. 3241.15 കി.ഗ്രാം. ടാർ പ്രവൃത്തിക്ക് ആവശ്യമായതായി രേഖപ്പെടുത്തിയ ശേഷം ബാക്കിയുള്ള 34.85 കി.ഗ്രാം. തിരികെ ലഭിച്ചതായി അളവു പുസ്തകത്തിൽ പറയു ന്നു. ഇത്രയും ടാർ സ്റ്റോക്ക് രജിസ്റ്ററിൽ വരവെടുത്തിട്ടുമുണ്ട്. എന്നാൽ 975 ച.മീ. റീടാറിങ് നടത്തുന്നതിന് 2593.5 കി.ഗ്രാം. ടാറാണ് ആവശ്യമായത്. 647.65 കി.ഗ്രാം. ടാർ അധികം കൊടുത്തതായി കാണുന്നു.

**4. ചുള്ളിത്തറ റോഡ് റീടാറിങ്**

1050 ച.മീ. റീടാറിങ് നടത്തിയതായി 33/04 നമ്പർ അളവു പുസ്തകത്തിൽ കാണുന്നു. സ്റ്റോക്ക് രജിസ്റ്റർ പേജ് 6 പ്രകാരം 3283.60 കി.ഗ്രാം. ടാർ കരാറുകാരൻ കൈപ്പറ്റി. 1050 ച.മീ. റീടാറിങ് നടത്തുന്നതിന് 2793 കി.ഗ്രാം. ടാറാണ് ആവശ്യമായത്. 3283.60 കി.ഗ്രാം. ഉപയോഗിച്ചതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തി കാണുന്നു. 490.60 കി.ഗ്രാം. ടാർ അധികം കൈപ്പറ്റിയതായി കാണുന്നു.

**5. പോലീസ് ക്വാർട്ടേഴ്സ് റോഡ് റീടാറിങ്**

ടി പ്രവൃത്തിക്കുവേണ്ടി 690 ച.മീ. ആണ് റീടാറിങ് നടത്തിയത്. 14 ബാരൽ ടാറാണ് (2184 കി.ഗ്രാം.) കരാറുകാരൻ കൈപ്പറ്റിയത്. ടി പ്രവൃത്തിക്ക് 1835.4 കി.ഗ്രാം. ടാറാണ് ആവശ്യമായത്. 2127.40 കി.ഗ്രാം. ടാർ ആവശ്യമായതായും ബാക്കിവന്ന 56.6 കി.ഗ്രാം. തിരികെ ഏല്പിച്ചതായും അളവു പുസ്തകത്തിൽ (8/04) രേഖപ്പെടുത്തി. 56.6 കി.ഗ്രാം. ടാർ സ്റ്റോക്ക് രജിസ്റ്റർ പേജ് ഏഴിൽ വരവ് എടുത്തിട്ടുമുണ്ട്. യഥാർത്ഥത്തിൽ ആവശ്യമായിരുന്നതിലും 348.60 കി.ഗ്രാം. അധികമാണ് കരാറുകാരൻ കൈപ്പറ്റിയത്. തിരികെ കൊടുത്ത 56.60 കി.ഗ്രാം. കുറച്ച് ബാക്കി 235.4 കി.ഗ്രാം. ടാർ തിരികെ ലഭിക്കേണ്ടതാണ്.

**6. പായിക്കാട്ട് റോഡ് ടാറിങ്**

276 ച.മീറ്റർ ടാറിങ് നടത്തുന്നതിനുവേണ്ടി 936 കി.ഗ്രാം ടാർ കരാറുകാരൻ കൈപ്പറ്റിയതായി കാണുന്നു. യഥാർത്ഥത്തിൽ 803.16 കി.ഗ്രാം ടാർ ആണ് ആവശ്യപ്പെട്ടത്. 28/04 നമ്പർ അളവ് പുസ്തകം പ്രകാരം 803.16 കി.ഗ്രാം ടാർ ആണ് ഉപയോഗിച്ചത്. 132.84 കി.ഗ്രാം ടാർ അധികം കൈപ്പറ്റിയതായി കാണുന്നു.

മേൽ ഖണ്ഡികകളിൽ വിവരിച്ചതനുസരിച്ച് ആകെ 1718.63 കി.ഗ്രാം ടാർ സ്റ്റോക്കിൽ കുറവുള്ളതായി കാണുന്നു. ആയതിനെ സംബന്ധിച്ച് 2.1.09-ൽ ഓഡിറ്റ് എൻക്വയറി മുഖാന്തിരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമായില്ല. നഷ്ടം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3.18 അംഗൻ വാടികൾക്കു കളിപ്പാട്ടം-വിതരണ വിവരം ലഭ്യമല്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ-സി.ഡി.പി.ഒ. വൈക്കം

പ്രോജക്റ്റ് നം:19/07 ആയി നടപ്പിലാക്കിയ അംഗൻവാടികൾക്കു കളിപ്പാട്ടം എന്ന പദ്ധതിക്കായി ക്വട്ടേഷൻ ക്ഷണിക്കുകയും ടിനി ടോം ടോയ്സ്, പരിപ്പ് പി.ഓ,കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും 48650/- രൂപയുടെ വിവിധ കളിപ്പാട്ടങ്ങൾ വാങ്ങിയിട്ടുമുണ്ട്. (സി.ബി.നം 12/06-07 രു.49970/-) എന്നാൽ ഈ കളിപ്പാട്ടങ്ങൾ അംഗനവാടികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 48650/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3.19. എസ്.ജി. ആർ.വൈ-സ്കിൽ ട്രെയിനിംഗ് -പദ്ധതി അപാകതകൾ**

ഫയൽ നം.1177/08

വൈക്കം നഗരസഭയിൽ 2007-08 വർഷം എസ്.ജി.ആർ.വൈ പദ്ധതി പ്രകാരം കുടുംബശ്രീ ബി.പി.എൽ കുടുംബത്തിൽപ്പെട്ട വ്യക്തികൾക്ക്, തൊഴിൽ സംബന്ധമായ കഴിവ് വർദ്ധിപ്പിക്കുന്നതിന് ' സ്കിൽ ട്രെയിനിംഗിനായി ഉൾപ്പെടുത്തിയിരിക്കുന്ന തുക വിനിയോഗിച്ച് സാരി പെയിന്റിംഗിൽ ട്രെയിനിംഗ് കൊടുക്കുവാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നു. ആയതിന്റെ ഭാഗമായി 50 വനിതകൾക്ക് ട്രെയിനിംഗ് നൽകുവാൻ 10.1.08-ൽ ചേർന്ന സി.ഡി.എസ് യോഗം തീരുമാനമെടുത്ത് പദ്ധതി നടപ്പിലാക്കി. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.സി.ഡി.എസിന്റെ തീരുമാന പ്രകാരമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് എന്ന് ഫയലിൽ രേഖപ്പെടുത്തിയെങ്കിലും തീരുമാനത്തിന്റെ പകർപ്പോ, ഗുണഭോക്താക്കളുടെ ലിസ്റ്റോ ഓഡിറ്റിന് ഹാജരിയിട്ടില്ല. ആയതിനാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടില്ല.

2.ടി പദ്ധതിയുടെ നടത്തിപ്പിന് എസ്.ജി.ആർ.വൈ മാനദണ്ഡങ്ങൾ പാലിച്ചു കാണുന്നില്ല. 25 ട്രെയിനികൾ ഉൾപ്പെടുന്ന ക്ലാസവതരണം രൂപീകരിക്കേണ്ട, യൂണിറ്റ് കോസ്റ്റ് 2000/-

രൂപയിൽ അധികരിക്കരുത് എന്നും മാനദണ്ഡങ്ങളിൽ പറയുന്നു. എന്നാൽ 50 പേരുടെ ക്ലാസിനാണ് ട്രെയിനിംഗ് നൽകിയിരിക്കുന്നത്.

3.ട്രെയിനിംഗ് നൽകുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് തൈക്കാട് എന്ന സ്ഥാപനവുമായി കരാർ ചമച്ചിട്ടുണ്ട് എങ്കിലും കരാറിൽ പേയ്മെന്റ് സംബന്ധിച്ച നിബന്ധന മാത്രം ഉൾപ്പെടുത്തിയിട്ടുള്ളൂ. പരിശീലനസമയം, ദൈർഘ്യം പരിശീലനത്തിൽ വീഴ്ച വരുത്തുന്നതിൽ എടുക്കാവുന്ന നടപടികൾ എന്നിവയൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

4. തൊഴിൽ പരിശീലനം നടത്തിയതിന്റെ രേഖയായി ഫയലിൽ ഉണ്ടായിരുന്ന ഹാജർ ബുക്കിന്റെ പകർപ്പിൽ പല തിരുത്തലുകളും കാണപ്പെടുന്നു. തുടക്കത്തിൽ 50 പേരിലധികം ഉണ്ടായിരുന്നതായും പിന്നീട് പലരുടേയും പേരുകൾ റോളിൽ വെട്ടിയിരിക്കുന്നതായും പരിശീലനത്തിന്റെ അവസാന മാസം 42 പേർ മാത്രമാണ് ഉണ്ടായിരുന്നത് എന്നു വ്യക്തമാകുന്നു. ഗുണഭോക്താക്കൾ പരിശീലനം പൂർത്തിയാക്കിയതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ പരിശീലനം പൂർത്തിയായവർക്ക് സർട്ടിഫിക്കറ്റ് നൽകിയ ലിസ്റ്റിൽ നിന്നും 46 പേർക്ക് മാത്രമാണ് സർട്ടിഫിക്കറ്റ് നൽകിയതെന്ന് വ്യക്തമാകുന്നു. 50 പേർക്കുമുള്ള പരിശീലന ഫീസ് രണ്ട് ഗഡുക്കളായി സ്ഥാപനത്തിന് നൽകിയിട്ടുമുണ്ട്. പരിശീലന പദ്ധതികൾ കൊണ്ട് പരമാവധി പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ ഇത്തരം പദ്ധതികൾ നിർവ്വഹിക്കേണ്ടതാണ്.

### 3.20 അർബൻ വേജ് എംപ്ലോയ്മെന്റ് പ്രോഗ്രാം സി.ഡി.എസ്.ഓഫീസ്/ട്രെയിംഗ് ഹാൾ നിർമ്മാണം- മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള നഗരവാസികൾക്ക് തൊഴിൽ നൽകുക എന്നത് അടിസ്ഥാന ലക്ഷ്യമാക്കിയിട്ടുള്ള അർബൻ വേജ് എംപ്ലോയ്മെന്റ് പരിപാടി പ്രകാരം ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ സാധനവില മൊത്തം ചെലവിന്റെ 60%-ൽ അധികരിക്കാൻ പാടില്ല. എന്നാൽ വൈക്കം നഗരസഭയിൽ 2006-07-ൽ പ്രസ്തുത പരിപാടിക്ക് കീഴിൽ ഏറ്റെടുത്ത സി.ഡി.എസ്.ഓഫീസ്/ട്രെയിനിംഗ് ഹാൾ നിർമ്മാണം എന്ന പ്രവൃത്തി ടി പരിപാടിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടല്ല നിർവ്വഹിക്കപ്പെട്ടത് എന്ന് കാണുന്നു. ടി വേലയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള ആകെ വേലമൂല്യം 3,05,652/- രൂപയാണ്.(നികുതികൾ കിഴിച്ച്) എന്നാൽ ടി വേലയ്ക്ക് വേണ്ടിവരുന്ന ആകെ ലേബർ കോസ്റ്റ് 1,03,801/-- രൂപ മാത്രമാണ്. ഇത് ആകെ വേലമൂല്യത്തിന്റെ 34%-ൽ താഴെ മാത്രമാണ്. കൂലി ഉൾപ്പെടെയാണ് 34% ലേബർ കോസ്റ്റ് വരുന്നത്. മസ്റ്റർ റോൾ പ്രകാരം ടി വേലയിൽ അവിദഗ്ദ്ധ തൊഴിലാളികൾക്കായി കൂലി ഇനത്തിൽ ചെലവഴിച്ച തുക 23350/- രൂപ മാത്രമാണ്. ഇത് തൻവർഷം ടി വേലയ്ക്കായി ചെലവിട്ട തുകയുടെ (237764/- രൂപ നികുതികൾ കിഴിച്ച്) 10% പോലും ഇല്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങൾക്ക് തൊഴിൽ നൽകുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിയുടെ 90% വരുന്ന തുകയും സാധനവിലയും, വിദഗ്ദ്ധ തൊഴിലാളികളുടെ കൂലിയുമായി ചെലവിട്ടത് ടി പരിപാടിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

### 3.21. ശരിയായ വൗച്ചറുകൾ ഹാജരാക്കാതെ തന്നെ അഡ്വാൻസ് തുക ക്രമീകരിച്ചത്- സംബന്ധിച്ച്.

കേരളോൽസവം 2000 ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് വൗച്ചർ നം;39/11-00 പ്രകാരം 10000/-രൂപ, 13/6-01 പ്രകാരം 1240/- രൂപ, 34/02-01 പ്രകാരം 1520/- രൂപ എന്നിങ്ങനെ ആകെ 12760/- രൂപ അഡ്വാൻസായി ശ്രീ.കമലാസനൻ ഹെൽത്ത് ഇൻസ്പെക്ടർ ന് നൽകിയിരുന്നു. ടി തുക യഥാസമയം ക്രമീകരിക്കാതെ കിടക്കുകയും, 8 വർഷങ്ങൾക്കുശേഷം, 31.3.08-ലെ 102/03-08 വൗച്ചർ പ്രകാരം ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി തുക ക്രമീകരിക്കുന്നതിനായി ഹാജരാക്കിയിരിക്കുന്ന വൗച്ചറുകളിൽ തീയതി, തുക കൈപ്പറ്റുന്ന ആളിന്റെ പേര്, ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ശരിയായ വൗച്ചറുകൾ ഹാജരാക്കാതെ ടി തുക ക്രമീകരിച്ച നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. യഥാർത്ഥ വൗച്ചറുകൾ ഹാജരാക്കാത്ത പക്ഷം അധികമായി നലകിയ തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3.22 ദാരിദ്ര്യ ലഘൂകരണ ഫണ്ടിലേയ്ക്ക് തുക മാറ്റിവെയ്ക്കാത്തത് സംബന്ധിച്ച്.**

1994-ലെ കേരളാ മുനിസിപ്പാലിടീസ് ആക്റ്റ് 284-ാം വകുപ്പ് പ്രകാരം നഗരസഭകളുടെ റവന്യൂ വരുമാനത്തിന്റെ 2% തുക ദാരിദ്ര്യ ലഘൂകരണ ഫണ്ട് എന്ന പേരിൽ പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതിനായി നൽകേണ്ടതും, ടി ഫണ്ട് സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി വിനിയോഗിക്കേണ്ടതുമാണ്. എന്നാൽ വൈക്കം നഗരസഭയുടെ ചെലവ് കണക്കുകൾ പരിശോധിച്ചതിൽ നിന്നും ഈ ഇനത്തിൽ യാതൊരു തുകയും ഫണ്ടിലേയ്ക്ക് ഒടുക്കിയിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ 2006-07 വർഷത്തെ റിപ്പോർട്ട് പ്രകാരം 2001-02 വർഷം മുതൽ 2006-07 വർഷം വരെ ആകെ 1063389/- രൂപ ടി ഫണ്ടിലേയ്ക്ക് അടയ്ക്കുവാനുണ്ടെന്ന് ചൂണ്ടിക്കാണിച്ചിരുണെങ്കിലും, 2007-08 വർഷത്തിലും തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. ആയതിനാൽ ദാരിദ്ര്യ ലഘൂകരണ ഫണ്ടിലേക്ക് ഒടുക്കുവാനുള്ള തുക അടിയന്തിരമായി അടയ്ക്കേണ്ടതാണ്.

**3.23 വൈക്കം നഗരസഭ-ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത തുക അടവാക്കാത്തത് സംബന്ധിച്ച്.**

1989-ലെ കേരളാ പബ്ലിക്ക് ലൈബ്രറീസ് ആക്റ്റ്, 48-ാം വകുപ്പ്, 2-ാം ഉപവകുപ്പ്, 20.9.05-ലെ 10088/എൽ.3/05/തസ്വഭവ നമ്പർ സർക്കുലർ എന്നിവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറിസെസ്സ് ഇനത്തിലുള്ള തുക, അർദ്ധവർഷം അവസാനിച്ച് 30 ദിവസത്തിനകം (ഏപ്രിൽ 30, നവംബർ 30) എന്നീ തീയതികൾക്കു മുമ്പായി, കണക്കുകൾ സഹിതം രണ്ട് ഗഡുക്കളായി സംസ്ഥാന ലൈബ്രറി കൗൺസിലിലേയ്ക്ക് അടയ്ക്കേണ്ടതാണ്. വൈക്കം നഗരസഭയിലെ ഇത് സംബന്ധിച്ച രജിസ്റ്റർ ഫയലുകൾ എന്നിവ പരിശോധിച്ചതതിൽ നിന്നും 1999-00 മുതൽ 2005-06 വർഷം വരെയുള്ള കാലയളവിലെ ലൈബ്രറിസെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക നാളിതുവരെ അടവു വരുത്തിയിട്ടില്ലെന്ന് കാണുന്നു. ഈ ഇനത്തിൽ അടയ്ക്കുവാനുള്ള കുടിശ്ശിക തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| വർഷം | കുടിശ്ശിക |
|---|---|
| 1999-00 | 65952 |
| 2000-01 | 68637 |
| 2001-02 | 103173 |
| 2002-03 | 71865 |
| 2003-04 | 91158 |
| 2004-05 | 107748 |
| 2005-06 | 102652 |
| ആകെ | 611185/- |

കുടിശ്ശിക തുക അടിയന്തിരമായി അടയ്ക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

**3.24 വൈക്കം നഗരസഭ-മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 10% വരെ തുക വകമാറ്റിയത് സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.**

09-12.04-ലെ സ.ഉ (എം.എസ്) 330/04/തസ്വഭവ ഉത്തരവ് പ്രകാരം (അനുബന്ധം 2-1) പൊതു ആവശ്യ ഗ്രാന്റ് ഏത് ആവശ്യത്തിനും ഉപയോഗിക്കാമെങ്കിലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലപ്പെട്ട ചെലവുകൾക്കായിരിക്കണം ഒന്നാമത്തെ മുൻഗണന നൽകേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിക്ക് നൽകേണ്ട വെള്ളക്കരം, വൈദ്യുതി ചാർജ്, വാടക, കരം, നികുതി, ടെലിഫോൺ ചാർജ്, വാഹനങ്ങളുടെ ഇന്ധന ച്ചെലവ്, മറ്റ് പ്രവർത്തന ചെലവ്, മെയിന്റനൻസ് ചെലവ് സ്റ്റേഷനറി, പോസ്റ്റേജ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. ടി ആവശ്യങ്ങൾക്ക് പൊതു ആവശ്യ ഗ്രാന്റ് തികയാതെ വന്നാൽ മെയിന്റനൻസ് ഗ്രാന്റിന്റെ 10% വരെ തുക കൂടി വിനിയോഗിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. വൈക്കം നഗരസഭയ്ക്ക് 2007-08 വർഷം പൊതു ആവശ്യ ഗ്രാന്റ് ഇനത്തിൽ 2173000/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ ടി തുക മുഴുവനും നഗരസഭയിലെ ജീവനക്കാരുടെ ശമ്പളം, പെൻഷൻ ആനുകൂല്യങ്ങൾ, എന്നിവ നൽകുന്നതിനായാണ് ചെലവാക്കിയിരിക്കുന്നത്. നഗരസഭയുടെ ചുമതലപ്പെട്ട ചെലവുകൾക്കായി ടി തുക വിനിയോഗിച്ചിട്ടില്ല.

ഇപ്രകാരം സർക്കാർ നിർദ്ദേങ്ങൾ അനുസരിച്ച് തുക ചെലവഴിക്കാതിരുന്നില്ല. മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ നഗരസഭയ്ക്ക് ലഭിച്ച തുകയിൽ നിന്നും 523783/- രൂപാ തനത് ഫണ്ടിലേക്ക് വകമാറ്റിയിട്ടുണ്ട്.

**വകമാറ്റിയതിന്റെ വിശദാംശങ്ങൾ**

| | തീയതി | ഉത്തരവ്നം/ വൗച്ചർ നം | തുക |
|---|---|---|---|
| 1 | 02.01.08 | എ1-10259/04 തീയതി 02.01.08 | 134240/- |
| 2 | 15.02.08 | എ1-10259/04 56/02-08 തീയതി 15.02.08 | 184160/- |
| 3 | 27.02.08 | എ1-10259/04 56/02.08 തീയതി 27.02.08 | 46048/- |
| 4 | 31.03.08 | എ1-10259/04 62/03-08 തീയതി 31.3.08 | 33560/- |
| 5 | 31.03.08 | ആർ.1.1617/93 തീയതി 29.03.08 | 125783 |

നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാതെ, നഗരസഭയുടേയും കൈമാറ്റം ചെയ്തു കിട്ടിയ സ്ഥാപനങ്ങളുടേയും ആസ്തികളുൾപ്പെടെ സംരക്ഷണം, മെയിന്റനൻസ് എന്നിവയ്ക്കായി അനുവദിച്ചിട്ടുള്ള തുക വകമാറ്റി നഗരസഭയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന നടപടി ആശാവഹമല്ലെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ഇക്കാര്യത്തിൽ ഭരണവകുപ്പിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണെന്നും ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

**3.25 കുടുംബശ്രീ.**

വൈക്കം നഗരസഭയിൽ സി.ഡി.എസ്സിന്റെ കീഴിൽ നിലവിൽ 120 അയൽക്കൂട്ടങ്ങളും 14 എ.ഡി.എസ്സും പ്രവർത്തിക്കുന്നുണ്ടെങ്കിലും സി.ഡി.എസിന്റെ പ്രവർത്തനം പരിശോധിച്ചതിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. കുടുംബശ്രീ പണം പിരിവിനായി ഉപയോഗിക്കുന്ന രസീതുകളിൽ'ഡബ്ബിൾ സൈഡ് കാർബൺ' ഉപയോഗിക്കുന്നില്ല. രസീതുകൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ ഇഷ്യൂ, ബാലൻസ് വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ആയതിനാൽ രസീതുകളുടെ സ്റ്റോക്ക് പരിശോധിക്കാൻ സാധിച്ചില്ല.

**(എ) കാഷ്ബുക്കിലെ അപാകതകൾ സംബന്ധിച്ച്**

കുടുംബശ്രീയുടെ കാഷ്ബുക്ക് ശരിയായ വിധത്തിൽ എഴുതി സൂക്ഷിക്കുന്നില്ല. രസീതുകളുപയോഗിച്ചു പിരിക്കുന്ന തുകകൾ വരവു കാണിക്കുന്നില്ല. വരവുഭാഗം മിക്ക തീയതികളിലും ശൂന്യമായി കിടക്കുന്നു. കാഷ് ബുക്ക് ക്ലോസ് ചെയ്യുകയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

**(ബി) രസീതുകൾ ക്യാൻസൽ ചെയ്തത് സാക്ഷ്യപ്പെടുത്താത്തത് സംബന്ധിച്ച്.**

രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണം രേഖപ്പെടുത്തി ബന്ധപ്പെട്ട അധികതർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

**(സി)രസീതിന്റെ കൗണ്ടർഫോയിലിൽ തുക രേഖപ്പെടുത്താത്തത് സംബന്ധിച്ച്.**

കക്ഷിക്കു കൊടുത്ത രസീതിന്റെ കൗണ്ടർ ഫോയിലിൽ തുക രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന വരവിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ഉദാ:1196 തീയതി 3.8.04,11/99 തീയതി 3.8.04

**(ഡി)കൗണ്ടർ ഫോയിലിൽ ഒന്നും രേഖപ്പെടുത്താത്തത് സംബന്ധിച്ച്.**

താഴെപ്പറയുന്ന രസീതുകളുടെ കൗണ്ടർ ഫോയിലിൽ രേഖപ്പെടുത്തലുകൾ ഒന്നും നടത്തിയിട്ടില്ല. കളക്ഷൻ രജിസ്റ്ററിലും തുകകൾ വരവുവന്നതായി കാണുന്നില്ല. രസീതുകൾ കക്ഷിക്ക് നൽകിയതായി കാണുന്നു.

**രസീത് നം**

1505

1573

1487

**(ഇ) രസീത് പ്രകാരം പിരിച്ച തുക കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയതിൽ കുറവ്.**

| രസീത് നം/തീയതി | രസീത് പ്രകാരം വരവ് | കളക്ഷൻ രജിസ്റ്ററിൽ ചേർത്തത് | കുറവ് |
|---|---|---|---|
| 1472/23.8.06 | 43 | 41 | 2/- |

**എഫ്)ഭാഗിക അടവ് സംബന്ധിച്ച്.**

രസീതു പ്രകാരം പിരിക്കുന്ന തുക ഭാഗികമായി അടയ്ക്കുന്ന രീതിയാണ് തുടർന്ന് വരുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബാങ്കിൽ അടവു വരുത്തി തീയതി | രസീത്നം/തീയതി | വരവു തുക | അടവാക്കിയ തുക |
|---|---|---|---|
| 2/8/08 | 1761/28.7.08 മുതൽ 1770/30.7.08 | 978 | 973 |
| 25.8.08 | 1792/12.8.08 മുതൽ 1817/25.8.08 | 1600 | 1100 |
| 1.9.08 | 1818/26.8.08 മുതൽ 1845/119/08 | 1587 | 1577 |
| 3.9.08 | 1846/2.9.08 മുതൽ 1853/3.9.08 | 550 | 544 |
| 23.9.08 | 1854/3.9.08 മുതൽ 1875/23.9.08 | 1325 | 1290 |
| 5.11.08 | 1876/25.9.08 മുതൽ 1913/5.11.08 | 1930 | 1910 |
| 18.11.08 | 1914/5.11.08 മുതൽ 1967/14.11.08 | 3675 | 2542 |
| | 1978/29.11.08 മുതൽ 2000/17.12.08 | 1345 | - |

രസീതു പ്രകാരം പിരിക്കുന്ന മുഴുവൻ തുകയും ബാങ്കിൽ അടവാക്കേണ്ടതാണ്.

**എച്ച്)രസീത് പ്രകാരം പിരിച്ച തുക അടവാക്കിയതിൽ കുറവ്.**

| രസീത് നം/തീയതി | യഥാർത്ഥ വരവ് | അടവാക്കിയത് | കുറവ് |
|---|---|---|---|
| 1237/20.6.07 മുതൽ 1702/31.1.08 | 31044 | 29052 | 1992 |
| 1703/31.1.08 മുതൽ 2000/17.12.08 | 18319 | 16113 | 2206 |
| | കുറവ് തുക (ആകെ) | | 4198 |

**എ.രസീതു പ്രകാരം പിരിച്ച തുക അടവാക്കാത്തത് സംബന്ധിച്ച്**

താഴെ വിവരിക്കുന്ന രസീതുകൾ പ്രകാരം പിരിച്ച തുക അടവാക്കിയതായി കാണുന്നില്ല.

| രസീത് നം/തീയതി | തുക |
|---|---|
| 1101/5.2.04 മുതൽ 1200/3.8.04 | 960 |
| 1201/3.8.04 മുതൽ 1236/3..8.06 | 360 |
| കുറവ് തുക | 1320 |

വിവിധ ഉപഖണ്ഡികകളിൽ വിവരിക്കുന്ന ന്യൂന അടവായ 5520/- രൂപ ബാങ്കിൽ അടയ്ക്കേണ്ടതാണ്. അയൽക്കൂട്ടങ്ങളുടെ തൃഫ്റ്റ് ലിങ്കേജ് ലോണിന്റെയും അടവാക്കുവാനുള്ള തുക തിരിമറി നടത്തിയതിന്റെ പരാതി നിലവിലുണ്ട്. വിശദമായ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്.

**4.1 വാർഷിക കണക്കുകളുടെ അവലോകനം**

**1) രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച്.**

വൈക്കം നഗരസഭയിൽ വാർഷിക കണക്കുകളുടെ അവലോകനവുമായി ബന്ധപ്പെടുത്തി അടിസ്ഥാന രജിസ്റ്ററുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**<u>എ) കാഷ്ബുക്ക്–</u> നഗരസഭയിൽ** എല്ലാ അക്കൗണ്ടുകളിൽ നിന്നുമുള്ള വരവ് ചെലവ് വിവരങ്ങൾ മെയിൻ കാഷ്ബുക്കിൽ രേഖപ്പെടുത്തിക്കാണുന്നില്ല. മുനിസിപ്പൽ ഫണ്ട് (തനത് ഫണ്ട്) എം.എഫ്.എ.1, എം.എഫ്.എ 3 എന്നീ ഫണ്ടുകളുടെ വരവുചെലവുകൾ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വികസന ഫണ്ട്, ബി.ഫണ്ട് കേന്ദ്രാവിഷ്കൃതപദ്ധതി വിഹിതം, എന്നിവയുടെ വരവു ചെലവു കണക്കുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തിന്നില്ല. നഗരസഭയിലെ എല്ലാ വരവു ചെലവു കണക്കുകളും കാഷ്ബുക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

<u>ബി) വരവു രജിസ്റ്റർ:</u> വരവു രജിസ്റ്ററിൽ ഒരു ദിവസത്തെ ആകെ വരവ് ക്ലാസിഫിക്കേഷൻ തിരിച്ച് എഴുതുന്നില്ല. ഓരോ രസീത് പ്രകാരമുള്ള വരവും രേഖപ്പെടുത്തുന്ന രീതിയാണ് അനുവർത്തിക്കുന്നത്. രസീതുകൾ ഉപയോഗിച്ച് ലഭിക്കുന്ന വരവ് മാത്രമാണ് വരവ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഒരു ദിവസത്തെ എല്ലാ വരവിനങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

**സി.ചെലവു രജിസ്റ്റർ–** ചെലവ് രജിസ്റ്റർ 2.08.2008 വരെ മാത്രമേ എഴുതി കാണുന്നുള്ളൂ. തനതുഫണ്ടിൽ നിന്നുള്ള ചെലവു വിവരങ്ങൾ മാത്രമാണ് ചെലവു രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. എല്ലാ അക്കൗണ്ടുകളിൽ നിന്നുമുള്ള ചെലവു വിവരങ്ങൾ ചെലവു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**ഡി.രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്താത്തത് സംബന്ധിച്ച്.**-വരവു-ചെലവു രജിസ്റ്ററുകളിൽ വർഷാന്ത്യം ആകെ വരവും ചെലവും നിർണ്ണയിച്ചിട്ടുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

കൂടാതെ വിവിധ ഡിമാന്റ് രജിസ്റ്ററുകൾ ഡി.സി.ബി കണക്കാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി കാണുന്നില്ല. വാർഷിക കണക്കുകൾ ഓഡിറ്റിനായി അയച്ചുതന്നതിൽ ഡി.സി.ബി സ്റ്റേറ്റ്മെന്റ് ചേർത്തുകാണുന്നില്ല. ആയതിൽ ഡിമാന്റ് ചെയ്ത നികുതി തുകയിൽ എത്ര ശതമാനം പിരിച്ചെടുത്ത എന്ന വസ്തുതയും വ്യക്തമല്ല.

**2)** കാഷ്ബുക്ക് ദൈനംദിന/മാസാന്ത്യ വാർഷിക ക്ലോസിംഗ് നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വർഷാന്ത്യ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് കാഷ്ബുക്കിൽ പതിപ്പിച്ചിട്ടില്ലാത്തതിനാൽ 4/07 ലെ മുന്നിരിപ്പും 3/08-ലെ നീക്കിയിരിപ്പും വ്യക്തമല്ല. വാർഷിക കണക്കുകളുടെ സംഗ്രഹവും ഓഡിറ്റിന് അയച്ചുതന്നിട്ടില്ല.

**3)** ബി ഫണ്ട്, പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, ഗവ.ഗ്രാന്റുകൾ കോൺട്രിബ്യൂഷനുകൾ മുതലായവ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ വാർഷി കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

**4** മേൽ സൂചിപ്പിച്ച വസ്തുതകളിൽ നിന്നും വാർഷിക കണക്കുകൾ ആധികാരികമല്ല എന്നു വ്യക്തമാണ്. എന്നിരുന്നാലും മുനിസിപ്പൽ ഭരണസമിതി അംഗീകരിച്ച് അയച്ചു തന്ന വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 14259384.00 |
| വരവ് | 41008104.66 |
| ആകെ | 55267488.66 |
| ചെലവ് | 40871636.70 |
| നീക്കിയിരിപ്പ് | 14395851.96 |

**4.2.വായ്പ/വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ലാ ഓഡിറ്റ് വർഷം വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടവിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| | വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നമ്പർ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായി | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | രുന്ന തുക | | | |
|---|---|---|---|---|---|---|---|
| 1 | ചേരി വികസനം | നഗരസഭ ഡയറക്ടറുടെ 5.3.98ലെ പ്രൊ.നം. സി318616/97(എ) | 111250 | 13502 | 13502 | 1992 | ഇല്ല |
| 2 | കെ.യു.ഡി.എഫ്.സി (ശ്രീമൂലം മാർക്കറ്റ് ബിൽഡിംഗ് നിർമ്മാണം | ലെറ്റർ നം: കെ.യു.ഡി.എഫ്.സി എ2/01595/05 തീയതി 1.4.05 | 200000 | 156250 | 25000 | 16191 | 131250 |
| 3 | കെ.യു.ഡി.എഫ്.സി ഷോപ്പിംഗ് കോംപ്ലസ് റെസ്റ്റ് ഹൗസ് എന്നിവയുടെ നിർമ്മാണം 1–ാം ഗഡു | ലെറ്റർ നം:കെ.യു.ഡി.എഫ്.സി/എ2/01595(2) 05 തീയതി 1.4.05 | 1500000 | 1171875 | 187500 | 121426 | 984375 |
| 4 | കെ.യു.ഡി.എഫ്.സി ഷോപ്പിംഗ് കോംപ്ലക്സ് റെസ്റ്റ് ഹൗസ് എന്നിവയുടെ നിർമ്മാണം 2–ാം ഗഡു | ലെറ്റർ നം.കെ.യു.ഡി.എഫ്.സി/ബി 2006 തീയതി 20.7.06 | 2500000 | 2265625 | 312500 | 236824 | 1953125 |

**4.3 സ്ഥിര നിക്ഷേപങ്ങൾ** ഇല്ല

**4.4. സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനുള്ള തുകകൾ**

കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്കും മറ്റ് വിവിധ സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനായി പിരിച്ചിട്ടുള്ളതും ഒടുക്കിയതും ഒടുക്കുവാൻ ബാക്കി നിൽക്കുന്നതുമായ തുകകളുടെ വിശദവിവരം സംബന്ധിച്ച രജിസ്റ്റർ എഴുതുകയോ, പ്രത്യേക ഫയൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ വാർഷിക കണക്ക് അവലംബമാക്കിയുള്ള വിവരങ്ങൾ താഴെ പ്രതിപാദിക്കുന്നു.

| ഇനം | മുന്നിരിപ്പ് | പിരിച്ച തുക (ബില്ലിൽ കുറവു ചെയ്ത തുക ഉൾപ്പെടെ) | ആകെ | തന്നാണ്ടിൽ ഒടുക്കിയ തുക | വർഷാവസാനം ഒടുക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ആദായ നികുതി | വിവരം വ്യക്തമല്ല | – | – | 202416 | വിവരം വ്യക്തമല്ല. |
| സേവനനികുതി (കേന്ദ്ര സർക്കാരിനുള്ളത്) | വിവരം വ്യക്തമല്ല | | – | 178493 | വിവരം വ്യക്തമല്ല |
| വിൽപ്പന/വാങ്ങൽ നികുതി | വിവരം വ്യക്തമല്ല | 36539 | – | – | വിവരം വ്യക്തമല്ല |
| സർക്കാരിനുള്ള റോയൽറ്റി | വിവരം വ്യക്തമല്ല | 93290 | – | 85340 | വിവരം വ്യക്തമല്ല |
| ലൈബ്രറി സെസ്സ് | വിവരം വ്യക്തമല്ല | – | – | | വിവരം വ്യക്തമല്ല. |

| | | | | | |
|---|---|---|---|---|---|
| നി.തൊ.ക്ഷേമനിധി വിഹിതം | – | – | – | | – |
| റിവർ മാനേജ്മെന്റ് ഫണ്ട് | – | | – | | – |

**4.5. ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം വരവില്ല

**4.6 ഓഡിറ്റ് ചാർജ്**

| | | |
|---|---|---|
| വാർഷിക കണക്കുകൾ പ്രകാരമുള്ള ആകെ വരവ് | : രൂ | 41008104.66 |
| <u>കുറയ്ക്കുക</u> | | |
| നിക്ഷേപം (സെക്യൂരിറ്റി നിക്ഷേപം/നിരതദ്രവ്യം) | : രൂ | 302150 |
| മറ്റ് നിക്ഷേപം(മുൻകൂർ-അധികം വരവ്) | : രൂ | 278 |
| ഗുണഭോക്തൃവിഹിതം | : രൂ | 14500 |
| ആദായ നികുതി | : രൂ | |
| വിൽപ്പന/വാങ്ങൽ നികുതി | : രൂ | 36539 |
| ലൈബ്രറി സെസ്സ് | : രൂ | 93290 |
| പെൻഷൻ ഫണ്ട് | : രൂ | 500000 |
| മുൻകൂർ തിരികെ | : രൂ | 237684 |
| സർചാർജ് | : രൂ | 1678791 |
| ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ് | : രൂ | 38144872.66 |
| ഓഡിറ്റ് ചാർജ് .5% നിരക്കിൽ | : രൂ | 190724 |
| മുൻവർഷാവസാനം സർക്കാരിൽ ഒടുക്കുവാൻ ബാക്കിയുണ്ടായിരുന്ന ഓഡിറ്റ് ചാർജ് | : രൂ | 1920665 |
| ആകെ | : രൂ | 2111389 |
| 31.3.08 ൽ സർക്കാരിൽ ഒടുക്കുവാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ് | : രൂ | 2111389 |

**ഒടുക്കുവാൻ ബാക്കിയുള്ള തുകയുടെ വർഷം തിരിച്ചുള്ള വിവരം**

| <u>വർഷം</u> | | <u>തുക (രൂപ)</u> |
|---|---|---|
| 97–98 | : | 334551 |
| 98–99 | : | 230804 |
| 99–00 | : | 191939 |
| 00–01 | : | 178202 |
| 01–02 | : | 210807 |
| 02–03 | : | 169676 |
| 03–04 | : | 152179 |
| 04–05 | : | 137114 |
| 05–06 | : | 142181 |
| 06–07 | : | 173212 |
| 07–08 | : | 190724 |
| ആകെ | : | 2111389 |

ഈ തുക 0070–60–110–99 ഓഡിറ്റ് ചാർജ് എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി ഒറിജിനൽ ചെല്ലാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ വികാസ്ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

**4.7 ഓഡിറ്റ് പ്രത്യവലോകനം**

<u>*എ) സംക്ഷിപ്ത വിവരം*</u>

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 41008104.66 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 40871636.70 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 52797 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുകപ്പെടുത്തിയ തുക | : | 31450 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 163261 |

*ബി (1) മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (സർചാർജ് ചെയ്യാവുന്നവ) | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2.2 | 2233 | | ശ്രീ.ഷിനൂബ് എൽ.ഡി.സി |
| 2.3(എ) | 400 | | സെക്രട്ടറി(ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാനുള്ള ഉത്തരവാദിത്വം) |
| 2.6<br><br>2.14 | 3214<br><br>15200 | | സെക്രട്ടറി(ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാനുള്ള ഉത്തരവാദിത്വം) |
| 2.15 | 24800 | | സെക്രട്ടറി (ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാനുള്ള ഉത്തരവാദിത്വം) |
| 2.17 | 5850 | | സെക്രട്ടറി (ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാനുള്ള ഉത്തരവാദിത്വം) |
| 2.18(എ) | 1000 | | സെക്രട്ടറി(ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാനുള്ള ഉത്തരവാദിത്വം) |
| 3.11 | | 31450 | -ടി- |
| | 52797 | 31450 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3.16 | 114611 |
| 3.18 | 48650 |
| ആകെ | 163261 |

*സി. കേന്ദ്ര സംസ്ഥാന സർക്കാരുകൾ/മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

*ഇല്ല.*

*ഇ. റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| 1. ശ്രീ.പി.എ.പയസ് | സെക്രട്ടറി | ലഭ്യമാക്കേണ്ടതാണ്. |
| 2. ഷിനൂബ് | എൽ.ഡി.സി | ലഭ്യമാക്കേണ്ടതാണ്. |

**4.8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|---|
| 1 | 79-80 | എൽ.എഫ്.കെ(എം.എൽ) 1181/90/31.1.91 | 112 |
| 2 | സ്പെഷ്യൽ റിപ്പോർട്ട് | എൽ.എഫ്.കെ(എം.എൽ) 1181/90/31.1.91 | 40 |
| 3 | 1.4.78 മുതൽ 31.12.890 | എൽ.എഫ്.കെ(എം.എൽ) 1181/90/27.9.90 | 33 |
| 4 | 81-82 | എൽ.എഫ്.കെ(എം.എൽ) 1184/90/27.9.90 | 32 |

| | | | |
|---|---|---|---|
| 5 | 82-83 | എൽ.എഫ്.കെ(എം.എൽ) 1135/90/27.9.90 | 26 |
| 6 | 83-84 | എൽ.എഫ്.കെ(എം.എൽ) 1186/90/27.9.90 | 48 |
| 7 | 84-85 | എൽ.എഫ്.കെ(എം.എൽ)12344/എസ്.സി. എം.എൽ/93/8.6.93 | 41 |
| 8 | 85-86 | എൽ.എഫ്.കെ(എം.എൽ) 1186/90/27.9.90 | 16 |
| 9 | 86-87 | എൽ.എഫ്.കെ(എം.എൽ) 1103/91/21.3.92 | 21 |
| 10 | 87-88 | എൽ.എഫ്.കെ(എം.എൽ) 882/93/12.7.94/ | 19 |
| 11 | 88-89 | എൽ.എഫ്.കെ(എം.എൽ) 856/92/12.7.93 | |
| 12 | 89-90 | എൽ.എഫ്.കെ(എം.എൽ) 273/94/19.12.94/6.5.95 | 31 |
| 13 | 90-91 | എൽ.എഫ്.കെ(എം.എൽ) 529/95/9.11.95 | 29 |
| 14 | 91-92 | എൽ.എഫ്.കെ(എം.എൽ) 620/97/15.3.01 | |
| 15 | 96-97 | എൽ.എഫ്.കെ(എം.എൽ) 836/00/14.2.01 | |
| 16 | 97-98 | എൽ.എഫ്.കെ(എം.എൽ) 642/01/20.8.91 | |
| 17 | 98-99 | എൽ.എഫ്.കെ(എം.എൽ) 1286/01/2.11.02/1.1.03 | 62 |
| 18 | 99-00,00-01,01 -02(പ്ലാൻ) | എൽ.എഫ്.കെ(എം.എൽ) 116/04/22.11.04 | |
| 19 | 99-00പ്ലാൻ ഒഴികെ വരവ് ചെലവ് | എൽ.എഫ്.കെ(എം.എൽ) 475/05/2.3.06/2.6.06 | |
| 20 | 2000-01 ഫുൾ | എൽ.എഫ്.കെ(എം.എൽ)536/06തീയതി 30.12.06/9.2.07 | |
| 21 | 2002-03(ചെലവ്) | എൽ.എഫ്.കെ(എം.എൽ)736/07 തീയതി 14.8.08/30.6.08 | |
| 22 | 2003-04(ചെലവ്) | എൽ.എഫ്.കെ(എം.എൽ)737/07/തീയതി 14.8.08/9.7.08 | |
| 23 | 2004-05(ചെലവ്) | എൽ.എഫ്.കെ(എം.എൽ)738/07/ തീയതി 24.6.08/14.7.08 | |
| 24 | 2005-06(ചെലവ്) | എൽ.എഫ്.കെ(എം.എൽ)738/07 തീയതി 30.7.08/6.9.08 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിന്മേൽ എത്രയുംവേഗം നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)**
**കോട്ടയം ജില്ല.**

# ഓഡിറ്റ് സാക്ഷ്യപത്രം
## നിരാകരണ സർട്ടിഫിക്കറ്റ്

**1.ഓഡിറ്റിന്റെ വ്യാപ്തി**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994-ലെ രേള നഗരപാലിക നിയമത്തിന്റെ 295-ാം വകുപ്പും അനുസരിച്ച് പഞ്ചായത്ത്രാജ്/നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വൈക്കം നഗരസഭയുടെ 2007-08 ലെ വാർഷിക ധനകാര്യ പത്രിക (അനുബന്ധപത്രികകൾ ഒഴികെ) പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**2.ഓഡിറ്റിന്റെ അഭിപ്രായം**

എന്റെ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ വിവിധ ഖണ്ഡികകളിലും ഭാഗം നാലിലെ ഒന്നാം ഖണ്ഡികയിലും വിശദീകരിച്ചതുപോലെ എനിയ്ക്ക് നികുതി നികുതി യിതര ഇനങ്ങളുടെ കൃത്യമായ ഡിമാന്റ് (കുടിശ്സിക ഡിമാന്റ് ഉൾപ്പെടെ) വർഷാവസാന കുടിശ്ശികയുടെ കൃത്യത, ഋണ ശീർഷ ഇനങ്ങളിലെ വർഷാവസാന ബാദ്ധ്യത (ഡെപ്പോസിറ്റ് ബാദ്ധ്യത ഉൾപ്പെടെ) അഡ്വാൻസ് ഇനത്തിൽ ക്രമീകരിക്കാനുള്ള തുക, റവന്യൂ മൂല ധന ചെലവുകളുടെ വർഗ്ഗീകരണത്തിന്റെ കൃത്യത വരവ്/ ചെലവ് ഇനങ്ങളിലെ ക്ലാസിഫിക്കേഷനിലെ കൃത്യത 31.3.08 പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത മുതലായവ പൂർണ്ണമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല. ലഭ്യമായ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ എന്റെ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട വരുമാനത്തിൽ കുറവ് വന്നതുമൂലമുള്ള നഷ്ടം വന്നിട്ടുണ്ടെന്നും ചെലവായ തുകകൾ ശരിയായ ഉദ്ദേശങ്ങൾക്കുവേണ്ടിയാണോ വിനിയോഗിച്ചതെന്നും ഈ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് വൈക്കം നഗരസഭയുടെ 2007-08 ലെ വരവു ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുവെന്നോ ഉള്ള അഭിപ്രായം രേഖപ്പെടുത്താൻ സാധിക്കുന്നില്ല.

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)**
**കോട്ടയം ജില്ല.**

എം.ജി.11.8.10